കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത്

# ജനകീയ ആസൂത്രണ പ്രസ്ഥാനം




# സമഗ്ര വികസന റിപ്പോർട്ട്



1. പി.എം.എം. ആശുപത്രി
2. ചെങ്ങൽ കോൺവെന്റ് H.S
3. കാഞ്ഞൂർ St. സെബാസ്ററ്യൻ H.S
4. കാഞ്ഞൂർ കോൺവെന്റ് G.H.S
5. വിമലാ ആശുപത്രി.
6. റജിസ്ററർ ആഫീസ്
7. അകവൂർ H.S.
8. പ്രൈമറി ഹെൽത്ത് സെന്റർ
9. വില്ലേജ് ആഫീസ്
10. ശക്തൻ തമ്പുരാൻ സ്മാരകം.
11. പുതിയേടം UPS
12. പാറപ്പുറം MK MLPS
13. പാറപ്പുറം MW സെന്റർ
14. യൂണിയൻ സ്കൂൾ, കാഞ്ഞൂർ.

## എഡിറ്റോറിയൽ ബോർഡ്

| | | | |
|---|---|---|---|
| 1. | ശ്രീമതി. | പത്മാവതി പൊന്നപ്പൻ | (പ്രസിഡൻറ്) |
| 2. | ശ്രീ. | വി. ഡി. ശശീന്ദ്രൻ | (വൈസ് പ്രസി.) |
| 3. | ,, | എം. ഉണ്ണിമേനോൻ | (ഗ്രാമപഞ്ചാ: മെമ്പർ) |
| 4. | ,, | എം. ഐ. ദേവസ്സിക്കുട്ടി | ,, |
| 5. | ,, | എം. ജി. ഗോപിനാഥ് | |
| 6. | ,, | കെ. പൊന്നപ്പൻ | |
| 7. | ,, | തോമസ് കോയിക്കര | |
| 8. | ,, | പി. അശോകൻ | |
| 9. | ,, | വി. എസ്സ്. വർഗ്ഗീസ് | |
| 10. | ,, | പി. കെ. വർഗ്ഗീസ് | |
| 11. | ,, | ജോസ് തളിയൽ | |
| 12. | ,, | എം പി. സേതുമാധവൻ | |

## വിഷയവിവരം


1. ആമുഖം
2. പൊതുവിവരണം.
3. സാമൂഹ്യസാംസ്കാരിക ചരിത്രം.
4. കൃഷി, ജലസേചനം.
5. മത്സ്യമേഖല, മൃഗപരിപാലനം
6. വിദ്യാഭ്യാസം.
7. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം.
8. വ്യവസായം.
9. റോഡുകൾ, ഊർജ്ജം.
10. ഭവനനിർമ്മാണം. ക്ഷേമപ്രവർത്തനം
11. സംസ്ക്കാരം.
12. വനിത.
13. സഹകരണമേഖല.
14. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം.
15. വിഭവസമാഹരണം.

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

# ജനകീയ ആസൂത്രണം

# സമഗ്രവികസനരേഖ

## ആ മു ഖം



ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് അമ്പതുവർഷം പൂർത്തിയാവുകയാണ്. ഐതിഹാസികമായ സമരങ്ങളിലൂടെയാണ് നാം സ്വാതന്ത്ര്യം നേടിയത്. ഗ്രാമസ്വരാജിലൂടെ മാത്രമേ ജനകോടികളുടെ മോചനം സാദ്ധ്യമാകൂ എന്ന് ഗാന്ധിജി പ്രഖ്യാപിച്ചത്, ഭാരതത്തിലെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത് എന്നതുകൊണ്ടാണ്. കഴിഞ്ഞ 49 വർഷത്തെ പ്രവർത്തനം കൊണ്ട് പല നേട്ടങ്ങളും കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഗാന്ധിജി വിഭാവനം ചെയ്ത ലക്ഷ്യത്തിൽ എത്തിച്ചേരാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

മെച്ചപ്പെട്ട ജീവിതസാഹചര്യം പല മേഖലകളിലും ഉണ്ടായിട്ടുണ്ടെങ്കിലും അസന്തുലിതമായ വികസനം മൂലം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം വർദ്ധിപ്പിക്കുവാനേ കഴിഞ്ഞിട്ടുള്ളൂ. ദാരിദ്ര്യമേഖലക്ക് താഴെയുള്ളവരുടെ പ്രശ്നങ്ങൾ പലതും ഇന്നും അവശേഷിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നാളിതുവരെ നടത്തിയ വികസനപ്രക്രിയയിലൂടെ ആസൂത്രണത്തിന്റെ പോരായ്മയാണ് ഇതു ചൂണ്ടിക്കാണിക്കുന്നത്.

അടിസ്ഥാനപരമായ ആവശ്യങ്ങൾ പൂർണ്ണതോതിൽ വിലയിരുത്തിക്കൊണ്ടുള്ളതായിരുന്നില്ല മുൻ പഞ്ചവത്സര പദ്ധതികൾ. മുൻ പദ്ധതികൾ വികസനരംഗത്ത് വളരെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പലതും നിറ

വേറ്റപ്പെടാൻ ബാക്കിയായിത്തന്നെ കിടക്കുന്നു. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മപ്രശ്നം തന്നെ ഉദാഹരണം.

കേന്ദ്രീകൃതവും പരസ്പരബന്ധമില്ലാത്തതുമായ ഡിപ്പാർട്ടുമെന്റു പദ്ധതികളുടെ ശൈലി മാറ്റണമെന്ന ചിന്തകളിലൂടെയാണ് "ഒമ്പതാം പദ്ധതി, ജനകീയ പദ്ധതി" എന്ന ആശയം ഉരുത്തിരിഞ്ഞത്. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ളവരുടെ ആവശ്യങ്ങളും അനുഭവം കൊണ്ടു നേടിയ അഭിപ്രായങ്ങളും കേട്ടറിഞ്ഞും കണ്ടറിഞ്ഞും നിലവിലുള്ള ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും ഒരു പുതിയ ആസൂത്രണ പ്രക്രിയക്കാണ് ഇപ്പോൾ രൂപം കൊടുത്തിട്ടുള്ളത്.

കേരളത്തിന്റെ ഈ ജനകീയ ആസൂത്രണപ്രസ്ഥാനം ആഗോളതലത്തിൽ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ പരിമിതമായ പ്രവർത്തനമേഖലയിൽ നിന്നും മാറി ജനാധികാരസഭയായി രൂപം കൊള്ളുകയാണ്. സംസ്ഥാനപദ്ധതിയുടെ 40% ത്തോളം തുക പദ്ധതികൾ നടപ്പാക്കാൻ ജനങ്ങൾക്ക് നേരിട്ടു നല്കപ്പെടുകയാണ്.

മേൽ വിവരിച്ച് അടിസ്ഥാന ഘടകങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിശേഷാൽ ഗ്രാമസഭകൾ എല്ലാ വർഡിലും വിളിച്ചു കൂട്ടി. ഈ ഗ്രാമസഭകളിൽ നടത്തിയ ചർച്ചകൾ, അതിൽ നിന്നു ഉരുത്തിരിഞ്ഞു വന്ന ആവശ്യങ്ങൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, അതോടൊപ്പം ഉയർന്നു വന്ന വിമർശനങ്ങൾ ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ടുള്ളതാണ് ഈ സെമിനാറിൽ അവതരിപ്പിക്കുന്ന വികസന റിപ്പോർട്ടിന്റെ അടിത്തറ.

സർക്കാരിന്റേയും സംസ്ഥാന ആസൂത്രണബോർഡിന്റേയും മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് 2- 10- 96 നു ഗ്രാമപഞ്ചായത്തുതലത്തിൽ ഏകദിന ശില്പശാല നടത്തി. തുടർന്ന് എല്ല വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ കൂടി ആവശ്യങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്ത് റിപ്പോർട്ടുകൾ തയ്യറാക്കി റിസോഴ്സ് പെഴ്സൺമാർക്കും ഉദ്യോഗസ്ഥർക്കുമുള്ള രണ്ടാം ഘട്ട പരിശീലന ക്യാമ്പ് തുടർന്ന് 10-11-96നു നടത്തി. വാർഡുകളിൽ 16-11-96 നു പഠനപര്യടനം നടത്തി. അടിസ്ഥാനവിവരശേഖരണത്തിനായി എല്ല വാർഡുകളിലും ഭവന സർവ്വേയും നടത്തി.

പൂർണ്ണമായും ഒരു കർഷക മേഖലയാണ് നമ്മുടേത്. ആവശ്യങ്ങൾ ഏറെയാണ്. തൊഴിലില്ലായ്മ രൂക്ഷമാണ്. ഊർജ്ജ പ്രതിസന്ധിയും വർദ്ധിച്ചു വരുന്നു. കാർഷികോല്പന്നങ്ങളുടെ വിലയിടിവും ഉല്പാദന ചിലവിന്റെ വർദ്ധനയും മൂലം കാർഷിക മേഖല പ്രതിസന്ധിയിലാണ്. ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം തുച്ഛമാണ്. അതിൽ നിന്നുതന്നെ ഭരണച്ചിലവു കഴിച്ചാൽ ലഭിക്കുന്നത് 40% ത്തോളം മാത്രമാണ്. ഇതുകൊണ്ട് വികസന പ്രക്രിയകളൊന്നും നടക്കുകയില്ല. ഈ പരിമിതികൾ മുന്നിൽ കണ്ടുകൊണ്ട് അടുത്ത പഞ്ചവത്സരപദ്ധതിയിൽ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുവാനും അതിനാവശ്യമായ വിഭവം നേടിയെടുക്കുവാനും നമുക്കു കഴിയട്ടെ എന്നു പ്രത്യാശിക്കുന്നു.

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത

## പൊതുവിവരണം

| | | |
|---|---|---|
| 1.ഗ്രാമപഞ്ചായത്തിന്റെ പേര് | - | കാഞ്ഞൂർ |
| 2.ഉൾപ്പെടുന്ന വില്ലേജുകൾ | - | വടക്കും ഭാഗം, കിഴക്കും ഭാഗം |
| 3.ബ്ലോക്ക് പഞ്ചായത്ത് | - | അങ്കമാലി |
| 4.ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | - | ചെങ്ങൽ, കാഞ്ഞൂർ |
| 5.ജില്ലാ പഞ്ചായത്ത് (ജില്ല) | - | എറണാകുളം |
| 6. ജില്ലാ പഞ്ചായത്ത് ഡിവിഷൻ | - | കാലടി |
| 7. താലൂക്ക് | - | ആലുവാ |
| 8. അസംബ്ലി നിയോജകമണ്ഢലം | - | അങ്കമാലി |
| 9. പാർലമെന്റു നിയോജകമണ്ഢലം | - | മുകുന്ദപുരം |
| 10. അതിരുകൾ | - | വടക്ക്<br>കാലടി പഞ്ചായത്ത്,<br>അങ്കമാലി മുനിസിപ്പാലിറ്റി<br>കിഴക്ക്<br>പെരിയാർ,<br>തെക്ക്<br>പെരിയാർ<br>ശ്രീമൂലനഗരം പഞ്ചായത്ത്<br>പടിഞ്ഞാറ്<br>ശ്രീമൂലനഗരം പഞ്ചായത്ത് |
| 11. വാർഡുകൾ | - | 10 |
| 12. വിസ്തീർണ്ണം | - | 14.32 ച.കി.മീറ്റർ |
| 13 ജനസംഖ്യ | - | 19712 (1991 സെൻസസ്) |
| 14. വോട്ടർമാർ | - | 14723 |

15.സർക്കാർ സ്ഥാപനങ്ങൾ (സംസ്ഥാനം) - 10

16 പോസ്റ്റാഫീസുകൾ - 3

17. ഹൈസ്കൂളുകൾ - 4

18 യു. പി. സ്കൂളുകൾ - 1

19. എൽ. പി. സ്കൂളുകൾ - 4

20. ബാലവാടികൾ - 5

21. അംഗൻവാടികൾ - -

22 സഹകരണസംഘങ്ങൾ - 4

23. ക്ഷീര ,, - 3

24. സിനിമാശാലകൾ - 1

25 ഗ്രന്ഥ വായനശാലകൾ - 6

26 ഇറിഗേഷൻ പദ്ധതികൾ - 10

27 ക്ഷേത്രങ്ങൾ - 12

28 കൃസ്ത്യൻ പള്ളികൾ - 4

29. മുസ്ലിം പള്ളികൾ - 4

30 ആർട്ട്സ് ക്ലബ്ബുകൾ - 4

31 സപോർട്സ് ക്ലബ്ബുകൾ - 18

32 ഹരിജൻ കോളനികൾ - 5

33 ലക്ഷം വീട് കോളനികൾ - 5

34 നാലുസെന്റ് കോളനികൾ - 7

35 ആസ്പത്രികൾ - സർക്കാർ - 2

36 ,, - പ്രൈവറ്റ് - 2

36 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ - 2

37 കിന്റർ ഗാർഡൻ - 3

38 നഴ്സറി സ്കൂൾ - 1

39 ചരിത്രസ്മാരകങ്ങൾ - 2

# ഭരണം



പഴയ വെള്ളാരപ്പിള്ളി പഞ്ചായത്ത് വിഭജിക്കപ്പെട്ട് കാഞ്ഞൂർ, ശ്രീമൂലനഗരം പഞ്ചായത്തുകളായി- കാഞ്ഞൂർ പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ട് ശ്രീ പാറയ്ക്കൽ യോഹന്നാൻ അവർകളായിരുന്നു. മുൻകാല പ്രസിഡണ്ടുമാർ താഴെ പറയുന്നവരായിരുന്നു.

1. ശ്രീ. പാറയ്ക്കൽ യോഹന്നാൻ
2. ശ്രീ. വയറോണി
3. ശ്രീ. പി. റ്റി, കുരുവിള
4. ശ്രീ. പി. വൈ. സ്കറിയ
5. ശ്രീ. എം. എസ്. രാമൻ പിള്ള
6. ശ്രീ. സി. കെ. കുമാരൻ
7. ശ്രീമതി കമലം സെബാസ്റ്റ്യൻ
8. ശ്രീ. എം. ഉണ്ണിമേനോൻ

**ഇപ്പോഴത്തെ ഭരണസമിതി 2 – 10 – 95 ൽ അധികാരമേറ്റു.**
**താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് സമിതി.**

| | | |
|---|---|---|
| 1 | ശ്രീമതി പത്മാവതി പൊന്നപ്പൻ | – പ്രസിഡണ്ട് |
| 2 | ശ്രീ വി. ഡി. ശശിധരൻ | – വൈസ് പ്രസിഡണ്ട് |
| 3 | ശ്രീമതി അല്ലി ശശി | – സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ |
| 4 | ശ്രീ ദേവസ്സിക്കുട്ടി പൊന്തേമ്പിള്ളി | – മെമ്പർ |
| 5 | ശ്രീ പി. പി. രാഘവൻ മാസ്റ്റർ | – " |

*contd....*

| | | |
|---|---|---|
| 6 ശ്രീ എം. ഉണ്ണിമേനോൻ | - | മെമ്പർ |
| 7 ശ്രീ എം. പി. കുര്യച്ചൻ മാസ്റ്റർ | - | " |
| 8 ശ്രീ എം. ഐ. ദേവസ്സിക്കുട്ടി | - | " |
| 9 ശ്രീമതി ചിന്നമ്മ മത്തായി | - | " |
| 10 ശ്രീമതി സലീമ സുബൈർ | - | " |

ബ്ലോക്കു പഞ്ചായത്ത് മെമ്പർമാർ

1. ഡോ. ഗീത സജീവൻ - കാഞ്ഞൂർ ഡിവിഷൻ

2. ശ്രീ. കെ. വി. ഷാജി - ചെങ്ങൽ ഡിവിഷൻ

ജില്ലാ പഞ്ചായത്ത് മെമ്പർമാർ

ശ്രീ. പി. കെ. ഇബ്രാഹിം കുട്ടി - കാലടി ഡിവിഷൻ

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് - ശ്രീ തോമസ് ഐക്കരേത്ത്

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് - പി. കെ. ഇബ്രാഹിം കുട്ടി

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി - റ്റി. എ. അരവിന്ദാക്ഷൻ

# സാമൂഹ്യ സാംസ്കാരിക ചരിത്രം

പഴയ കൊച്ചി രാജ്യത്തിലെ അതിശക്തനായ രാജാവായിരുന്ന ശക്തൻ തമ്പുരാന്റെ ജന്മം കൊണ്ട് പ്രസിദ്ധമാണ് വെള്ളാരപ്പിള്ളി കോവിലകം. ഈ കോവിലകം ഇന്നും ഇവിടെയുണ്ട്. കാഞ്ഞൂർ പഞ്ചായത്ത് ഉടലെടുക്കുന്നതിനു മുമ്പ് വെള്ളാരപ്പിള്ളിയായിരുന്നു പഞ്ചായത്ത്. കോവിലകം സ്ഥിതി ചെയ്യുന്നത് പുതിയേടത്താണ്. പഴയ കൊച്ചി രാജാവിന്റെ ആസ്ഥാനം, ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി, മാറ്റേണ്ടി വന്നു – അതിനു വേണ്ടി പുതിയ ഇടം കണ്ടെത്തേണ്ടി വന്നു. അങ്ങനെ കണ്ടെത്തിയ പുതിയ ഇടമായതിനാലാണ് പുതിയേടമായത് എന്നാണ് പഴമക്കാർ പറയുന്നത്.

വെള്ളാരപ്പിള്ളി പഞ്ചായത്ത് വിഭജിക്കപ്പെട്ട് കാഞ്ഞൂർ, ശ്രീമൂലനഗരം പഞ്ചായത്തുകളായി. ശ്രീമൂലനഗരം പഞ്ചായത്തിലെ ചൊവ്വരയിലായിരുന്നു കൊച്ചി രാജ്യത്തെ സമ്മർപാലസുകൾ – ഈ കൊട്ടാരങ്ങൾ അടുത്തകാലം വരെ നിലനിന്നിരുന്നു. ചൊവ്വരെ തീപ്പെട്ട തമ്പുരാനെ അടക്കം ചെയ്തത് വെള്ളാരപ്പിള്ളി കോവിലകത്താണ്. അദ്ദേഹത്തിന്റെ ശവകുടീരം സ്മാരകമായി ഇന്നും ഇവിടെ സ്ഥിതി ചെയ്യുന്നു. ചുരുക്കത്തിൽ കൊച്ചി രാജ്യ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ട ചരിത്രമാണ് ഈ പ്രദേശത്തിനുള്ളത്.

പഴയ തിരുവിതാംകൂറിന്റെ ഭാഗങ്ങളായിരുന്നു വെള്ളാരപ്പിള്ളിക്കു ചുറ്റുമുണ്ടായിരുന്നത്. കിഴക്കും തെക്കും വശങ്ങളിൽ പെരിയാറും.

കേരളത്തിന്റെ സാംസ്കാരിക, അദ്ധ്യാത്മിക സാഹിത്യ ചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണ് ഈ പ്രദേശത്തിനും ചുറ്റുപാടുമുള്ളത്. ശങ്കരാചാര്യരുടെ ജന്മം കൊണ്ട് പുണ്യമായ കാലടി ഇവിടെ നിന്നും 3 കി.മീറ്റർ അകലെ മാത്രമാണ്. കാലടിയെ തഴുകി വരുന്ന പൂർണ്ണാനദി (പെരിയാർ) കാഞ്ഞൂരിനെയും അനുഗ്രഹിച്ചു കൊണ്ടാണ് പോകുന്നത്. കൃസ്തുമത ദേവാലയമായ പ്രസിദ്ധമായ മലയാറ്റൂർ പള്ളിയും കുരിശുമുടിയും കാലടിയിൽ നിന്നും 8 കി.മീറ്റർ കിഴക്ക് പെരിയാർ തീരത്തു തന്നെ സ്ഥിതി ചെയ്യുന്നും. ഹിന്ദു നവോത്ഥാനത്തിന്റെ ശക്തിസ്രോതസ്സായിരുന്ന ശ്രീശങ്കരാചാര്യരുടെ ജന്മം കൊണ്ട് പുണ്യമായ കാലടിയുടെയും കൃസ്തുമതാ പ്രവാചകനാ

യിരുന്ന സെന്റ് തോമസ്സിന്റെ അന്ത്യ വിശ്രമസ്ഥാനമായ മലയാറ്റൂരിന്റെയും സാമിപ്യം ഈ രണ്ടു മതസ്ഥരുടെയും മൈത്രീ ബന്ധത്തിന് പഴയകാലം മുതൽ തന്നെ കാഞ്ഞൂരിന് അനുഗ്രഹം നൽകിയിട്ടുണ്ട്. ഈ മമതാബന്ധം എല്ലാ വിഭാഗം മതസ്ഥരുമായും പുലർത്തിപ്പോരുന്നതിനുള്ള സാംസ്കാരികോന്നതി ഈ പ്രദേശത്തെ ജനങ്ങൾക്ക് ചരിത്രപരമായ പശ്ചാത്തലം കൊണ്ടു തന്നെ കിട്ടിയിട്ടുണ്ട്.

പുതിയേടം ദേവീ ക്ഷേത്രം കൊച്ചി രാജവംശത്തിന്റെ കുടുംബ ക്ഷേത്രം തന്നെയായിരുന്നു. ആയിരത്തോളം കൊല്ലത്തെ പഴക്കം ഈ ക്ഷേത്രത്തിനുണ്ടെന്നു വിശ്വസിക്കപ്പെടുന്നു. ഈ ക്ഷേത്ര നടയിൽ നിന്നും ഒരു കി. മീറ്റർ അകലെ മാത്രമാണ് പ്രസിദ്ധമായ വി. സെബസ്ത്യനോസ് പുണ്യവാളന്റെ പള്ളി.

പള്ളി സ്ഥാപിച്ചിട്ട് ആയിരത്തോളം കൊല്ലമായിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. ഇപ്പോഴത്തെ പള്ളിക്ക് 400–ൽപരം വർഷങ്ങളുടെ പഴക്കമുണ്ട്. ശക്തൻ തമ്പുരാൻ പള്ളിക്കു സംഭാവന ചെയ്ത ആനവിളക്ക്, തുടൽവിളക്ക്, കോൽവിളക്ക് എന്നിവ ഇന്നും സൂക്ഷിച്ചു വച്ചിരിക്കുന്നു. പള്ളി പെരുന്നാളിന്റെ എഴുന്നള്ളിപ്പ് ഇന്നും ദേവീ ക്ഷേത്ര നട വരെ പോവുന്നു. ദേവിയും പുണ്യവാളനും സഹോദരീ സഹോദരന്മാരായിരുന്നു എന്നാണ് പഴമക്കാരുടെ വിശ്വാസം. എന്തായാലും മത സൗഹാർദ്ദത്തിന്റെ മകുടോദാഹരണമാണ് ഈ ചടങ്ങുകൾ.

ഈ ദേവാലയത്തിലെ അൾത്താരയിലെ ഇലച്ചായത്തിൽ രചിച്ച ചിത്രങ്ങൾ പോർത്തുഗീസ് ശൈലിയിലുള്ളതാണ്. ടിപ്പുവിന്റെ പടയോട്ടത്തെ സ്മരിക്കുന്ന കളർ ചിത്രങ്ങൾ പള്ളിചുമരിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. പഴയ ദേവാലയത്തിലെ കരിങ്കൽ ശില്പവേലകൾ, ചുമരിൽ കരിങ്കല്ലിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ള പുരാതന ലിപികൾ എന്നിവ ഈ ആരാധനാലയത്തിന്റെ പഴക്കത്തെയും ചരിത്രബന്ധങ്ങളെയും സൂചിപ്പിക്കുന്നു. ഇവിടത്തെ ഒറ്റക്കൽ മാമ്മോദിസ തൊട്ടി, ഒറ്റക്കൽ കുരിശ് എന്നിവ അത്ഭുതകരങ്ങളാണ്.

മലയാള സാഹിത്യ ചരിത്രത്തിൽ ഒരു പ്രത്യേക പന്ഥാവു വെട്ടിത്തെളിച്ച് ചിരപ്രതിഷ്ഠ നേടിയ വെൺമണി കൃതികളുടെ കർത്താക്കന്മാരുടെ ഇല്ലം ഈ പഞ്ചായത്തതൃത്തിയോടു ചേർന്നു കിടക്കുന്നു. പ്രസിദ്ധമായ അകവൂർമന പഴയ കൊച്ചി രാജ്യത്തിലെ സാംസ്കാരിക കേന്ദ്രമായിരുന്നു. അതും കാഞ്ഞൂരിന്റെ പരിസരത്തു തന്നെയാണ്. ആദ്യത്തെ ജ്ഞാനപീഠം പുരസ്കാരം നേടിയ മഹാകവി ജി.ശങ്കരക്കുറുപ്പിന്റെ ജന്മ

സ്ഥലം കാഞ്ഞൂർ ഗ്രാമ പഞ്ചായത്തതൃത്തിയിൽ നിന്നും ഒരു കി.മീറ്റർ മാത്രം അകലത്താണ്. ഈ പ്രദേശങ്ങൾ ആദ്ധ്യാത്മിക, സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു എന്നു ചുരുക്കം.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത പലരും ഇന്നും ഈ പഞ്ചായത്തിലുണ്ട്. രാഷ്ട്രശില്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇവിടെ വന്നു പ്രസംഗിച്ചിട്ടുമുണ്ട്.

സാമൂഹ്യപരിഷ്ക്കരണത്തിന്റെ ഭാഗമായി നടന്ന ക്ഷേത്ര പ്രവേശന സമരങ്ങളിൽ ഇവിടത്തെ പ്രബുദ്ധരായ പലരും പങ്കെടുത്തിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്തെ വളർച്ചക്ക് കാഞ്ഞൂർ ദേവാലയവും കർമ്മലീത്താ കോൺഗ്രഗേഷനും വഹിച്ച പങ്ക് ഇവിടെ രേഖപ്പെടുത്താൻ സന്തോഷമുണ്ട്.

"കാഞ്ഞൂർ" എന്ന പേരിന്റെ ഉത്ഭവത്തെക്കുറിച്ച് ചരിത്രപരമായ രേഖകളില്ല. പ്രശസ്തനായ ഒരു സംസ്കൃത പണ്ഡിതൻ ഇവിടെ ഉണ്ടായിരുന്നുവെന്നും, പൂർണ്ണാനദിയാൽ ചുറ്റപ്പെട്ട് ഫലഭൂയിഷ്ടമായ - കനകം വിളയുന്ന - നാടായി ഇതിനെ ചിത്രീകരിച്ചിരുന്നുവെന്നും അങ്ങനെ "കനക ഊർ" ഉണ്ടായി എന്നും "കനക ഊർ" ലോപിച്ച് "കാഞ്ഞൂർ" ആയി എന്നും പഴമക്കാർ പറയുന്നു. കനകം വിളയുന്ന മണ്ണു തന്നെയാണ് ഈ ഭൂമി.

# കൃഷി ജലസേചന മാർഗ്ഗം



കാഞ്ഞൂർ പഞ്ചായത്തിൽ കൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ചു വിവരിക്കുന്നതിനു മുൻപ് പാദം, വാരം വ്യവസ്ഥകളിൽ കൃഷിനിലങ്ങളും പുരയിടങ്ങളും കൈവശംവച്ചുകൊണ്ടിരുന്ന സാഹചര്യത്തെക്കുറിച്ചു സൂചിപ്പിച്ചു പോകുന്നത് കാർഷിക മേഖലയുടെ പശ്ചാത്തലം പൊതുവിൽ ഉൾക്കൊള്ളുന്നതിന് സഹായകരമായിരിക്കും.

**പൊതു സ്വഭാവം**

പഞ്ചായത്തിൽ കൃഷിയിടങ്ങളും, പുരയിടങ്ങളും ജന്മിമാരുടേയും, ഭൂ ഉടമകളുടേയും ഉടമസ്ഥതയിലായിരുന്നു. പാട്ടഭൂമികളെ സംബന്ധിച്ചു പാട്ടക്കുടിശികക്കു വിധേയരായവരും, അല്ലാത്തവരും ഒഴിപ്പിക്കൽ ഭീഷണിയെ നേരിട്ടുകൊണ്ടിരുന്നു. മാത്രമല്ല അക്രമ പാട്ടവും, പാട്ടം അളക്കുമ്പോൾ അതിൽ വാരിയും, ഓണക്കാഴ്ചച് തുടങ്ങിയ മറ്റു ചൂഷണങ്ങളും കൃഷിക്കാരെ വീർപ്പുമുട്ടിച്ചുകൊണ്ടിരുന്നു. സഹിക്കാൻ വയ്യാത്ത ഈ സാഹചര്യത്തിനെതിരെ കൃഷിക്കാർ സംഘടിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങി. അങ്ങിനെ ഈ പഞ്ചായത്തിൽ കർഷകസംഘത്തിന്റെ പ്രവർത്തനം 1950 ൽ നിലവിൽ വന്നു. 1951 ൽ കർഷകസംഘത്തിന്റെ താലൂക്കു സമ്മേളനം ഈ പഞ്ചായത്തിൽ വച്ച് രണ്ട് ദിവസമായി നടന്നു. ഈ സമ്മേളനത്തിൽ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നിരവധി കർഷക പ്രതിനിധികൾ പങ്കെടുത്തിരുന്നു. രണ്ടു ദിവസത്തെ വിശദമായ ചർച്ചകൾക്ക് ശേഷമാണ് പ്രധാനങ്ങളായ തീരുമാനങ്ങളെടുത്തുകൊണ്ടാണ് സമ്മേളനം പിരിഞ്ഞത്. പ്രധാനമായും അക്രമപാട്ടത്തിനെതിരേയും, ഒഴിപ്പിക്കലിനെതിരേയും സംഘടിച്ചു സമരത്തിന് എല്ലാ വിധ കൈവശക്കാരേയും ബോധവൽക്കരിക്കുന്നതിനും തീരുമാനിച്ചുകൊണ്ടാണ്. ഈ തീരുമാന പ്രഖ്യാപനം ജനങ്ങളിൽ പ്രതീക്ഷകളും ആശങ്കകളും ഉയർത്തി. ആശങ്കകൾക്കു കാരണം ജന്മി , നാടുവാഴികളുടെ കാലം, പോലീസും മറ്റു ഭരണസംവിധാനങ്ങളും അവർക്ക് അനുകൂലം. എങ്കിൽകൂടി ധാരാളം കൃഷിക്കാർ ഈ സമ്മേളന തീരുമാനത്തെ ജനങ്ങളുടെ ആവശ്യമാണെന്ന നിലക്ക് വളരെയധികം കൃഷിക്കാർ മുന്നോട്ടു വന്നു. അങ്ങിനെ ആദ്യമായി പാട്ടപറ മുദ്രപറയാക്കണമെന്നും മറ്റു അക്രമപിരിവുകൾ അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഈ പഞ്ചായത്തിലെ മുരിയമംഗലത്തുമന എന്ന ജന്മിയുടെ

വീട്ടുപടികുത്തിയിരിപ്പു സമരം ആരംഭിച്ചു. സമരത്തിൽ കുറച്ചു ആളുകളേ പങ്കെടുത്തുള്ളുവെങ്കിലും കക്ഷി, ജാതി ചിന്തകൾക്കും അതീതമായി കൃഷിക്കാർ അണിനിരന്നു എന്നത് അന്നത്തെ സാഹചര്യത്തിൽ എടുത്തുപറയത്തക്കതാണ്. ഈ സമരം നടന്നുകൊണ്ടിരിക്കേ ഒരു കൃഷിക്കാരൻ പാട്ടം അളക്കുന്നതിന് നെല്ല് ചാക്കിൽകെട്ടി കാളവണ്ടിയിൽ കൊണ്ടുവരികയുണ്ടായി. ഇതു കണ്ട് സമരത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന ഒരു കൃഷിക്കാരൻ ഇങ്ങനെ പറഞ്ഞു " നിങ്ങളത് ഞങ്ങളോടും ചെയ്യണം" അങ്ങിനെ ഇരുപത്തിയേഴുദിവസം നീണ്ടു നിന്ന ആ സമരം ഇരുപത്തിയെട്ടാം ദിവസം അന്നത്തെ കർഷകസംഘത്തിന്റെ നേതാക്കളായിരുന്ന പരേതനായ സി.കെ. കുമാരന്റേയും ഇന്നത്തെ ജില്ലാ പഞ്ചായത്തു പ്രസിഡന്റ് ശ്രീ. പി.കെ ഇബ്രാഹിംകുട്ടിയുടേയും നേതൃത്വത്തിൽ മനക്കൽതന്നെ വച്ചു ഒത്തു തീർപ്പുണ്ടാക്കി പാട്ടപറ മുദ്രപറയായി അംഗീകരിക്കുകയും മറ്റു പിരിവുകൾ പലതും ഉപേക്ഷിക്കുകയും ചെയ്തു. ഇത്രയും കാര്യങ്ങൾ വിവരിച്ചുള്ള കാർഷികമേഖലയുടേയും , കൃഷിക്കാരുടേയും നിലനിൽപ്പിനെക്കുറിച്ചും, അവരുടെ ആവശ്യങ്ങളേയും, അവകാശങ്ങളേയുംക്കുറിച്ച് ചിന്തിക്കുന്നതിനും ചിന്തിപ്പിക്കുന്നതിനും ഇത് ഉപകരിച്ചു. അതിനുശേഷം 1957 ൽ സർക്കാർ ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസിനെ തുടർന്ന് കാർഷിക നിയമവും കൊണ്ടുവന്നതു കൃഷിക്കാരെ സംബന്ധിച്ചും കാർഷിക മേഖലയെ സംബന്ധിച്ചും വിപ്ലവകരമായ ഒരു പരിവർത്തനത്തിനു അവസരമുണ്ടാക്കി മര്യാദപാട്ടത്തിന്റെ 12 ഇരട്ടി ഒരുമിച്ചും അല്ലെങ്കിൽ 16 ഇരട്ടി ഗഡുക്കളായും അടച്ചാൽ ഉടമാവകാശം വാങ്ങാമെന്ന നിയമം നിലവിൽ വന്നു. മാത്രമല്ല ട്രിബൂണലുകളിൽ ഉടമാവകാശത്തിന് അപേക്ഷ ഇവിടെ വന്ന് വക്കീൽ നേരിട്ടു വാങ്ങിക്കൊണ്ടുപോവുകയും 60 ക മാത്രം എല്ലാച്ചിലവിനും കൂടികൊടുത്താൽ മതി എന്ന തീരുമാനവും കൃഷിക്കാർക്ക് ഒട്ടേറെ പ്രയോജനം ചെയ്തു. അതിന് ശേഷം കൃഷിക്കാർക്ക് കൃഷിനാശത്തിന് നഷ്ടപ്രതിഫലം, വളത്തിന് സബ്സീഡി തുടങ്ങിയ ആനുകൂല്യങ്ങൾ പരിമിതമായിട്ടാണെങ്കിലും ലഭിക്കുന്നുണ്ടെങ്കിൽക്കൂടി കാർഷിക മേഖല തകരുകയും കൃഷിക്കാരൻ പാപ്പരാവുകയും കൃഷിയിൽ നിന്നും കൃഷിക്കാർ പിന്തിരിയുകയും ഭാവിയെ അപകടത്തിലേക്കും നയിക്കുന്ന ഒരു പ്രതികൂല സാഹചര്യത്തിലാണ് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഈ മേഖലയെ കാണേണ്ടത്.

## നെൽകൃഷി

കൃഷിനിലം ഒരുക്കുന്നതിന് കാളകളെ പൂട്ടി കലപ്പകെട്ടി ഉഴുതുമറിച്ചാണ് മണ്ണ് ഇളക്കിയിരുന്നത്. അതുപോലെ തന്നെ വളമായി പച്ചില, ചാണകം , ചാരം തുടങ്ങിയവയാണ് ഉപയോഗിച്ചിരുന്നത്. ഈ വളങ്ങൾ സുലഭമായി കിട്ടികൊണ്ടിരുന്നു. വിത്തിനങ്ങളാണെങ്കിൽ, ഇട്ടികണ്ടപ്പൻ, കറത്താര്യൻ, കൊച്ചുമുണ്ടോൻ, ഞവര തുടങ്ങിയ

നാടൻ വിത്തിനങ്ങളായിരുന്നു.

ഇന്ന് ഇതിനൊക്കെ ആകെമാറ്റം വന്നു. കാളകളെക്കൊണ്ട് ഉഴുതുമറിച്ച് മണ്ണിളക്കിയ സ്ഥാനത്തു ടില്ലറുകളും ട്രാക്ടറുകളുമായി. കാരണം കാളകളെ തീറ്റ കൊടുത്തു വളർത്തുവാൻ പറ്റാത്തവിധം കാലിത്തീറ്റയുടെ വിലവർദ്ധനവും. വളത്തിന്റെ കാര്യത്തിൽ ചവറും, ചാണകം, ചാരം എന്നിവ കിട്ടാനില്ലാത്തതിനാൽ തൽസ്ഥാനത്ത് രാസവളങ്ങളാണ് ഉപയോഗിക്കേണ്ടിവന്നിരിക്കുന്നത്. മാത്രമല്ല നാടൻ വിത്തിനങ്ങളുടെ സ്ഥാനത്ത് ഇന്ന് I.R-8, ജ്യോതി, പവിഴം, കൾച്ചർ, ജയ തുടങ്ങിയ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളാണ്. അതുകൊണ്ടു തന്നെ കീടങ്ങളുടെ ശല്യവും വർദ്ധിച്ചു. തന്മൂലം കീടനാശിനികൾ ഉപയോഗിക്കേണ്ടിവരികയും, കീടനാശിനികളുടെ വില വർദ്ധന കൃഷിക്കാർക്ക് താങ്ങാനാവാത്ത വിധത്തിലുമാണ്. അതോടൊപ്പം കൃഷിപണികളുടെ കൂലിച്ചിലവും വർദ്ധിച്ചു.

കാഞ്ഞൂർ പഞ്ചായത്തിനെ നെല്ലറയെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നു. ഫലഭുയിഷ്ടമായ തുറവുങ്കരപ്പാടം പഞ്ചായത്തിന്റെ മനോഹാരിത പകരുന്ന ഒരു നീണ്ടു പരന്നുകിടക്കുന്ന പാടമായിരുന്നു. എന്നാൽ നെടുമ്പാശ്ശേരി വിമാനത്തവളത്തിനുവേണ്ടി ഈ "കനകം"വിളയുന്ന പാടശേഖരം എടുത്തു പോയതു കാഞ്ഞൂർ നിവാസികളെ എന്നും വേദനിപ്പിക്കുന്ന ഒരു സംഭവമാക്കി.

കൃഷിഭൂമിയുടെ വിസ്തീർണ്ണം പഞ്ചായത്തിൽ നിലങ്ങളായിട്ടും പുരയിടങ്ങളായിട്ടും ഉണ്ടായിരുന്നതിന്റെ 20% വരുന്ന സ്ഥലം മറ്റു പലതിനുമായി ഉപയോഗിക്കുന്നു. ബാക്കിയുള്ളതിൽതന്നെ നെൽകൃഷിയുടെ സ്ഥാനത്ത് മറ്റു കൃഷികളായ വാഴ, തെങ്ങ്, റബ്ബർ, മരച്ചീനി, പച്ചക്കറി എന്നീ കൃഷികളാക്കി മാറ്റി.

പഞ്ചായത്തിൽ പത്തു വാർഡുകളിലായി കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടി കൃഷിഭവനുകൾ വഴി നെല്ലുൽപാദക സമിതികൾ നിലവിലുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. കൃഷിനിലങ്ങളായി പഞ്ചായത്തിൽ പത്തു പാടശേഖരങ്ങളും നാലു പുഞ്ചനിലങ്ങളിലുമായി 1100. 7199 സ്ഥലത്താണ് നെൽകൃഷിയുണ്ടായിരുന്നത്. എന്നാൽ ഇന്ന് അതിൽ ഇഷ്ടിക കളങ്ങൾക്ക് വേണ്ടി ഇരുപത്തിയാറ് ഹെക്ടർ സ്ഥലം കളങ്ങൾക്കു വേണ്ടി ഉപയോഗിച്ചു വരുന്നു.

## - നിർദ്ദേശങ്ങൾ -

- കൃഷിസ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നില്ലെന്നതിന് ഉറപ്പു വരുത്തണം.
- ജലസേചനസൗകര്യങ്ങൾ നിലവിലുള്ളതു വേണ്ട സമയത്തു വേണ്ടത്ര അളവിൽ കിട്ടുന്നതിന് ഉറപ്പുവരുത്തണം.
- നിലമൊരുക്കുന്നതിന് ഒരു പാടശേഖര സമിതിക്ക് രണ്ടു ടില്ലർകൃഷിക്കാരുടെ പങ്കാളിത്ത ത്തോടെ സബിസിഡിനിരക്കിൽ നൽകണം.
- അത്യുല്പാദനശേഷിയും പ്രതിരോധശക്തിയുമുള്ള വിത്തിനങ്ങൾ കൃഷിയിറക്കുന്നതിന് പതിനഞ്ചു ദിവസം മുൻപ് നൽകണം.
- വിത്തുകൾ ഉല്പാദിപ്പിക്കുന്നതിന് പൊതു ഞാറ്റടികൾക്ക് 50 % സബ്സിഡി നല്കി നെല്ലുല്പാദക സമിതിയുടെ പങ്കാളിത്തത്തോടെ നടപ്പിൽ വരുത്തണം.
- കീടനാശിനി തളിക്കുന്നതിന് ഒരു സമിതിക്ക് രണ്ട് സ്പ്രേയർ വീതം സൗജന്യമായി നല്കണം.
- സമിതിയുടെ നേതൃത്വത്തിൽ കൂട്ടുകൃഷി സമ്പ്രദായം നടപ്പിൽ വരുത്തണം.
- കൃഷി ചെലവു വേണ്ടി വരുന്ന വായ്പാസമിതിയുടെ ശുപാർശ അനുസരിച്ച് കൃഷിക്കാർക്ക് സഹകരണ ബാങ്കിൽ നിന്നും ക്രെഡിറ്റ് കാർഡടിസ്ഥാനത്തിൽ വായ്പ കിട്ടുന്നതിന് സൗകര്യമുണ്ടാക്കണം. ഈ വായ്പ വിളവെടുക്കുമ്പോൾ തിരിച്ചു പിടിക്കുന്നതിന് സമിതിക്ക് അധികാരം വേണം. ഏതെങ്കിലും കാരണത്താൽ കൃഷി നശിച്ചാൽ വായ്പ കുടിശ്ശികയാക്കാതെ ദീർഘവായ്പയായി മാറ്റി കൊടുക്കണം.
- ജൈവവളങ്ങളുടെ ലഭ്യത കുറവു പരിഗണിച്ച് അതിന്റെ ആവശ്യകതയുടെ ഗൗരവം കണക്കിലെടുത്ത് പാടശേഖരകമ്മിറ്റിയുടെ കീഴിൽ പത്തു കമ്പോസ്റ്റു വളക്കുഴികളുണ്ടാക്കി വളം ഉണ്ടാക്കുന്നതിന് 50% സബ്സീഡി നൽകി സമിതിയുടെ പങ്കാളിത്തത്തോടെ നടപ്പിൽ വരുത്തണം. കൂടാതെ റോഡുകളിലെ ചപ്പുചവറുകൾ ഇടുന്നതിന് ഒരു വാർഡിൽ അഞ്ചുകുറ്റികൾ വീതം വയ്ക്കണം. ഇതുകൊണ്ടുപോകുന്നതിന് ഒരു സമിതിക്ക് ഒരു വണ്ടി വീതം നല്കണം.
- വിളവെടുപ്പു കഴിഞ്ഞാൽ നെല്ലുല്പാദകസമിതി നേരിട്ടോ കൃഷിക്കാരൻ നേരിട്ടോ നെല്ല് വില്ക്കുന്നതിനും, അതു സഹകരണബാങ്കുകൾ വഴി സംഭരിച്ചു ന്യായവില കിട്ടുന്നതിനും ഉറപ്പുവരുത്തണം.

- വിത്തുകൾ സൂക്ഷിക്കുന്നതിന് ഒരു സമിതിക്ക് ഒരു സ്റ്റോർ കെട്ടിടം ഉണ്ടായിരിക്കണം.
- ഒരു സമിതിയുടെ കീഴിലുള്ള കൃഷികൾ ഗ്രൂപ്പ് ഇൻഷ്വർ ചെയ്യണം.
- കൃഷിയിടങ്ങളിൽ സമിതിയുടെ നേതൃത്വത്തിൽ ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കണം.
- കൃഷിയുടെ ഒരു പ്രധാന ഘടകമാണ് കൃഷി പണിക്കാർ. ഇന്ന് ഈ പണിക്ക് ആളുകളെ കിട്ടാനില്ലെന്നതാണ് സ്ഥിതി. കർഷകത്തൊഴിലാളി യൂണിയന്റെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും പണിക്ക് ആവശ്യമായ ആളുകളെ കിട്ടുന്നതിന് ഉറപ്പു വരുത്തണം. കൂലി തീരുമാനിക്കുന്നത് യൂണിയൻ സമിതികൂടി കൂട്ടായി ചർച്ചചെയ്തിട്ടുവേണം. കൃഷി നശിച്ചുകഴിഞ്ഞാൽ സൗജന്യനിരക്കിൽ പണി നടത്തുന്നതിന് സൗകര്യമുണ്ടാകണം.
- കൃഷിക്കാർക്ക് പെൻഷൻ സമ്പ്രദായം നടപ്പിൽ വരുത്തണം. ഒരു കൃഷിക്കാരന് മാസം 250 ക എന്ന നിരക്കിൽ പെൻഷൻ പഞ്ചായത്തുവഴി നൽകണം. സമിതി കൃഷിക്കാരെ ഗ്രൂപ്പ് ഇൻഷ്വർ ചെയ്യണം.
- സർക്കാർ സർവ്വീസിൽ കൃഷിക്കാരുടെ മക്കൾക്ക് ജോലിക്ക് മുൻഗണന നൽകണം.
- കൃഷിക്കാർക്ക് അപകട മരണം സംഭവിച്ചാൽ 5000 ക. സാമ്പത്തിക സഹായം നല്കണം.

നെൽകൃഷിനിലങ്ങളിലും റബ്ബർകൃഷി വ്യാപിച്ചു വരുന്നു. ഇത് നിരുത്സാഹപ്പെടുത്തണം. എന്നാൽ കരഭൂമികളിലും പുരയിടങ്ങളിലും റബ്ബർകൃഷി പ്രോത്സാഹിപ്പിക്കണം. റബ്ബർ മരത്തിന് ഉണ്ടാകുന്ന പട്ടമുരടിപ്പ് തടയുന്നതിന് ഫലപ്രദമായ നടപടിയുണ്ടാകണം. റബ്ബറിന് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തണം. ഷീറ്റടിക്കുന്നതിന് ഉള്ള മെഷീനും ആവശ്യമായ ആസിഡും 50% സബ്സിഡി നിരക്കിൽ നൽകണം. റബ്ബർ മരങ്ങൾ ഇൻഷ്വർ ചെയ്യണം.

## പച്ചക്കറി

വളരെ സാദ്ധ്യതയുള്ള ഒന്നാണ് പച്ചക്കറികൃഷി. എല്ലാവീടുകളിലും പച്ചക്കറികൃഷി നടത്തുന്നതിന് അത്യുല്പാദന ശേഷിയുള്ള വിത്ത് സൗജന്യമായി വിതരണം നടത്തണം. രണ്ട് സെന്റു മുതൽ കൂടുതൽ സ്ഥലത്തു പച്ചക്കറികൃഷി നടത്തുന്നതിന് 50% സബ്സിഡി നിരക്കിൽ വിത്തും വളവും, കീടനാശിനി തളിക്കുന്നതിന് സ്പ്രേയറും നൽകണം. പഞ്ചായത്തിൽ പച്ചക്കറിച്ചന്തകൾ ആരംഭിച്ച് വിപണനത്തിനുള്ള സൗകര്യമുണ്ടാക്കണം.

## പയർ വർഗ്ഗങ്ങൾ

പാടശേഖരങ്ങളിൽ, നെൽകൃഷിക്കുശേഷവും വരമ്പത്തും, വാഴകൾ നടുന്നതിന്റെ തെണ്ടിലും കൃഷി നടത്താവുന്നതാണ്. ആയതിനാവശ്യമായ വിത്തിനങ്ങളായ ചെറുപയർ, ഉഴുന്ന്, മുതിര എന്നിവ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

## ജാതി

വളരെ ഔഷധപ്രധാന്യമുള്ള ഒരു ദീർഘകാലവിളയാണ്. ഈ കൃഷിയെ അംഗീകരിച്ചുകൊണ്ട് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടിവേണം. നല്ലയിനം ജാതിതൈകൾ വിതരണം നടത്തി കൃഷി വിപുലീകരിക്കാൻ നടപടി വേണം. ജാതിക്കയ്ക്കും പത്രികയക്കും ന്യായവില ഉറപ്പുവരുത്തി പൊതുസംഭരണ സംവിധാനം ഉണ്ടാക്കണം.

## കവുങ്ങ്

പഞ്ചായത്തിൽ വ്യാപകമായി ഉണ്ടായിരുന്ന ഒരു ദീർഘകാല കൃഷിയാണ് കവുങ്ങ്. എന്നാൽ മഹാളി രോഗം പിടിപെട്ടും അടയ്ക്കയുടേയും പഴുക്കയുടേയും വിലയിടിഞ്ഞതും ഈ രംഗത്തെ കൃഷിക്കാരെ നിരാശരാക്കി. എന്നാൽ വീണ്ടും ഈ കൃഷി പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ വർദ്ധിച്ചു വരുന്നു. പലയിനം തൈകളും ഇപ്പോൾ ലഭ്യമാണ്. അതുകൊണ്ടു നല്ലയിനം തൈകൾ സൗജന്യനിരക്കിൽ വിതരണം നടത്തണം.

## കുറ്റിമുല്ല

ഇത് വളരെ ലാഭകരമായ ഒരു കൃഷിയും മാർക്കറ്റുള്ളതുമാണ്. ഈ കൃഷി മഹിളായൂണിറ്റുകൾ വഴി നടത്താവുന്നതാണ്. തൊഴിൽ അവസരം സൃഷ്ടിക്കുന്നതുമാണ്. അതുകൊണ്ട് സൗജന്യനിരക്കിൽ നല്ലയിനം തണ്ടുകൾ സംഭരിച്ച് നൽകുകയും ആവശ്യമായ പണിയുപകരണങ്ങൾ സൗജന്യ നിരക്കിൽ നൽകുകയും വേണം.

## പപ്പായ

ചെലവു കുറവും ആദായകരവുമായ ഒരു കൃഷിയാണ്. പുരയിടത്തിന്റെ അതിരുകളിൽ കൃഷിചെയ്യാൻ കഴിയുന്നതാണ്. ഇതിനാവശ്യമായ കുരു സൗജന്യമായി വിതരണം നടത്തണം.

## ഇഞ്ചി, ചേന, കൂർക്ക

ഈ മൂന്നിനങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂർക്ക ഏത്തവാഴകൃഷിയോടൊപ്പം തൊണ്ടിൽ ചെയ്യാവുന്നതാണ്. ഇതിന് പ്രചരണം കൊടുക്കണം.

വളപ്രയോഗത്തെ സംബന്ധിച്ചും മറ്റും ക്ലാസ്സ് നല്കണം. ഇഞ്ചിക്കും ചേനക്കും സബ്സിഡിയോടുകൂടി വായ്പ നൽകണം.

**റബ്ബർ**

റബ്ബർതയ്യെ ബാധിക്കുന്ന പ്രധാനരോഗമാണ് പട്ടമുരടിപ്പ്. ഇതിന് തക്കതായ പരിഹാരം ഉണ്ടാക്കണം. റബ്ബർ ഷീറ്റ് സംഭരിക്കുന്നതിന് റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം രൂപീകരിക്കണം. ഷീറ്റടിക്കുന്നതിന് ആവശ്യമായ ആസിഡ്, മെഷീൻ എന്നിവ സബ്സിഡി നിരക്കിൽ നൽകണം.

**തെങ്ങുകൃഷി**

പഞ്ചായത്തിൽ എല്ലാപ്രദേശങ്ങളിലും വ്യാപിച്ചിട്ടുള്ള ഒരു കൃഷിയാണ് തെങ്ങ്. ഒരു സെന്റുള്ള ഒരു വീട്ടിലും തെങ്ങുണ്ട്. എല്ലാ കുടുംബങ്ങളുടേയും ഒരു വരുമാനമാർഗ്ഗം കൂടി രണ്ട് നാളികേരം വിറ്റാലും ഒരു നേരത്തെ അരി വാങ്ങാൻ കഴിയും. എന്നാൽ തെങ്ങിന് മാരകമായ കാറ്റുവീഴ്ച, മഞ്ഞളിപ്പ്, കൂമ്പുചീയൽ എന്നീ രോഗം വ്യാപകമാകുന്നു. ഇതിനെ യുദ്ധകാലാടിസ്ഥാനത്തിൽ തടയാൻ ശാസ്ത്രീയമായ അടിയന്തിര നടപടി വേണം. നിലവിലുള്ള കണക്കനുസരിച്ച് 81,000 തെങ്ങുണ്ട്. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 500 രൂപ ധനസഹായം നൽകണം. അത്യുല്പാദന ശേഷിയുള്ളതും രോഗപ്രതിരോധശക്തിയുള്ളതുമായ തെങ്ങിൻ തൈകൾ വിതരണം നടത്തണം. തെങ്ങുകൾ യഥാസമയത്ത് മരുന്നു തളിക്കുന്നതിന് സൗജന്യനിരക്കിൽ മരുന്നുകളും സ്പ്രേയറും പഞ്ചായത്തുവഴി കേരവികസന സമിതികൾക്ക് നൽകണം. കേരവികസനസമിതികളുടെ നേതൃത്വത്തിൽ മരുന്നു തളി നടത്തണം. ജലസേചനത്തിന് സ്ഥലപരിമിതിയില്ലാതെ കിണറും മോട്ടറും നൽകണം. സ്ഥലം കുറവാണെങ്കിൽ ഗ്രൂപ്പടിസ്ഥാനത്തിൽ നൽകാവുന്നതാണ്. കേരസമിതിയുടെ നേതൃത്വത്തിൽ തെങ്ങുകൾ ഇൻഷ്വർ ചെയ്യണം. തെങ്ങ് കൃഷിയിൽ കൃഷിക്കാർക്ക് ആത്മവിശ്വാസം പകരുന്നതിന് കൊപ്രയ്ക്ക് 4000 ക. തറവില നിശ്ചയിച്ച് സഹകരണസംഘങ്ങൾ വഴി സംഭരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. സഹകരണസംഘങ്ങൾ വഴി നാളികേരമെടുത്ത് കൊപ്ര ആക്കി സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കണം.

**ഏത്തവാഴ**

വളരെയധികം കൃഷിക്കാർ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കൃഷിയാണ്. ഇതിനാവശ്യമായ വായ്പ ഒരു വാഴയ്ക്ക് 30 ക. എന്ന നിലയ്ക്ക് 5% പലിശയ്ക്ക് സഹകരണബാങ്കുകളിൽ നിന്ന് ക്രെഡിറ്റടിസ്ഥാനത്തിൽ വായ്പ ലഭ്യമാക്കണം. കൃഷിക്കാരന്റേതല്ലാത്ത കാരണം കൃഷിക്ക് നാശം സംഭവിച്ചാൽ കുലച്ച ഒരു വാഴയ്ക്ക് 60 ക. തോതിലും കുലയ്ക്കാത്തതിന് 40 ക. തോതിലും നഷ്ടപ്രതിഫലം കൊടുക്കുവാൻ നടപടിവേണം. ഇതിനുവേണ്ടി വാഴകൾ ഇൻഷ്വർ ചെയ്യണം. നഷ്ടപ്രതിഫലസംഖ്യ കാലവിളംബം കൂടാതെ കിട്ടുന്നതിനുള്ള നടപടി വേണം.

# ജലസേചനം

പഞ്ചായത്തിലാകെ പത്തു ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുണ്ട്. ഇതിൽ ഏഴെണ്ണം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും മൂന്നെണ്ണം ജനകീയ കമ്മറ്റികളും നടത്തുന്നതാണ്. ഈ സ്കീമുകളിൽ എല്ലാംകൂടി 1218 ഹെക്ടർ സ്ഥലത്ത് ജലസേചനം ചെയ്യാൻ കഴിയേണ്ടതാണ്. എന്നാൽ 60 % സ്ഥലത്തു മാത്രമേ കഴിയുന്നുള്ളൂ. അതും വേണ്ടസമയത്തു വേണ്ട അളവിലും കഴിയാറില്ല. കാരണം മോട്ടോർപമ്പുസെറ്റുകളുടെ കേടുപാടുകളാണ്.

**ഓരോസ്കീമുകളുടേയും പൊതുസ്ഥിതി**

1) കാഞ്ഞൂർ എടനാടു സ്കീം

ഇവിടെ 150 H.P മൂന്നെണ്ണവും 125 H.P ഒരെണ്ണവുമാണ് വേണ്ടത്. ഒരു വാക്വം പമ്പാണുള്ളത്. എന്നാൽ ഈ നാലെണ്ണം ഒരിക്കലും ഒരുമിച്ചടിയ്ക്കാൻ കഴിയാറില്ല. മോട്ടോറുകളുടെ അറ്റകുറ്റപ്പണികൾ വേണ്ടസമയങ്ങളിൽ ചെയ്തു തീർക്കാറില്ല.

2) തിരുവലാഞ്ചുഴി

ഈ സ്കീമിൽ ജലനിരപ്പിൽ നിന്നും 82 അടി ഉയരത്തിലേക്കാണ് വെള്ളം അടിച്ചു കേറ്റുന്നത്. ഇവിടെ 100 H.P യുടെ നാലു മോട്ടോർ പമ്പുസെറ്റും രണ്ടു വാക്വം പമ്പുമാണ് സ്ഥാപിച്ചിരുന്നത്. എന്നാൽ ഇപ്പോൾ 100 H.p ഒന്ന്, 110H.P ഒന്ന്, 135H.P ഒന്ന് ഒരു വാക്വം പമ്പ്. വെള്ളത്തിന്റെ നിരപ്പു താഴുന്നതിൽ 100H.p യുടെ മോട്ടോർ ഒരു മീറ്റർ താഴ്ത്തി വച്ചു. ഇതു കുറേ പ്രയോജനം ചെയ്തു. ഇപ്പോൾ 110 മീറ്റർ താഴ്ത്തി വയ്ക്കുന്നതിൽ ഉള്ള പണി നടന്നുവരുന്നു. ഒരു സമയത്ത് ഈ മോട്ടോറുകൾ പലകാരണങ്ങൾകൊണ്ടും 50% സ്ഥലങ്ങൾ പോലും ജലസേചനം നടത്താൻ കഴിയാറില്ല. ഇപ്പോൾ 100 H.P മോട്ടോർ മാത്രമാണ് ഓടിക്കുന്നത്. ഈ സ്കീം റി ലിഫ്റ്റാക്കി മാറ്റണം.

3) മുരിയമംഗലം സ്കീം

ഇവിടെ 80H.P മോട്ടറാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ പരിധിയിൽ വരുന്ന 96.57 ഹെക്ടർ സ്ഥലത്ത് വെള്ളമെത്തിക്കാൻ കഴിയാറില്ല- ജനകീയകമ്മറ്റിയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടത്തിവരുന്നതാണ് സർക്കാർ ഏറ്റെടുത്തെങ്കിലും യാതൊരു നടപടിയും സ്വീകരിച്ച് പ്രയോജനത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. മോട്ടോറിന്റെ കേടുപാടുകൾ, പ്രധാനകരണമാണ്. 5500 മീറ്റർ കനാലുള്ളതിൽ 300 മീറ്റർ പൈപ്പാണ്. ഈ പൈപ്പുകൾ തുടർച്ചയായി കേടുവന്നുകൊണ്ടിരിക്കുന്നു. ബാക്കി കനാലുകൾ സ്ലാബ് വിരിക്കുകയോ, കോൺക്രീറ്റ് ചെയ്യുകയോ ചെയ്യാത്തതുകൊണ്ട് വെള്ളം നഷ്ടപ്പെട്ടു പോകുന്നു.

4) പുളിയാമ്പിള്ളി സ്കീം

ഇവിടെ 80H.P മോട്ടോറാണ് സ്ഥാപിച്ചിട്ടുള്ളത്. 75.177 ഹെക്ടർ സ്ഥലത്താണ് വെള്ളം എത്തിക്കേണ്ടത്. 880 മീറ്റർ നീളം കനാൽ സ്ലാബു വിരിച്ചതാണ്. നെടുമ്പാശ്ശേരി വിമാനത്താവളം വരുന്നതുകൊണ്ട് നായത്തോട് ഏരിയ മുറിഞ്ഞുപോകുന്നു. അതുകൊണ്ട് രണ്ടുവശത്തേക്കും ലിഡിംഗ് പാനലുണ്ടാക്കി കൂടുതൽ സ്ഥലത്ത് ഉപയുക്തമാക്കാൻ കഴിയണം.

5) കൊടിഞ്ഞിലി

ഇവിടെ 25 HP മോട്ടോറാണുള്ളത്. ചെങ്ങൽ തോട്ടിൽ നിന്നാണ് വെള്ളമടിക്കുന്നത്. 750 മീറ്റർ സ്ലാബു വിരിച്ച കനാലാണ്. മുകളിൽ വിവരിച്ച വിമാനത്താവളം മൂലം ഏരിയകുറഞ്ഞതിനാൽ നായത്തോട് ലിഡിംഗ് പാനൽ നീട്ടി കൂടുതൽ സ്ഥലത്തേക്ക് ഉപയുക്തമാക്കണം.

6) ചെങ്ങൽ

ഇവിടെ 25HP മോട്ടോറാണുള്ളത്. 54.5 ഹെക്ടർ സ്ഥലത്താണ് വെള്ളമെത്തിക്കേണ്ടത്. ഇത് ചെങ്ങൽതോട്ടിൽ നിന്നാണ് അടിയ്ക്കുന്നത്. ഇവിടെ 1200 മീറ്റർ കനാലുള്ളതിൽ 700 മീറ്റർ സ്ലാബിട്ടതും 500 മീറ്റർ കോൺക്രീറ്റുമാണ്.

7) പള്ളിക്കടവ്

ഈ സ്കീം കൊണ്ട് 96.51 ഹെക്ടർ സ്ഥലത്താണ് ജലസേചനം ചെയ്യേണ്ടത്. ഇവിടെ 100HP മോട്ടറാണുള്ളത്. ഇവിടെ 5500 മീറ്റർ നീളം കനാലുള്ളതിൽ 300 മീറ്റർ പൈപ്പും ബാക്കി മൺകനാലുമാണ്. 300 മീറ്റർ കഴിച്ചിട്ടു ബാക്കി കനാൽ സ്ലാബുവിരിക്കുകയോ കോൺക്രീറ്റ് ചെയ്യുകയോ ചെയ്യാത്തതിനാൽ വളരെയധികം വെള്ളം നഷ്ടപ്പെട്ട് പോകുന്നു.

8) കുളപ്പാട്ടിൽ

ഇവിടെ 25HP മോട്ടറാണുള്ളത്. ഇത് കാഞ്ഞൂർ സ്കീമിന്റെ കനാലിൽ നിന്നുമാണ് അടിക്കുന്നത്. ജനകീയകമ്മറ്റിയാണ് നടത്തി വരുന്നത്.

9) കൊട്ടേമ്പിള്ളിക്കടവു സ്കീം

ഈ സ്കീം ജനകീയ കമ്മറ്റി നടത്തുന്നതാണ്. മോട്ടോർ പമ്പ് സെറ്റുകളുടെ കേടുപാടുകൾ കമ്മറ്റിക്ക് പുനരുദ്ധരിക്കാൻ കഴിയാറില്ല.

10) ചെങ്ങൽ II

ഈ സ്കീം ജനകീയ കമ്മറ്റി നടത്തിവരുന്നതാണ്. വളരെയധികം സ്ഥലത്ത് ജലസേചനം ചെയ്യാൻ കഴിയുന്ന സ്കീമാണ്. ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

## - നിർദ്ദേശങ്ങൾ -

1 എല്ലാ സ്കീമിലും ഓരോ സ്റ്റെപ്പിനി മോട്ടോർ വച്ച് സെറ്റുകൾ സ്ഥാപിക്കണം. പഴയ മോട്ടോർ സെറ്റുകൾ മാറ്റി പുതിയത് സ്ഥാപിക്കണം.

2. എല്ലാ സ്കീമിലും രണ്ടു വാക്വം പമ്പുസെറ്റ് സ്ഥാപിക്കണം.

3. സമയാസമയങ്ങളിൽ മോട്ടോർ പമ്പ് സെറ്റുകൾ മെയിന്റനൻസ് നടത്തുകയും ഓവറോൾ ചെയ്യുകയോ വേണം.

4. കനാൽ മെയിന്റനൻസ് സമയാസമയങ്ങളിൽ നടത്തണം.

5. എല്ലാ കനാലുകളും കോൺക്രീറ്റ് ചെയ്യണം.

6. എല്ലാ സ്കീമിലും വാച്ചർമാരുടെ സേവനം ഉറപ്പുവരുത്തുകയും , വെള്ളം ദുരുപയോഗപ്പെടുത്താതെ ശ്രദ്ധിക്കുകയും വേണം.

7. വെള്ളം കിട്ടാത്ത പ്രദേശങ്ങളെ വെള്ളക്കരത്തിൽ നിന്നും ഒഴിവാക്കണം.

8. നിലവിലുള്ള വെള്ളക്കരം കുറവു ചെയ്യണം.

9. മോട്ടോർ പമ്പു സെറ്റുകൾ ഇൻഷ്വർ ചെയ്യണം.

10. പുഴയിൽ മണൽ വാരുന്നതു നിയന്ത്രിക്കണം.

**<u>ജലസ്രോതസ്സുകൾ</u>**

1. പുതിയേടത്ത് ചിറങ്ങരചിറകെട്ടി താഴ്ത്തി മോട്ടോർ സ്ഥാപിക്കണം.
2. നാലാംവാർഡിൽ കണ്ണാട്ടുകുളം കെട്ടി ആഴംകൂട്ടി സംരക്ഷിക്കണം.
3. മങ്ങാത്തോട് ഇരുവശവും കെട്ടി സംരക്ഷിക്കണം.

## 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993–94 | 1994–95 | 1995–96 |
| തെങ്ങ് | 650 | 260 | 726 |
| കശുമാവ് | 2000 | 13148 | – |
| കവുങ്ങ് | 1020 | – | 100 |

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
## 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | | | 12 Hq | | 266 | 77296 |
| 1994-95 | | | 10 Hq | | 204 | 50769 |
| 1995-96 | | | 25 Hq | | 136 | 186206 |
| | 12 Hq | | | | 39 | 1950 |

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
## 3.7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിങ്ങ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 35Hq | 800 | 6200 | 7000 | 350 | 210 | 70 | 40 | 6330 | |
| 2 | 35 | 900 | 6100 | 7000 | 350 | 215 | 65 | 35 | 6335 | |
| 3 | 35 | 750 | 6250 | 7000 | 350 | 195 | 60 | 50 | 6345 | |
| 4 | 35 | 850 | 6150 | 7000 | 325 | 200 | 65 | 35 | 6375 | |
| 5 | 30 | 800 | 6200 | 7000 | 375 | 210 | 70 | 40 | 6305 | |
| 6 | 35 | 750 | 6250 | 7000 | 415 | 315 | 75 | 30 | 6165 | |
| 7 | 50 | 1000 | 9000 | 10000 | 380 | 280 | 50 | 45 | 9245 | |
| 8 | 45 | 1050 | 7950 | 9000 | 350 | 230 | 80 | 50 | 9240 | |
| 9 | 50 | 1000 | 9000 | 10000 | 390 | 230 | 90 | 50 | 9240 | |
| 10 | 50 | 1100 | 8900 | 10000 | 390 | 310 | 75 | 30 | 9195 | |
| Total | 400Hq | 9000 | 72000 | 81000 | 3675 | 2395 | 700 | 405 | 73825 | |

## 3.8 കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | – | – | 5 | 2 | 4 | 6 | 1 | – | 5 |
| 2 | – | 2 | 7 | 3 | 3 | 5 | 1 | 1 | 6 |
| 3 | – | – | 12 | 2 | 5 | 6 | – | – | 5 |
| 4 | – | 1 | 8 | 3 | 4 | 5 | – | 1 | 7 |
| 5 | – | – | 4 | 2 | 3 | 4 | 1 | – | 4 |
| 6 | – | – | 8 | 2 | 4 | 4 | – | – | 7 |
| 7 | – | 1 | 7 | 3 | 4 | 6 | – | – | 5 |
| 8 | – | – | 8 | 2 | 4 | 6 | – | – | 4 |
| 9 | – | 1 | 10 | 3 | 4 | 7 | – | 1 | 6 |
| 10 | – | 1 | 10 | 2 | 4 | 8 | – | – | 5 |
| Total | | 6 | 79 | 24 | 39 | 57 | 3 | 3 | 54 |

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## 3.9 കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1–2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 245 | 12 | 2 |
| 2 | 310 | 23 | 3 |
| 3 | 275 | 11 | 2 |
| 4 | 290 | 9 | 2 |
| 5 | 280 | 8 | 1 |
| 6 | 300 | 14 | 2 |
| 7 | 315 | 19 | 1 |
| 8 | 360 | 21 | 2 |
| 9 | 38[illegible] | 12 | 1 |
| 10 | [illegible] | 15 | 1 |
| Total | 3110 | 144 | 20 |

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## 3.3 രാസവള–കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം |
| 1 | 2 | 3 | 4 Lit. | 5 Kg. | 6 | 7 Lit. | 8 Kg. | 9 | 10 Lit. | 11 Kg. |
| 1 | സഹകരണം SCB - 454 | 185 mt | 242 | 2730 | 198mt | 234 | 2580 | 205mt | 238 | 2700 |
| 2 | SCB - 316 | 63 | 81 | 815 | 58 | 62 | 850 | 66 | 57 | 870 |
| 3 | സ്വകാര്യം | 70 | 77 | 907 | 63 | 69 | 780 | 77 | 61 | 915 |
| | | | | | | | | | | |

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



കേരളത്തിന്റെ സംമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ രംഗം. ക്ഷീരോല്പാദകരംഗത്ത് നാം ഗണ്യമായ നേട്ടം കൈവരിച്ചു കഴിഞ്ഞു എങ്കിലും ഈ മേഖലയിൽ വളരെയധികം വെല്ലുവിളികളെ നാം നേരിടുന്നു. കാലിത്തീറ്റയുടെ താങ്ങാനാവാത്ത വില, തീറ്റപ്പുല്ലിന്റെ ദൗർലഭ്യം മുതലായവ കണക്കിലെടുത്താൽ കന്നുകാലി സമ്പത്തിന്റെ എണ്ണം കൂട്ടി ഉല്പാദനം വർദ്ധിപ്പിക്കുക എന്നുള്ളത് തീരെ പ്രയോഗികമല്ല എന്നു കാണാം. നിലവിലുള്ള കന്നുകാലി സമ്പത്തിന്റെ ഉല്പാദനക്ഷമതകൂട്ടിയും ശാസ്ത്രീയ പരിപാലനരീതി കൈവരിച്ച് നഷ്ടം ഒഴിവാക്കിയും ഈ രംഗത്ത് വളരെയധികം നേട്ടങ്ങൾ കൈയടക്കുവാൻ നമുക്കു കഴിയും.

കേരളത്തിലെ ഒരു കിടാരി ആദ്യ പ്രസവം നടക്കുമ്പോൾ ശരാശരി 36 മുതൽ 42 മാസം വരെ പ്രായമുണ്ടാകും. 30 മാസത്തിനുള്ളിൽ പ്രസവിച്ചില്ലെങ്കിൽ ഇതൊരു നഷ്ടക്കച്ചവടമാണ് എന്ന് കണക്കുകൂട്ടിയാൽ മനസ്സിലാക്കാവുന്നതാണ്. ആദ്യ പ്രസവം നീണ്ടു പോകുന്നതിനുള്ള കാരണം പ്രധാനമായി പോഷകാഹാരക്കുറവുകൊണ്ടാണ്. കാലിത്തീറ്റയുടെ താങ്ങാനാവാത്ത വിലകൊണ്ടും കർഷകന്റെ അജ്ഞതകൊണ്ടും ഒരു കിടാരിയ്ക്ക് (വേണ്ടത്ര)കാലിത്തീറ്റ കൊടുക്കുവാൻ കർഷകൻ മടി കാണിക്കുന്നു.

ഈ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാകണം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 'പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി' നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതി കുറച്ചുകൂടി ആസൂത്രിതമായി കേരളമാകെ വ്യാപിപ്പിച്ചാൽ രണ്ടുമൂന്ന് വർഷത്തിനുള്ളിൽ നമുക്ക് ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയും. (പദ്ധതിയെക്കുറിച്ച് പിന്നീട് വിവരിക്കുന്നുണ്ട്)

അതുപോലെ തന്നെ രണ്ടു പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുക, നിലവിൽ കർഷകർ പുലർത്തിപ്പോരുന്ന അശാസ്ത്രീയ തീറ്റക്രമം (ഓവർ ഫീടിങ്ങ്) ഒഴിവാക്കുക. രണ്ടുമൂന്നുപ്രാവശ്യം ബീജസങ്കലനം നടത്തിയിട്ടും ചെന പിടിക്കാത്ത പശുക്കളെ ഒരു വിദഗ്ദന്റെ മേൽ നോട്ടത്തിൽ ചികിത്സിച്ച് ചെന പിടിപ്പിക്കുക. കിടാക്കൾക്ക്

സമയത്ത് വിരമരുന്ന് ധാന്യമിശ്രണവും മീനെണ്ണയും നല്കുക എന്നീ മാർഗ്ഗങ്ങളിലൂടെ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം ഒഴിവാക്കിയും ഉല്പാദനച്ചിലവ് കുറയ്ക്കാവുന്നതാണ്.

പാലിന്റെ വില അടിക്കടി ഉയർത്തുന്നത് ഒട്ടും അഭികാമ്യമായ ഒരു സംഗതിയല്ല. വിലകൂടിക്കൊണ്ടിരുന്നാൽ ഇപ്പോൾ മുട്ട തമിഴ് നാട്ടിൽ നിന്നും കേരളത്തിലേക്ക് ഒഴുകുന്നതുപോലെ പാൽവില പൊതുവേ കുറഞ്ഞ ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഒരു ക്ഷീര പ്രവാഹംതന്നെയുണ്ടാകും. അത് ക്ഷീരവികസന മേഖലയുടെ നട്ടെല്ലൊടിക്കുക തന്നെ ചെയ്യും.

ഡയറി യൂണിറ്റുകളുടെ എണ്ണം കൂടുന്നതും ക്ഷീരോല്പാദനം വർദ്ധിപ്പിക്കാൻ സഹായിക്കുന്നില്ല. ഒരു പ്രദേശത്തെ ഉല്പാദനം മറ്റൊരു പ്രദേശത്തേക്ക് മാറുന്നുവെന്നു മാത്രം. അന്യസംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ കൊണ്ടുവന്നാൽ മാത്രമേ കേരളത്തിൽ മൊത്തമായി പാലുല്പാദനം വർദ്ധിക്കുകയുള്ളൂ.

ഈ മേഖലയിലേക്ക് കടന്നുവരുവാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത , ധനകാര്യ വായ്പാസ്ഥാപനങ്ങൾ കാണിക്കുന്ന താൽപര്യക്കുറവ് , തീറ്റപ്പുൽകൃഷിയിൽ ഉണ്ടായ മാന്ദ്യത , കാലിത്തീറ്റഉല്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതകുറവ്, കാലിത്തീറ്റ രംഗത്തേക്കുള്ള കുത്തകകളുടെ കടന്നു കയറ്റം തുടങ്ങിയവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ. ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങളും ഒപ്പം കന്നുകാലികൾക്കും, കോഴികൾക്കും വേണ്ട കാലിത്തീറ്റയുല്പാദിപ്പിക്കുവാനുള്ള പുതിയ സംരംഭങ്ങളും ഉണ്ടാകണം.

വീട്ടുമുറ്റത്തെ കോഴിവളർത്തൽ, സ്കൂൾ കുട്ടികൾക്കായുള്ള കോഴി , മുയൽ വളർത്തൽ പദ്ധതി, ചെറുതും വലുതുമായ കോഴി-താറാവ് വളർത്തൽ യൂണിറ്റുകൾ, പന്നിവളർത്തൽ യൂണിറ്റുകൾ മുതലായ സമഗ്രമായ ആസൂത്രണത്തിന്റെ പിൻബലത്തോടെ വ്യാപകമാക്കിയാൽ മുട്ട-മാംസം ഉല്പാദന മേഖലയിൽ സ്വയം പര്യാപ്തി കൈവരിക്കുവാൻ നമുക്കു കഴിയും.

**പ്രാഥമിക മേഖലയിൽ മൃഗസംരക്ഷണ മേഖലയുടെ പ്രധാന്യം**

1. ചുരുങ്ങിയ മുതൽ മുടക്കിൽ ഹ്രസ്വകാലംകൊണ്ട് വരുമാനം.
2. അധികം നഷ്ടം സംഭവിക്കാതെ ഏതവസരത്തിലും നിർത്താവുന്ന പദ്ധതി.

3. തൊഴിൽ അവസരങ്ങൾ-തൊഴിലുള്ളവർക്ക് ഉപതൊഴിൽ, തൊഴിൽ ഇല്ലാത്തവർക്ക് മുഖ്യതൊഴിൽ.

4. മുട്ട, പാൽ, മാംസം തുടങ്ങിയ പോഷക പ്രധാനമായ ആഹാരവസ്തുക്കളുടെ ഉല്പാദന വർദ്ധന

5. ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ആവിർഭാവം.

6. പരിസ്ഥിതിയ്ക്കനുകൂലമായ മൃഗശക്തി

7. ജൈവവളങ്ങൾ

8. പാൽ, മുട്ട, മാംസം എന്നിവയിൽ നിന്ന് ഉണ്ടാക്കാവുന്ന ഉല്പന്നങ്ങളും വിപണനവും അധികവരുമാനവും.

9. മനുഷ്യർക്ക് ഉപയോഗയോഗ്യമല്ലാത്ത ഭക്ഷണസാധനങ്ങളേയും വ്യാവസായിക അവശിഷ്ടങ്ങളേയും പോഷകമൂല്യമുള്ള മാംസ്യാഹാരമാക്കി പരിവർത്തനം ചെയ്യുക.

## നടപ്പു പദ്ധതികൾ - പോരായ്മകൾ, നിർദ്ദേശങ്ങൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നടപ്പു പദ്ധതികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഈ പദ്ധതി. മൂന്നു മാസത്തിനും ഒമ്പതു മാസത്തിനും ഇടയ്ക്കു പ്രായമുള്ള സങ്കരയിനം പശുകുട്ടികൾ ഉള്ള 100/- രൂപയ്ക്ക് താഴെ പ്രതിവർഷവരുമാനമുള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുക, അതുവഴി സംസ്ഥാനത്തിന്റെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുകയും കർഷകന് ശാസ്ത്രീയ തീറ്റക്രമത്തിന്റെ ഗുണവശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുകയുമാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

ഗുണഭോക്താവിന് 50% സബ്സിഡി നിരക്കിൽ കിടാവിന് 32 മാസം തികയുന്നതുവരെയോ പ്രസവിക്കുന്നതുവരെയോ തീറ്റ വിതരണം ചെയ്യുന്നു. വിരമരുന്ന്, പ്രതിരോധകുത്തിവയ്പുകൾ, ഇൻഷുറൻസ് സംരക്ഷണം എന്നിവക്ക് 50% സബ്സിഡി നൽകുന്നു. ഗുണഭോക്താക്കൾ പരിശീലനത്തിന് വിധേയമാകുന്നതിന് 49 രൂപ വരെ അലവൻസ് ലഭിക്കുന്നു.

വെറ്ററിനറി സർജന്റെ അദ്ധ്വാനഭാരം വളരെയധികം കൂടുന്നതുകൊണ്ട് ശരിയാംവണ്ണം പദ്ധതിനടപ്പിലാക്കാൻ കഴിയുന്നില്ല. തീറ്റയുടെ വില

വർദ്ധിക്കുന്നതിനനുസരിച്ച് സബ്സിഡി ലഭിക്കുന്നില്ല. തീറ്റ എല്ലാ മാസങ്ങളിലും ലഭ്യമാകുന്നില്ല. തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവ് വെറ്റിനറി സർജന്റേയും സംഘം ജീവനക്കാരുടേയും അറിവോടെയും അറിവില്ലാതെയുമുള്ള ദുരുപയോഗപ്പെടുത്തൽ എന്നിവയാണ് പോരായ്മകൾ.

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനും വേണ്ടി മറ്റു പല ജില്ലകളിലെ പോലെ പ്രത്യേക വെറ്റിനറി സർജനേയും മറ്റും നിയോഗിക്കുക, സംഘം ജീവനക്കാരേയും ഗുണഭോക്താക്കളേയും പദ്ധതി ലക്ഷ്യത്തെ കുറിച്ച് ബോധവാന്മാരാക്കുക, പഞ്ചായത്തു തലത്തിലോ ക്ഷീരസംഘതലത്തിലോ കന്നുകുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുകയും വർഷത്തിൽ രണ്ടുമൂന്നു തവണ കിടാങ്ങളെ രജിസ്റ്റർ ചെയ്യുക. ക്ഷീരസംഘങ്ങളില്ലാത്ത സ്ഥലങ്ങളിൽ മറ്റു സഹകരണസംഘങ്ങളിലൂടെയോ ക്ലാസ്സുകളിലൂടെയോ പദ്ധതി നടപ്പിലാക്കുക. വിലവർദ്ധനവിനനുസരിച്ച് സബ്സിഡി ലഭ്യമാക്കുക. തീറ്റയുടെ വില വർദ്ധന തടയും. എല്ലാ മാസങ്ങളിലും തീറ്റ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്യുക. എന്നിങ്ങനെ എല്ലാ പഞ്ചായത്തുകളിലും ഈ പദ്ധതി സാർവ്വത്രീകമാക്കിയാൽ ധവളവിപ്ലവത്തിൽ ഒരു കുതിച്ചു ചാട്ടം തന്നെ നമുക്കു നടത്തുവാൻ കഴിയും.

9–ാം പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ വളരെയേറെ പ്രാധാന്യം ഈ പദ്ധതിക്ക് നൽകേണ്ടതാണ്.

കാഞ്ഞൂർ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. ഇവിടത്തെ ജനങ്ങളിൽ ഏറിയ പങ്കും കൃഷിയും മൃഗസംരക്ഷണവും ജീവിത മാർഗ്ഗമായി സ്വീകരിച്ചാണ് ജീവിച്ചു വന്നത്. പക്ഷേ ഈ അടുത്തകാലത്ത് വളത്തിന്റെ അധികവില വർദ്ധനവ് കൃഷിചിലവിന്റെ അമിത വർദ്ധന മുതലായവ കൃഷിക്കാരെ അത് ചെയ്യിക്കുന്നതിൽ നിന്നും ഒരളവുവരെ പിൻതിരിപ്പിക്കുന്നില്ലേ എന്ന് സംശയിച്ചാൽ തെറ്റു പറയാൻ കഴിയില്ല.

പുൽകൃഷിക്കുള്ള സ്ഥലദൗർലഭ്യം നെൽകൃഷിയിലെ കുറവുമൂലമുള്ള വൈക്കോലിന്റെ അമിത വില മുതലായ ഘടകങ്ങൾ കന്നുകാലി വളർത്തുന്നതിന് പ്രോത്സാഹജനകമല്ല. എന്നിട്ടും ഇതിനെയെല്ലാം അതിജീവിച്ച് ഒരു വിഭാഗം നല്ല മനുഷ്യർ ഇപ്പോഴും കന്നുകാലി വളർത്തൽ ഒരു ഉപജീവനമാർഗ്ഗമായി തന്നെ കൊണ്ടു നടക്കുന്നു.

കാലിത്തീറ്റനിർമ്മാണത്തിലെ സംഘടിത വ്യവസായികൾ യഥേഷ്ടം വിലവർദ്ധിപ്പിക്കുക വഴി അതു വാങ്ങാനുള്ള കർഷകരുടെ കഴിവ് ശോഷിക്കുന്നു. ഇതും കന്നുകാലി വളർത്തുന്നതിന് വിഘാതമാവുന്നു. പാലുല്പാദന രംഗത്ത് പ്രതീക്ഷിച്ചത്ര നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

| രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|---|
| ദഹനസംബന്ധമായവ | 352 | 4 | 85 | - | 11 | 352 |
| ശ്വാസകോശസംബന്ധായവ | 48 | - | - | - | 15 | 48 |
| ത്വക്ക് രോഗങ്ങൾ | 49 | 2 | 2 | - | - | 49 |
| പരാഗരോഗങ്ങൾ | 632 | 6 | 18 | 2 | 8 | 632 |
| ഗർഭാശയസംബന്ധമായവ | 83 | - | 12 | | | 83 |
| അകിടുവീക്കം | 46 | - | 4 | | | 46 |
| മുടന്തന് പനി | 88 | | | | | |

## കശാപ്പുശാലകൾ

പഞ്ചായത്തിൽ കശാപ്പുശാലകൾ ധാരാളമുണ്ട്. പലപ്പോഴും വളരെ വൃത്തിഹീനമായ ചുറ്റുപാടിലാണ് ഇത് നടത്തുന്നത്. മാടുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ സംവിധാനങ്ങൾ ഇല്ലാത്തതുകൊണ്ട് രോഗബാധയുള്ള മാടുകളേയും മാംസത്തിനുപയോഗിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ മാടുകളെ കശാപ്പു ചെയ്യുന്നതിന് ശാസ്ത്രീയവും ആധുനികവുമായ ഒരു കശാപ്പുശാല ഉണ്ടാകുന്നത് നല്ലതാണ്. വഴിയോരത്തെ കശാപ്പുശാലകളെ നിരോധിക്കേണ്ടതാണ്.

## പന്നിവളർത്തൽ

നമ്മുടെ പഞ്ചായത്തിൽ പന്നികൃഷി വളരെ കുറവായി കാണുന്നു. പരിവർത്തന ശേഷി (കൊടുക്കുന്ന തീറ്റ മാംസമാകുന്ന അനുപാദം ) പന്നിക്ക് വളരെ കൂടുതലായതിനാൽ പന്നികൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഹോട്ടലുകളിലേയും മാംസക്കടയിലേയും പച്ചക്കറി ചന്തയിലേയും അവശിഷ്ടങ്ങളും ഉപയോഗിച്ചാൽ പന്നികൃഷി ആദായകരമാക്കാം. പന്നിക്കൂടിനോടനുബന്ധിച്ച് സേഫ്റ്റി ടാങ്ക് മോഡലിൽ മലം മൂത്രം മുതലായ അവശിഷ്ടങ്ങൾ കളയുകയാണെങ്കിൽ ദുർഗന്ധം തീർത്തും ഒഴിവാക്കാം. തൊഴിൽ രഹിതരായ യുവാക്കൾ സംഘടിച്ച് പന്നിവളർത്തൽ നടത്തുകയാണെങ്കിൽ തീർത്തും ലാഭകരമായി ഇത് കൊണ്ടുപോകാം.

നമ്മുടെ പഞ്ചായത്തിൽ പാലിന്റെ ദൗർലഭ്യം ഒരളവുവരെ പരിഹരിക്കുന്നതിന് ഇവിടത്തെ പാലുൽപാദക സഹകരണസംഘങ്ങളും എറണാകുളം അതിരൂപതയുടെ പേരിൽ പാറപ്പുറത്ത് പ്രവർത്തിക്കുന്ന "ഐശ്വര്യഗ്രാം" എന്ന സ്ഥാപനവുമാണ്.

കന്നുകാലി സംരക്ഷണത്തിനായി താഴെപ്പറയുന്ന ഗവൺമെന്റ് സംവിധാനങ്ങൾ നിലവിലുണ്ട്.

(1) സർക്കാർ മൃഗാശുപത്രി – പുതിയേടം

(2) ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രം – പുതിയേടം

| ഇനം | നാടൻ | സങ്കരം | ഉല്പാദനം പ്രതിമാസം | ആകെ |
|---|---|---|---|---|
| പശു | 1011 | 1919 | 14547<br>26328 | 41, 875 ലി |
| എരുമ | 40 | 98 | 376<br>1288 | 1684 ലി |
| ആട് | 655 | | 340 | 340 ലി |
| കോഴി | 3547 | 9013 | 6218 | 6218 എണ്ണം |
| പന്നി | 73 | 319 | | |
| താറാവ് | 41 | 105 | 70 | 70എണ്ണം |

എരുമ നമ്മുടെ പഞ്ചായത്തിൽ തുലോം പരിമിതമാണ്. എരുമകളുടെ എണ്ണത്തിൽ വന്ന കുറവ് നമ്മുടെ പഞ്ചായത്തിലെ പാലുല്പാദനത്തേയും ബാധിച്ചിരിക്കുന്നതായി കാണാം. ഉയർന്ന രോഗപ്രതിരോധശേഷി പാലിന്റെ കൊഴുപ്പിന്റെ ശതമാനം മുതലായവ എരുമപ്പാലിന്റെ പ്രത്യേകതകളാണ്. ഉഴവുപോത്തിന്റേയും ഉഴവുകാളകളുടേയും എണ്ണം യഥാക്രമം 42 ഉം, 106 ആണ്.

1996 ലെ സാമൂഹ്യസാമ്പത്തിക സർവ്വേ പ്രകാരം പ്രതിവർഷം 3,97,085 ലിറ്റർ പാൽ പശു, എരുമ എന്നിവയിൽ നിന്നും ലഭിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൂന്ന് ക്ഷീരോല്പാദകസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പാറപ്പുറം, പുതിയേടം, കാഞ്ഞൂർ എന്നിവിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. ഇവയുടെ ഫലമായി ആ പ്രദേശത്തെ പാലുൽപാദനം വർദ്ധിച്ചിട്ടുണ്ട്.

**പേവിഷബാധ**

നമ്മുടെ പഞ്ചായത്തിൽ പ്രതിരോധ കുത്തിവയ്പ് നൽകിയത് 110 നായ്ക്കൾക്കാണ്. നായ്ക്കളെ സംരക്ഷിക്കുന്നത് മൃഗസംരക്ഷണത്തിൽ പ്രധാനപ്പെട്ടതാണ്. ഭീകരവും ഭയാനകവുമായ പേവിഷബാധയിൽ നിന്നുള്ള മരണത്തിൽ നിന്നും നമ്മുടെ പഞ്ചായത്തിനെ വിമുക്തമാക്കേണ്ടതാണ്. വർഷത്തിൽ 25 പേരെങ്കിലും പേവിഷബാധയേറ്റ് കുത്തിവയ്പ് നടത്തുന്നുണ്ടെന്നാണറിവ്. ആയതിനാൽ സന്നദ്ധ സംഘടനകളുടേയും സാമൂഹ്യ പ്രവർത്തകരുടേയും മൃഗസംരക്ഷണവകുപ്പിന്റേയും പ്രവർത്തന ഫലമായി പേവിഷ വിമുക്ത പഞ്ചായത്ത് ആക്കേണ്ടതാണ്. ഇതിനായി അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കേണ്ടതും വളർത്തുനായ്ക്കൾക്കായി നിർബന്ധമായും പേവിഷപ്രതിരോധകുത്തിവയ്പും എടുക്കേണ്ടതുമാണ്.

**കോഴിവളർത്തൽ**

ഏകദേശം 10 സ്ഥലങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ ഇറച്ചിക്കോഴികളെ വളർത്തുന്നുണ്ട്. കോഴിമുട്ടയുടേയും ഇറച്ചിയുടേയും ഉപയോഗം ദിനംപ്രതി കൂടിവരികയാണ്. ഇതിനനുസൃതമായി കോഴിമുട്ടയുടെ ഉൽപ്പാദനത്തിൽ നമ്മൾ വളരെ പിന്നിലാണ്.

## <u>പ്രശ്നങ്ങൾ</u>

- കാലിത്തീറ്റയുടെ അമിത വിലക്കയറ്റം.
- പുല്ല്, വയ്ക്കോൽ എന്നിവയുടെ ലഭ്യതകുറവ്.
- മരുന്നുകളുടെ അമിത വില.
- ഉല്പാദന ക്ഷമതയുള്ള കന്നുകാലികളുടെ അഭാവം.
- കുളമ്പുദീനം, അകിടുവീക്കം, മുടന്തൻപനി മുതലായ രോഗങ്ങൾകൊണ്ടുള്ള വൈഷമ്യങ്ങൾ.
- പാലിന്റെ വിലക്കുറവ്
- കോഴിമുട്ടയുടെ ലഭ്യതകുറവ്
- പന്നി വളർത്തലിനോടുള്ള വൈമുഖ്യം.
- അലഞ്ഞു തിരിയുന്ന നായ്ക്കൾ

- നിർദ്ദേശങ്ങൾ -

- പഞ്ചായത്തിന്റേയും സഹകരണസ്ഥാപനങ്ങളുടേയും സഹായത്തോടുകൂടി ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
- പഞ്ചായത്തിൽ ഒരു മൃഗാശുപത്രി കൂടി സ്ഥാപിക്കുക.
- അത്യുൽപാദന ശേഷിയുള്ള സങ്കരയിനം കന്നുകുട്ടികളെ ലഭ്യമാക്കുക.
- കന്നുകുട്ടി പരിപാലന പദ്ധതി വിപുലീകരിക്കുക.
- ആടു വളർത്തലിന് കൂടുതൽ പ്രോത്സാഹനം നൽകുക.
- ആവശ്യമായ വായ്പകൾ സഹകരണ സ്ഥാപനങ്ങൾ നൽകണം.
- മരുന്നുകൾ വിലകുറച്ച് നൽകണം.
- പാലിന്റെ വില കാലാനുസൃതമായി പരിഷ്കരിക്കുക.
- മുട്ടക്കോഴി വളർത്തൽ പ്രോത്സാഹനം നൽകുക.
- നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുകയും സമയാസമയത്തിനുള്ളിൽ കുത്തിവെയ്പ് നടത്തുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

## മത്സ്യബന്ധനം

ഏകദേശം 8 കിലോമീറ്റർ ദൂരം പെരിയാർ പുഴ നമ്മുടെ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. പുളിയാമ്പിള്ളി തോട് , ചേരിയാക്കുഴി, കണ്ണാട്ടുകുളം, ചെങ്ങൽതോട്, ചിറങ്ങര, ഓട്ടുചാൽ പുഞ്ച, കൂരുവിച്ചാൽ പുഞ്ച, മങ്ങാത്തോട് എന്നിങ്ങനെ പ്രകൃതിദത്തമായ ജലാശയങ്ങൾ കൊണ്ട് സമ്പന്നമാണ് ഈ പഞ്ചായത്ത്. എന്നാൽ രോഗം ബാധിച്ചതുമൂലം മത്സ്യ സമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഏകദേശം 50 കുടുംബങ്ങൾ ഇത് ഒരു ഉപതൊഴിലായി സ്വീകരിച്ചിട്ടുണ്ട്.

**പ്രശ്നങ്ങൾ**

- മത്സ്യരോഗ ഭീഷണി
- മത്സ്യം വളർത്തുന്നതിനുള്ള സാങ്കേതിക വിദ്യയുടെ അപര്യാപ്തത.
- മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത കുറവ്.

**നിർദ്ദേശങ്ങൾ**

- മത്സ്യരോഗത്തിന് ഫലപ്രദമായ പ്രതിവിധി കണ്ടെത്താൻ കഴിയുന്ന പരിപാടികൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടത്തുക.
- കുളങ്ങളും ചിറകളും മത്സ്യബന്ധനത്തിന് കൂടി സൗകര്യപ്രദമായ വിധത്തിൽ സംരക്ഷിക്കണം.
- പഞ്ചായത്തിൽ 2 ൽ കുറയാത്ത കേന്ദ്രങ്ങളിൽ മത്സ്യ ചന്തകൾ.

# വിദ്യാഭ്യാസം



## വിദ്യാഭ്യാസചരിത്രം

പൂർണ്ണാനദിയുടെ തീരത്ത് കേരളത്തനിമ നഷ്ടപ്പെട്ടിട്ടില്ലാത്ത വൈശിഷ്ട്യമാർന്ന കേരളീയ സംസ്കാരത്തിന്റെ ഉറവിടങ്ങളിൽ അഗ്രിമസ്ഥാനം വഹിക്കുന്ന വെള്ളാരപ്പിള്ളിയുടെ ഹൃദയമെന്നു വിശേഷിപ്പിക്കാവുന്ന കാഞ്ഞൂരിന്റെ പാമ്പര്യം അദ്വിതീയമാണ്. ചരിത്രപരമായ പ്രാധാന്യത്തിലും നമ്മുടെ നാട് വളരെ മുന്നിലാണ്. ഇതിന്റെയെല്ലാം പ്രകടമായ തെളിവുകളാണ് നമ്മുടെ പ്രദേശത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ബാഹുല്ല്യം.

പഴയ കാല ചരിത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ സംസ്ക്കാര സമ്പന്നമായ ജനതയായിരുന്നു നമ്മുടേതെന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. ഫ്യൂഡൽ ജന്മി കാലഘട്ടത്തിൽ അവരവരുടെ വിദ്യാഭ്യാസത്തിനായി നാട്ടെഴുത്ത് പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. സംസ്കൃത വിദ്യാഭ്യാസത്തിനും മലയാളവിദ്യാഭ്യാസത്തിനും ഊന്നൽ നൽകിയിരുന്നു. ഈ നൂററാണ്ടിന്റെ ആരംഭത്തിനു മുമ്പ് തന്നെ ആധുനിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. പഴയ വെള്ളാരപ്പിള്ളി പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം ബഹു. പുതുശ്ശേരി മത്തായി കത്തനാരുടെ നേതൃത്വത്തിൽ കൈപ്രകുന്നിൽ (ഇപ്പോഴത്തെ പ്രൈമറി ഹെൽത്ത് സെന്ററിനു സമീപം ) ആരംഭിച്ച മലയാള സ്കൂൾ ആയിരുന്നു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി 1906 ൽ കർമ്മലീത്ത സന്യാസികളുടെ നേതൃത്വത്തിൽ ചെങ്ങലിൽ (ഇപ്പോഴത്തെ സെ. ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ) ആരംഭിച്ചു.

**പട്ടിക – 1**

**വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പേരും ആരംഭിച്ച വർഷവും**

| വിദ്യാലയത്തിന്റെ പേര് | ആരംഭിച്ച വർഷം |
|---|---|
| യൂണിയൻ എൽ. പി. സ്കൂൾ, കാഞ്ഞൂർ | കൊല്ല വർഷം 1101 |
| സെന്റ് മേരീസ് എൽ. പി. എസ്, കാഞ്ഞൂർ | 1919 |
| എം. കെ. എം. എൽ. പി. സ്കൂൾ, പാറപ്പുറം | 1964 |
| എസ് ടി. എം. യു. പി. സ്കൂൾ, പുതിയേടം | കൊല്ല വർഷം 1101 |
| സെന്റ് ജോസഫ്സ് G. H. S. ചെങ്ങൽ | 1906 |
| സെന്റ് സെബാസ്റ്റ്യൻസ് H. S. കാഞ്ഞൂർ | 1919 |
| സെന്റ് ജോസഫ്സ് G. H. S. കാഞ്ഞൂർ | 1943 |
| അകവൂർ . H. S. ശ്രീമൂലനഗരം | 1946 |
| ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, കാഞ്ഞൂർ | 1965 |

ഈ കാലഘട്ടത്തിൽ തന്നെ കാഞ്ഞൂർ സെ. മേരീസ്: പള്ളിമേടയിൽ ശ്രീ. ജോസഫ് അറയ്ക്കൽ ഹെഡ്മാസ്ററായി ലോവർ സെക്കന്ററി ഇംഗ്ലീഷ് സ്കൂൾ പ്രവർത്തിച്ചിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ അക്കാലത്ത് നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നില്ല. ആലുവാ, എറണാകുളം, ചാലക്കുടി തുടങ്ങിയ സ്ഥലങ്ങളിലാണ് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി പോയിക്കൊണ്ടിരുന്നത്

1919- ലാണ് ഇപ്പോഴത്തെ സെ. സെബാസ്ററ്യൻസ് സ്കൂളിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ടത്. 1943 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. അതേവർഷം തന്നെ പെൺകുട്ടികൾക്കായി കർമ്മലീത്ത സന്യാസിനികളുടെ നേതൃത്വത്തിൽ കാഞ്ഞൂരിൽ സെ. ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1919 ൽ ആരംഭിച്ച സെ. സെബാസ്ററ്യൻസ് സ്കൂളിനോട് ചേർന്നുള്ള കെട്ടിടത്തിൽ സെ. മേരീസ് എൽ. പി സ്കൂളും പ്രവർത്തിച്ചിരുന്നു. കൊല്ലവർഷം 1101 ൽ ആണ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ കാഞ്ഞൂരിൽ യുണിയൻ എൽ. പി. സ്കൂളും പുതിയേടത്ത് ശക്തൻതമ്പുരാൻ മെമോറിയൽ എൽ. പി. സ്കൂളും സ്ഥാപിതമായത് പിന്നീട് ശക്തൻ തമ്പുരാൻ സ്കൂൾ യു. പി. സ്കൂളായി ഉയർത്തപ്പെട്ടു. 1946 ൽ ആരംഭിച്ച അകവൂർ സ്കൂൾ

1948 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. എസ്സ്. എൻ. ഡി. പി. പാറപ്പുറം ശാഖയുടെ നേതൃത്വത്തിൽ 1964 ൽ മഹാകവി കുമാരനാശാൻ മെമ്മോറിയൽ എൽ. പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1945 ൽ ആണ് ചെങ്ങൽ സെ. ജോസഫ്സ് ഗേൾസ് സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടത്.

ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഉന്നതവിദ്യാഭ്യാസത്തിനായി സമീപ പ്രദേശങ്ങളായ കാലടി, അങ്കമാലി, പെരുമ്പാവൂർ, ആലുവാ, കളമശ്ശേരി, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിലാണ് വിദ്യാർത്ഥികൾ പോയിക്കൊണ്ടിരിക്കുന്നത്.

സങ്കേതിക വിദ്യാഭ്യാസ രംഗത്ത് കാഞ്ഞൂർ സെ. മേരിസ് പള്ളിയുടെ ഉടമസ്ഥതയിലുള്ള ഇൻഡസ്ട്രിയൽ ട്രെയ്നിങ്ങ് സെന്ററും, കമ്മേർഷ്യൽ ഇൻസ്ററിറ്റ്യൂട്ടും പ്രവർത്തിക്കുന്നു

## സമ്പൂർണ്ണ സാക്ഷരതായജ്ഞം

1989 ൽ ആരംഭിച്ച സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനങ്ങളിലുടെ പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരതാ ലക്ഷ്യം കൈവരിച്ചു. സാക്ഷരതാ സർവ്വെ പ്രകാരം പഞ്ചായത്തിൽ വിവിധ പ്രായ ഗ്രുപ്പുകളിലായി 1615 നിരക്ഷരർ ഉണ്ടായിരുന്നു. സമൂഹത്തിലേ എല്ലാവിഭാഗങ്ങളുടെയും ത്യാഗത്തിന്റെയും, സഹകരണത്തിന്റെയും, അശ്രാന്ത പരിശ്രമത്തിന്റെയും ഫലമായാണ് സമ്പൂർണ്ണ സാക്ഷരതാ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞത്.

## പ്രീ പ്രൈമറി വിദ്യാഭ്യാസം

പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്ത് സജീവമായ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പുതിയ തലമുറയിലെ രക്ഷകർത്താക്കൾ പ്രീ പ്രൈമറിവിദ്യാഭ്യാസത്തെ കുറിച്ച് കുടുതൽ ബോധവാൻമാരാണ്. ബാലവാടികൾ, നഴ്സറി, K.G സ്കൂൾസ്, നിലത്തെഴുത്താശാൻ പള്ളിക്കൂടങ്ങൾ എന്നിവയാണ് ഈ രംഗത്തെ സ്ഥാപനങ്ങൾ ബാലവാടികൾക്ക് ഗവൺമെന്റ് ഗ്രാന്റും, നിലത്തെഴുത്ത് ആശാന്മാർക്ക് പഞ്ചായത്ത് ഗ്രാന്റും ലഭിക്കുന്നുണ്ട്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന രക്ഷകർത്താകൾ സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ അയക്കുന്നു.

പട്ടിക 1 A

പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്തെ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേരും സ്ഥലവും | മാദ്ധ്യമം | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | സെന്റ് ജോസഫ്സ് K. G. സ്കൂൾ, ചെങ്ങൽ | ഇംഗ്ലീഷ് | 60 |
| 2 | സെന്റ് ജോസഫ്സ് K. G. സ്കൂൾ, കാഞ്ഞൂർ | ഇംഗ്ലീഷ് | 64 |
| 3 | നേഗിൾ പ്രിപ്പാരട്ടറി സ്കൂൾ, കാഞ്ഞൂർ | ഇംഗ്ലീഷ് | 36 |
| 4 | ഐശ്വര്യ ഗ്രാമം നഴ്സറി സ്കൂൾ, | മലയാളം | 25 |
| 5 | ബാലവാടി, പാറപ്പുറം | മലയാളം | 50 |
| 6 | ബാലവാടി, തിരുനാരായണപുരം | മലയാളം | 32 |
| 7 | ബാലവാടി, പുതിയേടം | മലയാളം | 26 |
| 8 | ബാലവാടി, വടത്തറ | മലയാളം | 35 |
| 9 | ബാലവാടി, ഹെർബർട്ട് കോളനി | മലയാളം | 28 |
| 10 | നിലത്തെഴുത്ത് ആശാൻപള്ളിക്കൂടം – 12 | മലയാളം | 125 |
| | ആകെ | | 361 |

## പ്രൈമറി വിദ്യാഭ്യാസം

പ്രൈമറി വിദ്യാഭ്യാസ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1) സെ. മേരീസ് എൽ .പി സ്കൂൾ, കാഞ്ഞൂർ, 2.) യൂണിയൻ എൽ. പി. സ്കൂൾ കാഞ്ഞൂർ 3. ശക്തൻ തമ്പുരാൻ മെമ്മോറിയൽ യു. പി. സ്കൂൾ, പുതിയേടം 4) മഹാകവി കുമാരനാശാൻ മെമ്മോറിയൽ എൽ. പി. സ്കൂൾ പാറപ്പുറം. 5) സെ. സെബാസ്റ്റൻസ്ഹൈസ്കൂളിലെ യു. പി. വിഭാഗം. 6) സെ. ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ , കാഞ്ഞൂരിലെ യു. പി. വിഭാഗം. 7) സെ. ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ ചെങ്ങലിലെ പ്രൈമറി വിഭാഗം. 8) അകവൂർ ഹൈസ്കൂളിലെ യു. പി. വിഭാഗം .

പ്രൈമറി രംഗത്ത് വളരെ പ്രശ്സതമായി പ്രവർത്തിച്ചുകൊണ്ടിരുന്ന പല വിദ്യാലയങ്ങളും ഇന്ന് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇംഗ്ലീഷ്

[illegible] ഇൗ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കു [illegible] ഒട്ടു മിക്കവാറും രക്ഷകർത്താക്കളും [illegible] ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് പഠി [illegible] പ്രദേശത്തെ പ്രൈമറി വിദ്യാലയങ്ങളിൽ വേ [illegible] സ്കൂളുകളിലും സ്കൂൾ ക്ലാസ്സു മുറികൾ ശു [illegible]

[illegible] നമ്മുടെ പ്രൈമറി വിദ്യാലയങ്ങളു [illegible] മൊത്തം വിവിധ സ്കൂളുകളിലായി 3946കു [illegible]

## [illegible] സ്ഥാപനങ്ങൾ

[illegible] 15

| [illegible] | പേര് | മാനേജ്മെന്റ് | ആൺ | പെൺ | ആകെ | SC/ ST | ആൺ | പെൺ | ടീച്ചേഴ്സ് | മാധ്യമം |
|---|---|---|---|---|---|---|---|---|---|---|
| 1 | [illegible] L. P. S [illegible] | എയ്ഡഡ് | 63 | 57 | 120 | 23 | 13 | 10 | 4 | മലയാളം |
| [illegible] | [illegible] | ,, | 256 | 237 | 493 | 32 | 14 | 18 | 14 | മലയാളം |
| [illegible] | [illegible] കെ. എം. [illegible] | | 164 | 145 | 309 | 30 | 12 | 18 | 10 | മലയാളം |
| [illegible] | [illegible] യു. പി സ്കൂൾ | ,, | 96 | 105 | 201 | 25 | 8 | 17 | 8 | മലയാളം |

ഹൈസ്കൂളുകളോട് ചേർന്നുള്ള പ്രൈമറി വിഭാഗത്തിന്റെ വിവരങ്ങൾ ഹൈസ്കൂളുകളുടെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

## ഹൈസ്കൂൾ വിദ്യാഭ്യാസം.

[illegible]

| [illegible] | [illegible] | [illegible] | [illegible] | പെൺ | ആകെ | SC/ ST | ആൺ | പെൺ | ടീച്ചേഴ്സ് | മാധ്യമം |
|---|---|---|---|---|---|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | 70 | 70 | - | 40 | മലയാളം |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | - | [illegible] | 35 | മലയാളം |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | -- | - | - | 52 | മലയാളം |
| 4 | [illegible] ഹൈസ്കൂൾ | ,, | 528 | 373 | 901 | 28 | 15 | 13 | 35 | മലയാളം |

ഹൈസ്കൂൾ വിദ്യാഭ്യാസരംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ മുൻപന്തിയിലാണ്. നാലു ഹൈസ്കൂളുകൾ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു. ഒരു ബോയ്സ് ഹൈസ്കൂളും രണ്ട് ഗേൾസ് ഹൈസ്കൂളും ഒരു മിക്സഡ് ഹൈസ്കൂളുമാണ് ഉള്ളത്. ഒരു സ്കൂൾ ഒഴികെ ബാക്കി മൂന്നു സ്കൂളുകളും S. S. L. C പരീക്ഷ വിജയത്തിൽ മുൻപന്തിയിൽ നില്ക്കുന്നു. ഹൈസ്കൂളുകൾ താഴെ പറയുന്നവയാണ്: –

1. സെ. ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ, ചെങ്ങൽ.
2 സെ. സെബാസ്റ്റ്യൻസ് ബോയ്സ്ഹൈസ്കൂൾ, കാഞ്ഞൂർ
3. സെ. ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ, കാഞ്ഞൂർ
4. അകവൂർ മിക്സഡ് ഹൈസ്കൂൾ

ഹൈസ്കൂളിൽ മൊത്തം 2408 കുട്ടികൾ പഠിക്കുന്നു.

## ഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും

ഉന്നത വിദ്യാഭ്യാസരംഗത്ത് പറയത്തക്ക സ്ഥാപനങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. കോളേജ് വിദ്യാർത്ഥികൾക്ക് ട്യൂഷൻ സൗകര്യം ഒരുക്കിക്കൊണ്ട് രണ്ട് സ്വാകര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സമീപ പ്രദേശങ്ങളിലെ കോളേജുകളിലാണ് വിദ്യാർത്ഥികൾ പഠിക്കുന്നത്.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് രണ്ട് സഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററും കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുമാണ് പ്രസ്തുത സ്ഥാപനങ്ങൾ. I. T. C. - യിൽ ELECTRICAL, FITTER, CIVL, PLUMBER എന്നീ ട്രേഡുകളിൽ 144 വിദ്യാർത്ഥികൾ പഠിക്കുന്നു. സ്റ്റാഫിന്റെ എണ്ണം 12 ആണ്. Commerical Institute ൽ 51 വിദ്യാർത്ഥികൾ Typewriting ഉം Short hand ഉം പഠിക്കുന്നു. Staff Strength ഒന്നാണ്.

## വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. ഔപചാരിക വിദ്യാഭ്യാസത്തെ സമ്പുഷ്ടമാക്കാൻ സഹായമായ പ്രീ പ്രൈമറി വിദ്യാഭ്യാസം അവഗണിക്കപ്പെടുന്നു.
2. സ്കൂൾ വിദ്യാർത്ഥികളിൽ നിലവാര തകർച്ചയും അക്ഷരപരിജ്ഞാനക്കുറവും കാണപ്പെടുന്നു.
3. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇല്ലായ്മ.

4. പല സ്ഥലങ്ങളിലും രക്ഷിതാക്കളുടെ അവബോധക്കുറവു മൂലം കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുന്നില്ല.

5. സാമ്പത്തിക പരാധീനത പാഠ്യേതര പ്രവർത്തനങ്ങളിൽ നിന്നും പിന്നോട്ട് പോകാൻ പ്രേരിപ്പിക്കുന്നു.

6. യഥാസമയം പുസ്തകം ലഭ്യമാകാത്തത് പഠന നിലവാരത്തെ ബാധിക്കുന്നു.

7. പഞ്ചായത്തിലെ നാല് ഹൈസ്കൂളുകളിലൊന്നായ അകവൂർ ഹൈസ്കൂളിലെ വിജയശതമാനം താരതമ്യേന കുറവാണ്.

8 അനൗപചാരിക വിദ്യാഭ്യാസരംഗത്ത് തുടർപ്രവർത്തനത്തിന്റെ അഭാവം മൂലം നവസാക്ഷരർ നിരക്ഷതയിലേക്ക് വഴുതി മാറുന്നു.

9. പാഠപുസ്തകങ്ങളുടെ വലിപ്പവും ഉള്ളടക്കവും ഭാരിച്ചതാണ്.

10. ഹെഡ്മാസ്റ്റർമാർക്ക് ഭരണച്ചുമതലയോടൊപ്പം അക്കാദമിക്ക് പ്രവർത്തനങ്ങളും നടത്തേണ്ടതുകൊണ്ട് പഠനകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുവാൻ കഴിയുന്നില്ല.

11. പാറപ്പുറം പ്രദേശത്തു നിന്നുള്ള വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി നാലഞ്ചു കിലോമീറ്റർ യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. നിലവിലുള്ള പാറപ്പുറത്തെ L.P. സ്കൂൾ, ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12 നിലവിലുള്ള ബാലവാടികളിൽ കളിക്കോപ്പുകൾ ഉൾപ്പെടെയുള്ള ഭൗതികസാഹചര്യങ്ങൾ കുറവാണ്.

13. കലാകായിക – പ്രവർത്തിപരിചയസംരംഭങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതിനാൽ ജില്ലാ സംസ്ഥാന തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നില്ല.

14. സമീപപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് കുട്ടികളുടെ വലിയ ഒഴുക്കുണ്ട്. ഇതുമൂലം പഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.

15 സ്പെഷലിസ്റ്റ് അദ്ധ്യാപകരുടെ തസ്തികകൾ കുറവ് വരുന്നു.

16. S. S. L. C വിജയത്തിനുശേഷം എല്ലാവരും ഹയർ സെക്കണ്ടറികളിലേക്കും കോളേജുകളിലേക്കും തിരിയുകയാണ്. ഫലപ്രദമായ ഒരു ഗൈഡൻസ് പ്രോഗ്രാം ഈ മേഖലയിൽ ആവശ്യമായിട്ടുണ്ട്.

ഗ്രാമസഭകളിൽ പ്രശ്നങ്ങൾ ഉയർത്തുന്നതോടൊപ്പം തന്നെ ശ്രദ്ധേയമായ ധാരാളം നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ഭാവികാര്യങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഈ നിർദ്ദേശങ്ങൾ ഏറെ സഹായകമാകും.

1. എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക
2. 3 മുതൽ 5 വയസ്സു വരെയുള്ള എല്ലാവർക്കും പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുക.
3. കളിസ്ഥലം ഇല്ലാത്ത വിദ്യാലയങ്ങൾക്ക് അതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
4. അദ്ധ്യാപക നിയമനങ്ങൾ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ നടത്തുക.
5. എല്ലാ വിദ്യാലയങ്ങളും അതിന്റെ സർവ്വതോന്മുഖമായ വികസനത്തിനുതകുന്ന വിദ്യാലയ സമിതികൾ രൂപീകരിക്കുക.
6. സ്കൂൾ പി.ടി.എ, മാതൃസംഗമം എന്നിവ മാസത്തിൽ ഒരിക്കലെങ്കിലും വിളിച്ചു ചേർത്ത് അക്കാദമിക് കാര്യങ്ങൾ ചർച്ച ചെയ്യുകയും രക്ഷിതാക്കളിൽ ബോധവൽക്കരണ ശ്രമങ്ങൾ നടത്തുകയും ചെയ്യുക.
7. എല്ലാ പ്രൈമറി കുട്ടികൾക്കും ഉച്ചക്കഞ്ഞി വിതരണം ചെയ്യുക.
8. കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുക.
9. ഹെഡ്മാസ്റ്റർമാരെ ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കി അധികഭാരം കുറക്കുക.
10. ജനവിദ്യാ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കാൻ ബോധപൂർവ്വമായ ഇടപെടലുകൾ നടത്തുക.
11. നിലവിലുള്ള ഹൈസ്കൂളുകളിൽ 'പ്ലസ്ടു' സമ്പ്രദായം ആരംഭിക്കുക.
12. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും പോളി ടെക്നിക്കും സ്ഥാപിക്കുക.
13. പട്ടിക ജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.
14. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അദ്ധ്യാപകർ വഴിയും അയൽക്കൂട്ടം പ്രവർത്തകർ വഴിയും പരിഹാര ബോധനം നടത്തുക.
15. അക്കാദിമിക വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനുള്ള

ക്രമീകരണമുണ്ടാക്കുക.

16. 1000 കുട്ടികളിലധികമുള്ള ഹൈസ്കൂളുകളിൽ ഡപ്യൂട്ടി ഹെഡ്മാസ്റ്റർ പോസ്റ്റ് അനുവദിക്കുക.

17. അപ്പർ പ്രൈമറി സ്കൂളുകളിൽ ക്ലാർക്ക് പോസ്റ്റ്, എൽ.പി. സ്കൂളുകളിൽ പ്യൂൺപോസ്റ്റും അനുവദിക്കുക.

18. പ്രൈമറി ഹെഡ്മാസ്റ്റർമാരെ ക്ലാസ്സ് ചാർജിൽ നിന്നും ഒഴിവാക്കുക.

19. ഉന്നത വിദ്യാഭ്യാസത്തിനായി കാഞ്ഞൂരിൽ കോളേജ് സ്ഥാപിക്കുക

20. കംപ്യൂട്ടർ വിദ്യാഭ്യാസത്തിനായി കംപ്യൂട്ടർ സെന്റർ ആരംഭിക്കുക.

ഇത്തരത്തിൽ ക്രിയാത്മക പരിപാടികളിലൂടെ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളും നാടിന്റെ സാമൂഹ്യ-സാംസ്കാരിക കേന്ദ്രങ്ങളായി മാറണം. സമൂഹത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ പരിസ്ഥിതി അവബോധം വളർത്താനുള്ള പഠന കേന്ദ്രങ്ങളായും, തുടർ വിദ്യാകേന്ദ്രങ്ങളായും മാറണം. ഇങ്ങനെയുള്ള കൂട്ടായ്മ പഞ്ചായത്തിലെ വിദ്യാഭ്യാസ നവോത്ഥാനത്തിന് നാന്ദി കുറിക്കും.

■■■■■■■■

| വിദ്യാലയത്തിന്റെ പേര് | ബാലവാടികൾ<br>പ്രീ. പ്രൈമറി<br>നേഴ്സറി<br>എൽ.പി.<br>യു. പി<br>ഹൈസ്കൂൾ | Govt. | Aided | Unaided | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | കാമ്പസിന്റെ വിസ്തീർണ്ണം | കളിസ്ഥലം | വെറുതെ കിടക്കുന്ന സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആകെ | | | ആകെ | | | |
| തിരുനാരായണപുരം | ബാലവാടി | | √ | | | | 25 | | | 1 | | | |
| പുതിയേടം | ,, | | √ | | | | 25 | | | 1 | | | |
| പാറപ്പുറം | ,, | | √ | | | | 50 | | | | | | |
| വട്ടത്തറ | ,, | | √ | | | | 25 | | | 1 | | | |
| ഹെർബർട്ട് കോളനി | ,, | | √ | | | | 25 | | | 1 | | | |
| സെന്റ് ജോസഫ്സ് ചെങ്ങൽ | പ്രീ. പ്രൈമറി | | | √ | | | | | | 1 | | | |
| സെന്റ് ജോസഫ്സ് കാഞ്ഞൂർ | ,, | | | √ | | | | | | | | | |
| നേഗിൾ ഭവൻ, കഞ്ഞൂർ | ,, | | | √ | | | 40 | | | | | | |
| ഐശ്വര്യ ഗ്രാമം, പാറപ്പുറം | നഴ്സറി | | | √ | | | 25 | | | | | | |
| യൂണിയൻ L.P.S. കാഞ്ഞൂർ | എൽ. പി. | | √ | | 63 | 57 | 120 | | | 4 | 47 സെന്റ് | 10 സെന്റ് | |
| സെന്റ് മേരീസ് L.P.S. കാഞ്ഞൂർ | ,, | | √ | | 256 | 237 | 493 | | | 14 | 50 സെന്റ് | - - | |
| എം.കെ. എം. എൽ. പി. എസ്സ്.പാറപ്പുറം | ,, | | √ | | 164 | 145 | 309 | | | 10 | 1 ഏക്കർ 10 സെന്റ് | 95 സെന്റ് | |
| എസ്.ടി.എം. UPS പുതിയേടം | യു. പി | | √ | | 96 | 105 | 201 | | | 8 | - - | - - | |
| സെന്റ് ജോസഫ്സ് G.HS ചെങ്ങൽ | ഹൈസ്കൂൾ | | √ | | 393 | 1708 | 2101 | | | 24 | 3 ഏക്കർ | 1 ഏക്കർ | |
| സെന്റ് സെബാസ്ററ്യൻസ് H.S. കാഞ്ഞൂർ | ,, | | √ | | 1059 | - | 1059 | | | 40 | 3 ഏക്കർ 93 സെന്റ് | 1 ഏക്കർ 20 സെന്റ് | |
| സെന്റ് ജോസഫ്സ് C.G.HS. കാഞ്ഞൂർ | ,, | | √ | | - | 1130 | 1130 | | | 35 | 1 1/2 ഏക്കർ | 70 സെന്റ് | |
| അകവൂർ H.S.ശ്രീമൂലനഗരം | ,, | | √ | | 528 | 373 | 901 | | | 34 | 3.97 ഏക്കർ | 1 ഏക്കർ | |

# ആരോഗ്യം

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ആരോഗ്യ സുരക്ഷാ രംഗത്ത് ഏറെ മുന്നിലാണ്. വിദ്യാഭ്യാസപരമായ ഉയർച്ച, ശുചിത്വം, കുടുംബഭദ്രത എന്നിവയാണ് ഇതിനു കാരണമായിട്ടുള്ളത്. വിസ്തൃതിയിൽ ചെറുതെങ്കിലും ജനസംഖ്യയിൽ മുന്നിട്ടു നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞതിന് കാരണം നമ്മുടെ സംസ്കാരത്തിന്റേയും പരമ്പരാഗതമായ അറിവിന്റേയും മേന്മ തന്നെയാണ്.

വിദ്യാഭ്യാസ സിലബസ്സിൽ തന്നെ ആവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തുന്നതു മൂലം പ്രൈമറി തലത്തിൽ തുടങ്ങി നമ്മുടെ കുട്ടികൾ ആരോഗ്യ പരിപാലന വിഷയത്തിൽ ബോധവാന്മാരാകുന്നു. ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ ഉച്ച ഭക്ഷണ പദ്ധതിയാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഈ രംഗത്തെ മറ്റൊരു പ്രത്യേകത.

നമ്മുടെ സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലും വിവിധ ശാഖകളിലുള്ള ചികിത്സാലയങ്ങൾ സ്ഥാപിച്ചു കൊണ്ടുള്ള സർക്കാർ നടപടി പൊതുജനാരോഗ്യ പരിപാലന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് തന്നെ സഹായകമായി. A.D. 2000-ാംമാണ്ടിൽ പ്രതീക്ഷിക്കുന്ന നിലവാരത്തിൽ ഇപ്പോൾ തന്നെ കേരള സംസ്ഥാനം ഈ നേട്ടം കൈവരിച്ചതായാണ് ഐക്യരാഷ്ട്ര സഭയുടെ കണക്കുകൾ കാണിക്കുന്നത്.

കാഞ്ഞൂർ പഞ്ചായത്തും ആരോഗ്യ പരിപാലന കാര്യത്തിൽ ഏറെ മുന്നിട്ടു നിൽക്കുന്നു. ഭൂപ്രകൃതിയുടെ സവിശേഷതയും അനുകൂലമായ കാലാവസ്ഥകളും അന്തരീക്ഷ മലിനീകരണത്തിന്റെ കുറഞ്ഞ അളവും വർദ്ധിച്ച ശുദ്ധജല ലഭ്യതയും ഈ കൊച്ചു ഗ്രാമത്തെ ധന്യമാക്കുന്നുണ്ട്.

എങ്കിലും, രോഗിയെ അഥവാ രോഗത്തെ ചികിത്സിക്കുന്നതിനുപരിയായി അതു വരാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ നമുക്ക് ചെയ്യാൻ കഴിയും എന്നു നാം വിശദമായി ചിന്തിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ ജനനങ്ങളിൽ നല്ല ശതമാനം സാധാരണയായി തൊട്ടടുത്ത നഗര പ്രദേശങ്ങളിലെ ആശുപത്രികളിലാണ് നടക്കുന്നത്. അതുകൊണ്ട് ഈ പഞ്ചായത്തിലെ ജനന നിരക്ക് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. കഴിഞ്ഞ 2 വർഷങ്ങളിലായി രജിസ്റ്റർ ചെയ്യപ്പെട്ട ജനന മരണ കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം – മാസം | ജനനം | മരണം | | | |
|---|---|---|---|---|---|
| | | 50 വയസ്സിനു മുകളിൽ | 50 നും 10 നും ഇടയ്ക്ക് | 10 വയസ്സിൽ താഴെ | ആകെ |
| 1994 നവംബർ | 40 | 5 | – | – | 5 |
| ഡിസം. | 35 | 5 | 1 | – | 6 |
| 1995 ജനുവരി | 22 | 8 | 4 | 1 | 13 |
| ഫെബ്രുവരി | 32 | 7 | 2 | – | 9 |
| മാർച്ച് | 36 | 6 | 3 | – | 9 |
| ഏപ്രിൽ | 51 | 7 | 4 | – | 11 |
| മെയ് | 33 | 2 | – | 2 | 4 |
| ജൂൺ | 43 | 2 | 2 | 2 | 6 |
| ജൂലായ് | 42 | 7 | 2 | 1 | 10 |
| ആഗസ്റ്റ് | 31 | 11 | – | – | 11 |
| സെപ്തം | 33 | 7 | 2 | – | 9 |
| ഒക്ടോ | 24 | 6 | – | 1 | 7 |
| നവംബർ | 43 | 5 | 1 | – | 6 |
| ഡിസം | 35 | 5 | 1 | – | 6 |
| 1996 ജനുവരി | 24 | 13 | – | 1 | 14 |
| ഫെബ്രുവരി | 25 | 8 | – | – | 8 |
| മാർച്ച് | 56 | 8 | 3 | – | 11 |
| ഏപ്രിൽ | 30 | 4 | 3 | 1 | 8 |
| മെയ് | 43 | 15 | 3 | – | 18 |
| ജൂൺ | 41 | 10 | 2 | – | 12 |
| ജൂലായ് | 31 | 5 | – | – | 5 |
| ആഗസ്റ്റ് | 42 | 6 | 5 | 1 | 12 |
| സെപ്റ്റംബർ | 30 | 8 | 1 | 1 | 10 |
| ഒക്ടോബർ | 37 | 9 | 3 | – | 12 |

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ജനന മരണ നിരക്കുകൾ നിയന്ത്രണ വിധേയമാണ് എന്നാണ് കാണുന്നത്.

പഞ്ചായത്തിൽ നടത്തിയ സർവ്വെ അടിസ്ഥാനമാക്കി ചില പ്രധാന രോഗങ്ങളുടെ ശാരീരിക മാനസിക വൈകല്യങ്ങളുടെയും സ്ഥിതി വിവര കണക്ക് ഇവിടെ കൊടുക്കുന്നു.

| രോഗങ്ങൾ | ആകെ | വൈകല്യങ്ങൾ | ആകെ |
|---|---|---|---|
| കാൻസർ | 18 | അംഗവൈകല്യം | 154 |
| കുഷ്ഠം | ഇല്ല | മന്ദബുദ്ധികൾ | 26 |
| ഏയ്ഡ്സ് | ഇല്ല | അന്ധർ | 5 |
| ക്ഷയം | 26 | ബധിരർ | 8 |
| ആസ്മ | 180 | മൂകർ | 8 |
| മാനസികം | 10 | | |

പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ മാത്രം കൂടുതലായി കണ്ടുവരുന്ന ചില രോഗങ്ങളുടെയും വൈകല്യങ്ങളുടെയും കാരണങ്ങളും നിവാരണ മാർഗ്ഗങ്ങളും വിശദവും വിദഗ്ദ്ധവുമായ പഠനമർഹിക്കുന്നു.

വിവിധ വാർഡുകളിലുള്ള കോളനികളിൽ തിങ്ങി പാർക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങളിലാണ് ക്ഷയം, ആസ്മ തുടങ്ങിയ ചില രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ഇവർക്ക് വർഷത്തിന്റെ പകുതി ഭാഗവും ഈർപ്പം കൂടിയ അന്തരീക്ഷത്തിലാണ് ജീവിക്കേണ്ടി വരുന്നത്. സാമ്പത്തിക പരാധീനത ഈ പ്രദേശങ്ങളിലെ കുട്ടികളിലും മുതിർന്നവരിലും പോഷണ കുറവ് സംഭവിപ്പിക്കുന്നു.

കാലാവസ്ഥയുടെ മാറ്റത്തിനനുസൃതമായി വരുന്ന പനി, അഞ്ചാംപനി, ചെങ്കണ്ണ് മുതലായ രോഗങ്ങൾ പഞ്ചായത്തിൽ സാധാരണമാണ്. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കുറെ വർഷങ്ങളായി എല്ലാ കാലാവസ്ഥയിലും ചിക്കൻപോക്സ് എന്ന സാംക്രമിക രോഗം കണ്ടുവരുന്നുണ്ട്. മഞ്ഞപിത്തം അപൂർവ്വമായി കണ്ടുവരുന്നു. ത്വക് രോഗങ്ങൾ പല ഭാഗങ്ങളിലും കണ്ടുവരുന്നുണ്ട്. മദ്യപാനം, പുകവലി, ചിട്ടയില്ലാത്ത ഭക്ഷണക്രമം എന്നിവയാണ് ഇതിനു കാരണം. പരിസര മലിനീകരണം പ്രധാന കാരണമാണ്. കുട്ടികളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ത്വക് രോഗങ്ങൾ കുറവാണ്.

കുഷ്ഠം, വസൂരി എന്നീ രോഗങ്ങൾ പഞ്ചായത്തതിർത്തിയിൽ റിപ്പോർട്ടു ചെയ്യപെട്ടിട്ടില്ല. എന്നാൽ നമ്മുടെ നാട്ടിൽ നിന്നും നിഷ്ക്കാസനം ചെയ്യപ്പെട്ടു എന്നു കരുതിയ മലമ്പനി തിരിച്ചു വരുന്നു എന്ന വിവരം ആശങ്കാജനകമാണ്.

ജോലി തേടി അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്നവരും മറുനാടുകളിൽ ജോലി ചെയ്തു മടങ്ങുന്നവരുമായ ചിലരാണ് ഇതിന്റെ വാഹകർ. ഇതിന്റെ വെളിച്ചത്തിൽ, വരും തലമുറയെ ഇല്ലായ്മ ചെയ്യുവാൻ പര്യാപ്തമെന്ന് വിശേഷിപ്പിക്കപ്പെടുന്ന എയ്ഡ്സ് തുടങ്ങിയ മാരക രോഗങ്ങൾക്കെതിരെ ജാഗരൂകരാകാൻ നാം കൂടുതൽ ശ്രദ്ധിക്കേണ്ടി യിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പുതിയേടം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവ്വേദ ഡിസ്പൻസറി, പാറപ്പുറം, തുറവുങ്കര എന്നി വിടങ്ങളിലെ സബ്ബ് സെന്ററുകൾ എന്നിവയാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ചികിത്സാ കേന്ദ്രങ്ങൾ. ഇവയുടെ പ്രവർത്തനം തൃപ്തികരമാണ് എങ്കിലും രോഗിക ളുടെ എണ്ണത്തിനനുസൃതമായി മരുന്നുകൾ ലഭ്യമല്ല എന്ന വസ്തുത പോരായ്മയായി അവശേഷിക്കുന്നു. ഗർഭിണികൾക്കുള്ള പരിചരണവും ശിശുരോഗ പ്രതിരോധ നടപടി കളും ബോധവൽക്കരണങ്ങളും കുടുംബാസൂത്രണ നടപടികളും പഞ്ചായത്തിൽ നടന്നു വരുന്നു.

സ്വകാര്യ മേഖലയിൽ കാലടിയിലെ പി.എം.എം. ആശുപത്രി, കാഞ്ഞൂ രിലെ വിമല ആശുപത്രി എന്നിവയാണ് പ്രധാന ആതുരാലയങ്ങൾ. ഒരു അലോപ്പതി ഡിസ്പൻസറിയും മൂന്ന് ഹോമിയോ ഡിസ്പൻസറികളും നാല് ആയുർവ്വേദ ഔഷധ ശാലകളും സ്വകാര്യ മേഖലയിൽ നമ്മുടെ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

## പരിഹാര മാർഗ്ഗങ്ങൾ

1. രോഗ പ്രതിരോധ നടപടികൾ കൂടുതൽ ശക്തവും വ്യാപകവുമാക്കുക.
2 കോളനി പ്രദേശങ്ങളിൽ അംഗൻവാടികളും ബാലവാടികളും ആരംഭിക്കുകയും സൗജന്യപോഷകാഹാര വിതരണ പദ്ധതികളും ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.
3 ദീർഘകാല ചികിത്സ ആവശ്യമുള്ള നിർധനരായ രോഗികൾക്ക് സൗജന്യ വിദഗ്ദ ചികിത്സ ലഭ്യമാക്കുക
4 നിലവിലുള്ള സർക്കാർ ഡിസ്പൻസറികൾ ആശുപത്രികളായി വികസിപ്പിക്കുക
5. സർക്കാർ ആശുപത്രികളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ലഭ്യ മാക്കുക.

6 സൗജന്യ മെഡിക്കൽ ക്യാമ്പുകൾ ബോധവൽക്കരണ സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുക

7 സൗജന്യ രക്ത ഗ്രൂപ്പു നിർണ്ണയം ഏർപ്പെടുത്തുക, രക്തദാനം പ്രോത്സാഹിപ്പിക്കുക.

8 ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള ചികിത്സാ ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുക

9 പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും സൗജന്യമായി ഇൻഷ്വർ ചെയ്യുക

10 പഞ്ചായത്തിൽ ഹോമിയോ ആശുപത്രി ആരംഭിക്കുക

11 രോഗികളുടെയും രോഗത്തിന്റെയും കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിനു വേണ്ടി എല്ലാ ചികിത്സാ സ്ഥാപനങ്ങളിൽ നിന്നും മാസാന്ത്യ പ്രസ്താവനകൾ (Monthly Statement) ലഭ്യമാക്കുക; രജിസ്റ്ററുകൾ സൂക്ഷിക്കുക.

12 ഈ പഞ്ചായത്തിലെ മുഴുവൻ ജനനവും മരണവും സംബന്ധിച്ച വിവരങ്ങൾഅടങ്ങുന്ന രജിസ്റ്ററുകൾ ലഭ്യമാക്കുക

13 അംഗവൈകല്യം സംഭവിച്ചവരേയും മന്ദബുദ്ധികളേയും അന്ധ–ബധിര–മൂകരേയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാവശ്യമായ വിദ്യാലയങ്ങൽ തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിക്കുക

14 സർക്കാർ ചികിത്സാ സ്ഥാപനങ്ങളിലെ മരുന്നുകളുടെ അപര്യാപ്തത പരിഹരിക്കുക

15 അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക

16 സബ് സെന്ററുകൾ വർദ്ധിപ്പിക്കുക.

# കുടിവെള്ളം

മൂന്നുവശവും പെരിയാറിനാൽ അനുഗ്രഹിക്കപ്പെട്ട പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ ശുദ്ധജല ലഭ്യത പൊതുവെ മെച്ചമാണ്. എന്നാൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്ന പ്രദേശമാണ് 4,7 എന്നീ വാർഡുകൾ. മറ്റു വാർഡുകളിലും പല പ്രദേശത്തും ഭാഗികമായി കുടിവെള്ള ക്ഷാമം ഉണ്ട്. പഞ്ചായത്തിലെ കനാലുകളിൽ കൂടിയുള്ള ജലവിതരണം മുടങ്ങുമ്പോൾ കിണറുകൾ വറ്റുകയും ശുദ്ധജല ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. മാത്രമല്ല അനിയന്ത്രിതവും നിയമവിരുദ്ധവുമായ മണ്ണെടുക്കലും, മണൽ വാരലും മൂലം ഭൂഗർഭത്തിലെ ജലവിതാനം താഴ്ന്നു പോവുകയും തന്മൂലം കിണറുകളും ജലാശയങ്ങളും വറ്റുകയും ചെയ്യുന്നത് ശുദ്ധജല ക്ഷാമത്തിന് കാരണമാവുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കൂടുതലും ആശ്രയിക്കുന്നത് കിണറുകളെയാണ്. പൊതുകിണറുകളും ഇതിൽ ഉൾപ്പെടുന്നു. ചൊവ്വര വാട്ടർ വർക്സിൽ നിന്നും വിതരണം ചെയ്യുന്ന ജലവും അപൂർവ്വം കുഴൽ കിണറുകളിലെ ജലവും ശേഷിക്കുന്നവർ ഉപയോഗപ്പെടുത്തുന്നു.

## പരിഹാര മാർഗ്ഗങ്ങൾ

1. പഞ്ചായത്തിൽ വല്ലംകടവിലും പല്ലൻകടവിലും ശുദ്ധജല വിതരണ പദ്ധതികൾ സ്ഥാപിക്കുക.
2 നിലവിലുള്ള കനാലുകളിൽ കൂടിയുള്ള ജലവിതരണം കാര്യക്ഷമമാക്കുക
3 നിയമവിരുദ്ധമായ മണ്ണെടുക്കൽ, മണൽ വാരൽ ഇവ നിരോധിക്കുക.
4 പൊതു ടാപ്പുകൾ പുതിയതായി അനുവദിക്കുകയും നിലവിലുള്ള കേടുവന്ന ടാപ്പുകളും, പൈപ്പുകളും നന്നാക്കുകയും ചെയ്യുക.
5 കൂടുതൽ കുഴൽ കിണറുകളും പൊതു കിണറുകളും സ്ഥാപിക്കുക
6 നിലവിലുള്ളവ അറ്റകുറ്റ പണികൾ നടത്തി സംരക്ഷിക്കുക.

# പരിസര ശുചീകരണം

ആരോഗ്യ പരിപാലന കാര്യത്തിൽ പരിസര ശുചീകരണം അത്യന്താപേക്ഷിതമാണല്ലോ. ഈ വസ്തുത പരാമർശിക്കപ്പെടുമ്പോൾ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ട പ്രദേശങ്ങളാണ് ജനസാന്ദ്രത കൂടുതലുള്ള കോളനികൾ. സുരക്ഷിത കക്കൂസുകളുടെ അഭാവം ഈ പ്രദേശങ്ങളെ കുറച്ചൊന്നുമല്ല മലീമസമാക്കുന്നത്. പഞ്ചായത്തിലെ വിവധ പ്രദേശങ്ങളിലുള്ള അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങളും ചുറ്റുപാടുകളെ വൃത്തിഹീനമാക്കുന്നു. ഗതാഗത യോഗ്യമല്ലാത്ത റോഡുകളിൽകൂടി ഇരമ്പിപ്പായുന്ന ഭാരവണ്ടികളിൽ നിന്നും വമിക്കപ്പെടുന്ന പുകയും പൊടിപടലങ്ങളും പരിസര വാസികളെ ശ്വാസം മുട്ടിക്കുന്നു. വർദ്ധിച്ചു വരുന്ന ഇഷ്ടിക കളങ്ങളിൽ നിന്നും ഉയർന്നു പൊങ്ങുന്ന ചൂടും പുകയും അന്തരീക്ഷ മലിനീകരണത്തിന് കാരണമാണ്. അനതിവിദൂര ഭാവിയിൽ വെള്ളക്കെട്ടുകളായി മാറുന്ന ഈ ഇഷ്ടികക്കളങ്ങൾ കൊതുകുകളുടെ വിഹാര കേന്ദ്രമാവുകയും പരിസരത്തെ ദുഷിപ്പിക്കുകയും രോഗങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും. ഇതൊക്കെയാണ് നമ്മുടെ പഞ്ചായത്തിനു നേരിടുന്ന പരിസര ശുചീകരണത്തെ സംബന്ധിച്ച പ്രധാന വെല്ലുവിളികൾ.

## പരിഹാര മാർഗ്ഗങ്ങൾ

1 സ്വന്തമായി സ്ഥലമുള്ള നിർധനരായ എല്ലാവർക്കും കക്കൂസുകൾ സ്ഥാപിക്കുവാൻ ധനസഹായം ചെയ്യുക.

2 അറവുശാലകൾ ജനവാസം കുറഞ്ഞ ഭാഗങ്ങളിലേക്ക് മാറ്റുകയും മാലിന്യങ്ങൾ വേണ്ട വിധം സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക

3 പഞ്ചായത്തിലെ മുഴുവൻ റോഡുകളും വീതികൂട്ടി ടാർ ചെയ്യുക

4 ഇഷ്ടിക കളങ്ങൾ നിരോധിക്കുക

5 കൊതുകു നശീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക

6 റോഡുകളിലെ ഇരുവശങ്ങളിലും പുറമ്പോക്കു സ്ഥലങ്ങളിലും വൃക്ഷങ്ങളും ഔഷധ ചെടികളും നട്ടു പിടിപ്പിക്കുക

7 വീട്ടു പരിസരങ്ങളിൽ ഔഷധ ചെടികൾ നട്ടു പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക; ഔഷധചെടികൾ സൗജന്യമായി വിതരണം ചെയ്യുക

8 പഞ്ചായത്തിൽ പൊതു ശ്മശാനം പണിയുക

9 റോഡുകളുടെ കാനകൾ യഥാസമയം ശുചീകരിക്കുക

10 എയ്ഡ്സ്, ക്ഷയം, കുഷ്ഠം മുതലായ രോഗങ്ങൾക്ക് എതിരെ ബോധവൽക്കരണം നടത്തുക

11 മാങ്ങാതോട് പായൽ നീക്കി സൈഡ് വാൾ കെട്ടുക

12 കാലടി മാർക്കറ്റിൽ നിന്ന് ഉടുമ്പുഴ വഴി വരുന്ന മാലിന്യങ്ങൾ ചെങ്ങൽ തോടു വഴി പുഴ വരെ എത്തുന്ന പ്രശ്നമുള്ളതു കൊണ്ട് കാലടി പഞ്ചായത്ത് ബന്ധപ്പെട്ട് പരിഹരിക്കണം.

13 ചിറങ്ങര ചിറയിൽ മാലിന്യങ്ങൾ കെട്ടി നിൽക്കുന്നതിനാൽ ഇവ നീക്കം ചെയ്യണം.

# വ്യവസായം

കാഞ്ഞൂർ പഞ്ചായത്ത് ഒരു കാർഷികമേഖലയാണ്. കാർഷികാധിഷ്ഠിതമായ വ്യവസായത്തിനാണ് ഇവിടെ പ്രാധാന്യം നൽകേണ്ടത്. പരമ്പരാഗത വ്യവസായത്തിൽ പനമ്പ് നെയ്ത് മാത്രം പിടിച്ചു നിൽക്കുന്നു. മരപ്പണി മുരടിച്ചു നിൽക്കുന്നു. കളിമൺ വ്യവസായം അസ്തമിച്ച മട്ടിലാണ്. ഓടു വ്യവസായത്തിനുള്ള ഒരു ഫാക്ടറി ഇപ്പോഴും നിലനിൽക്കുന്നു. കൊല്ലപണിക്കും ആശാവഹമായ പുരോഗതി ഇല്ല. മോഡേൺ റൈസ് മില്ലുകൾ ഉൾപ്പെടെയുള്ള റൈസ്മില്ലുകൾക്ക് പുരോഗതിയുണ്ട്. എണ്ണയാട്ടുമില്ല്, ഈർച്ചമില്ല് എന്നിവയുണ്ടെങ്കിലും വൈദ്യുതി ക്ഷാമം ഈ മേഖലക്ക് പ്രശ്നം സൃഷ്ടിക്കുന്നു. ആധുനിക വ്യവസായത്തിൽ രണ്ട് പി.വി.സി. പൈപ്പ് ഫാക്ടറി ഉള്ളതിൽ ഒരെണ്ണം നിലച്ച മട്ടാണ്. സാമ്പത്തിക പരാധീനതയാണ് നിലയ്ക്കാൻ കാരണം. അടുത്ത കാലത്ത് ഉയർച്ച പ്രാപിച്ചിട്ടുള്ള ഇഷ്ടിക വ്യവസായം മണൽ വ്യവസായം എന്നിവ പരിസ്ഥിതി കാരണങ്ങളാൽ നിലനിർത്തുക അസാദ്ധ്യമാണ്. അന്താരാഷ്ട്രവിമാനത്താവളത്തിന്റെ വരവോടുകൂടി ധാരാളം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിലും കുടിൽ വ്യവസായമായും തുടങ്ങാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിനുണ്ട്

## തെങ്ങ്

തെങ്ങ് ഈ പഞ്ചായത്തിന്റെ മുഖ്യവിളയാണ്. ഇവിടെ സുലഭമായി ലഭിക്കുന്ന തേങ്ങയിൽ നിന്നും പുത്തൻ സാങ്കേതിക വിദ്യയുപയോഗിച്ച് നിർമ്മിക്കാവുന്ന സംസ്ക്കരിച്ച തേങ്ങാപ്പാൽ, തേങ്ങാപൊടി, തേങ്ങാവെള്ളം കൊണ്ടുള്ള പാനീയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരത്യാധുനിക ഫാക്ടറി നിർമ്മിക്കണം. വിദേശങ്ങളിൽ ഇതിന് നല്ല വിപണന സാധ്യതയുള്ളതും വിദേശപണം നമുടെ രാജ്യത്തേക്ക് കൊണ്ടുവരുന്നതിനും ഇതുമൂലം സാധിക്കും.

തേങ്ങാ തൊണ്ട് അഴുകിക്കുന്നതിനുള്ള പരിസ്ഥിതി പ്രശ്നം കണക്കിലെടുത്ത് പച്ചതൊണ്ടുപയോഗിച്ച് ചകിരിനാരുകൾ ഉണ്ടാക്കി വിപണനം ചെയ്യാൻ സാധിക്കും. ചിരട്ട ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകൾ സ്ഥാപിക്കണം. കത്തിച്ചുകളയുന്ന ഓല കുടിൽ വ്യവസായമായി മെടഞ്ഞ് വിൽക്കുന്നതിന് പ്രോത്സാഹനം നൽകണം. ഇവയെല്ലാം തന്നെ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കും. കൊപ്രയായും, കൊപ്ര ആട്ടിയും വിൽക്കപ്പെടുന്നതിന് വിപണന സാധ്യതയുണ്ട്.

## ജാതി

പഞ്ചായത്തിലെ രണ്ടാമത്തെ മുഖ്യവിളയാണ് ജാതി, ജാതിക്ക, ജാതിപത്രി

എന്നിവ ഇവിടെ സംസ്ക്കരിക്കുന്നില്ല എന്നാൽ ഉപയോഗശൂന്യമായി കളയുന്ന ജാതിക്കതൊണ്ട് ഉപയോഗിച്ച് പ്രിയമുള്ള അച്ചാർ ഉണ്ടാക്കാവുന്നതാണ്. വിദേശകമ്പോളത്തിലും ഇതിന് മാർക്കറ്റുണ്ടാകും. സഹകരണാടിസ്ഥാനത്തിൽ വനിതകളെ സംഘടിപ്പിച്ച് അച്ചാർ ഉണ്ടാക്കാവുന്നതാണ്.

**കവുങ്ങ്.**

പഞ്ചായത്തിൽ ഉണ്ടായിരുന്ന അടക്ക സംസ്ക്കരണ യൂണിറ്റ് കഴിഞ്ഞ കുറെ വർഷങ്ങളായി നിന്നുപോയി. ഒന്നോ രണ്ടോ യൂണിറ്റ് തുടങ്ങാൻ സാദ്ധ്യതയുണ്ട്.

**കപ്പയ്ക്ക**

കപ്പക്ക സംസ്ക്കരണ യൂണിറ്റ് 5 എണ്ണം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അത്യുൽപാദന ശേഷിയുള്ള കപ്പക്ക വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്ത് കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

**ഏത്തക്ക**

ഏത്തവാഴ ഇവിടുത്തെ ഒരു മുഖ്യ കൃഷിയാണ്. കപ്പയും സാമാന്യമായി കൃഷി ചെയ്യുന്നു. ഇവ ഉപയോഗിച്ച് ഉപ്പേരികൾ (ചിപ്പ്സ്) ഉണ്ടാക്കുന്ന ഏതാനും യൂണിറ്റുകൾ നിലവിലുണ്ട്. വനിതകൾ സൊസൈറ്റിയായി നടത്തുന്ന ഈ യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വേണ്ടത്ര പുരോഗതി നേടിയിട്ടില്ല. കൂടുതൽ സ്ഥലങ്ങളിൽ വനിതകളുടെ സൊസൈറ്റികൾ രൂപീകരിച്ച് ചിപ്സ് നിർമ്മിച്ച് വിപണനം നടത്താവുന്നതാണ്.

**നെല്ല്**

അരിയിൽ നിന്നും ദോശപ്പൊടി പുട്ടുപൊടി ആദിയായവ ഉണ്ടാക്കി വിപണനം ചെയ്യുന്നതിന് വനിത സൊസൈറ്റികൾ രൂപികരിക്കാവുന്നതാണ്. കൂടാതെ വൈക്കോൽ ഉപയോഗിച്ച് കൂൺ കൃഷി വ്യവസായവും നടത്തുവാൻ സാധിക്കും.

**പുഷ്പം**

അന്താരാഷ്ട്രവിപണിയിൽ പുഷ്പങ്ങൾക്ക് ഏറെ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ പുഷ്പകൃഷിനടത്തി വിപണനം ചെയ്യാവുന്നതാണ്. കുറ്റിമുല്ല, ഓർക്കിഡ് എന്നീ കൃഷിയേയും പ്രോത്സാഹിപ്പിക്കണം

**കറിപൗഡർ**

കറിപൗഡറിന്റെ ഉപയോഗം ഇന്ന് സർവ്വ സാധാരണമായി തീർന്നിട്ടുണ്ട് എന്നാൽ കറിപൗഡർ നിർമ്മിക്കുന്ന യൂണിറ്റുകൾ ഇവിടെ ഇല്ലെന്ന് തന്നെവേണം പറയാൻ. വനിത സൊസൈറ്റി രൂപികരിച്ച് കറിപൗഡർ വ്യവസായം നല്ല രീതിയിൽ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും.

**ചൂരൽ**

ചൂരൽ ഉപയോഗിച്ച് കസേര, ടീപ്പോയ്, കളിതൊട്ടിൽ, കട്ടിലുകൾ എന്നിവ കുടിൽ വ്യവസായമായി നടപ്പാക്കണം

**കുട്ട നെയ്ത്, മുറം നെയ്ത്**

ഈ വ്യവസായം ഇപ്പോൾ ശുഷ്കിച്ച് പോയിരിക്കുകയാണ്. കുടിൽ വ്യവസായമായി കുട്ട നെയ്ത് മുറം നെയ്ത് എന്നിവ പ്രോത്സാഹിപ്പിക്കണം. സ്ത്രീകൾക്ക് ധാരാളം തൊഴിലവസരങ്ങൾ ഇത് സൃഷ്ടിക്കും.

**വാഴനാരുകൊണ്ടുള്ള വസ്തുക്കൾ**

ഇവിടെ സുലഭമായി കിട്ടുന്ന വാഴനാരുപയോഗിച്ച് ധാരാളം ഇനം കരകൗശലവസ്തുക്കൾ നിർമ്മിക്കാവുന്നതാണ്. ഇത് കുടിൽ വ്യവസായമായും സഹകരണാടിസ്ഥാനത്തിലും പ്രോത്സാഹിപ്പിക്കണം.

**കൊക്കോ സംസ്ക്കരണം യൂണിറ്റ്**

പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കൊക്കോ കൃഷിയുണ്ട്. ഒരു കൊക്കോ സംസ്ക്കരണ യുണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കണം.

**പാലുൽപാദന വ്യവസായം**

പഞ്ചായത്തിൽ 4 പാൽ ഡയറികൾ പ്രവർത്തിക്കുന്നുണ്ട്. പാലിൽ നിന്നും വിവിധ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാനുള്ള ഒരു ഫാക്ടറി സ്ഥാപിക്കണം.

**കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്**

ധാരാളം റൈസ് മില്ലുകൾ ഈ പഞ്ചായത്തിൽ പ്രവൃത്തിക്കുന്നതുകൊണ്ട് തവിട് ആദിയായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റ ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കണം.

മേൽ പറഞ്ഞ ഉൽപന്നങ്ങൾ എല്ലാം തന്നെ വിപണനത്തിന് ബുദ്ധിമുട്ടില്ല. എന്നാൽ ഈ വ്യവസായങ്ങളെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങൾ വൈദ്യുതികട്ട് ഉള്ള സമയം പ്രോജക്ടുകൾ പ്രവൃത്തിപ്പിക്കുന്നതിന് ജനറേറ്റർ വാങ്ങുന്നതിന് പ്രോജക്ടിന്റെ പ്രവർത്ത ചെലവുകൾക്കും നാമമാത്ര പലിശ നിരക്കിൽ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ധന സഹായം വേണ്ട സമയത്തു കിട്ടുമെന്ന് ഉറപ്പു വാങ്ങണം.

**അച്ചാർ**

മാങ്ങാ നെല്ലിക്ക, നാരങ്ങ, ജാതിക്ക തൊണ്ട് ആദിയായവ കൊണ്ട് അച്ചാറുകൾ ഉണ്ടാക്കുന്നതിനുള്ള ഒരു യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്. മേൽ പറഞ്ഞവയക്കെല്ലാം തന്നെ വിദേശ കമ്പോളങ്ങളിൽ എത്തിച്ച് വിപണനം നടത്താൻ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വരവോടെ സാധ്യമാകുന്നതിനാൽ മെച്ചപ്പെട്ട രീതിയിൽ ഈ വ്യവസായങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും.

**പനമ്പ് നെയ്ത്**

ധാരാളം കുടുംബങ്ങൾ ഈ വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്നു. ആവശ്യത്തിന് ഈറ്റ കിട്ടാത്തതുമൂലം തൊഴിൽ മാന്ദ്യമുണ്ടാകുന്നു. ആവശ്യത്തിന് ഈറ്റ കിട്ടുന്നതിന് ബാംബു കോർപ്പറേഷനോട് ആവശ്യപ്പെടണം.

**കളിമൺ**

വേരറ്റുപോയ കളിമൺ വ്യവസായം പുനരാരംഭിക്കണം. ഉദ്യോന കൃഷികൾക്ക് ധാരാളം പൂച്ചട്ടികൾ ആവശ്യമായതിനാൽ പൂച്ചട്ടി നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം

**ഇഷ്ടിക**

വയർകട്ട, നാടൻകട്ട, മേശകട്ട എന്നീ ഇനങ്ങളിൽ പഞ്ചായത്തിൽ 20 ഓളം ഇഷ്ടിക കളങ്ങൾ പ്രവൃത്തിക്കുന്നുണ്ട്. പരിസ്ഥിതി പ്രശ്നം കാരണം ഈ വ്യവസായം പ്രോത്സാഹിപ്പിക്കാൻ പറ്റില്ല. പകരം സിമന്റിഷ്ടിക ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കണം.

**മണൽ**

അടുത്ത കാലത്തായി കൂടുതൽ പ്രചരിച്ച ഒരു വ്യവസായമാണ് മണൽ വ്യവസായം. പെരിയാറിൽ നിന്നുള്ള മണൽ വാരലാണ് ഇപ്പോൾ നടക്കുന്നത്. അശാസ്ത്രീയമായ മണൽ വാരൽ നിമിത്തം പരിസ്ഥിതി പ്രശ്നം രൂക്ഷമാകയാൽ മണൽ വാരൽ ഉടനടി നിർത്തുകയും ഈ മേഖലയിലെ തൊഴിലാളികളെ മറ്റു മേഖലകളിലേക് തിരിച്ചുവിടുകയും ചെയ്യണം.

**എംബ്രോയിഡറി**

ഏറ്റവും വിജയ സാധ്യതയുള്ള ഒന്നാണ് ഏംബ്രോയിഡറി വ്യവസായം. നാമമാത്രമായി മാത്രം നിലനിൽക്കുന്ന ഈ ഇനങ്ങൾ വനിതാ സഹകരണ സംഘം രൂപീകരിച്ചു വിപുലമായ തോതിൽ എംബ്രോയിഡറി വ്യവസായം നടപ്പാക്കണം.

**പി.വി.സി. പൈപ്പ്**

രണ്ടു യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും സാമ്പത്തിക ഞെരുക്കം മൂലം ഒരെണ്ണം പ്രവർത്തിക്കുന്നില്ല. സാമ്പത്തിക പരിഹാരം കണ്ട് ഇതും കൂടി പ്രവൃത്തിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

# ഊർജ്ജം ഗതാഗതം

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ ഊർജ്ജത്തിന്റെ ഉപയോഗം 4 പ്രധാന വിഭാഗമായി തിരിയ്ക്കാം.:-

**1) ഗാർഹികം**

ഏകദേശം 90% ഗൃഹങ്ങളിൽ വൈദ്യുതി ഉപയോഗിക്കുന്നു. പാചകാവശ്യത്തിന് വിറക്, മണ്ണെണ്ണ, ഗ്യാസ് എന്നിവയാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണ ഉപയോഗിക്കുന്നവർ കുറവാണ്. മണ്ണെണ്ണയുടെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്നു. ഗ്യാസ് വളരെ കുറവ് വീടുകളിലേ ഉപയോഗിക്കുന്നുള്ളൂ. വിറകിന്റെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇന്ധനക്ഷമതയുള്ള അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം. ഗ്യാസ് കണക്ഷൻ ഈ പഞ്ചായത്തിൽ അനുവദിക്കപ്പെട്ടിട്ടില്ല. പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ സൗരോർജ്ജം ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ബയോഗ്യാസ് പ്ലാന്റുകളും തീരെ നടപ്പിലായിട്ടില്ല. വൈദ്യുതി വിതരണം കാലടി മേജർ സെക്ഷന്റെ കീഴിൽ ആണ് നിയന്ത്രിക്കപ്പെടുന്നത്. പുതിയ കണക്ഷനുകൾ കൊടുക്കാൻ സാധാരണക്കാരന് വലിയബുദ്ധിമുട്ടനുഭവപ്പെടുന്നു. സാധനസാമഗ്രികളുടെ ദൗർലഭ്യമാണ് മുഖ്യ കാരണമായി K.S.E.Board പറയുന്നത്. ട്രാൻസ്ഫോമറുകൾ ഓവർ ലോഡ് ആകുന്നത് കൊണ്ട് വോൾട്ടേജ് ക്ഷാമം ചിലയിടങ്ങളിൽ രൂക്ഷമാണ്. കാലാകാലങ്ങളിൽ ഉണ്ടാകേണ്ട അറ്റകുറ്റപ്പണികളും ലൈനിൽ മുട്ടികിടക്കുന്ന വൃക്ഷങ്ങളുടേയും മറ്റും ശിഖരങ്ങൾ വെട്ടി മാറ്റാനുള്ള കാലതാമസവും വോൾട്ടേജ് ക്ഷാമവും ഇടയ്ക്കിടെയുള്ള ലോഡ് ഷെഡ്ഡിംഗും മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് വളരെ ഏറെയാണ്. ഗാർഹികകണക്ഷനുകൾ ഈ പഞ്ചായത്തിൽ 3995 എണ്ണമുണ്ട്. ഇതിൽ 270 എണ്ണം സൗജന്യമായി വൈദ്യുതി ഉപയോഗിക്കുന്നവരാണ്. (N. P. Group)

**2) വ്യാവസായികം**

വ്യവസായ മേഖലയുടെ ആവശ്യങ്ങൾ അനുസരിച്ച് വൈദ്യുതി ലഭിക്കുന്നില്ല. പവർകട്ട് വ്യാവസായിക മേഖലയെയും പഞ്ചായത്തിന്റെ വരുമാനത്തേയും സാരമായി ബാധിക്കുന്നു. വ്യവസായിക കണക്ഷനുകൾ 135 എണ്ണമുണ്ട്.

**3) കാർഷികം**

വൈദ്യുതിയാണ് പ്രധാനമായും ഊർജ്ജസ്രോതസ്സ്. കാർഷിക വൈദ്യുതികണക്ഷനുകൾ 670 എണ്ണം പഞ്ചായത്തിൽ ഉണ്ട്.

സ്ട്രീറ്റ് ലൈറ്റ്

| ബൾബ് | ട്യൂബ് | മെർക്കുറിവേപ്പർ | സോഡിയം വേപ്പർ |
|---|---|---|---|
| 554 | 65 | 1 | - |

| | |
|---|---|
| 11 KB Line - | 24 KMS |
| LT Single Phase line<br>3 Phase line } | 138.5 K. M. |

| | |
|---|---|
| ആകെയുള്ള L. T. ട്രൻസ്ഫോർമറുകൾ 33 | ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ - 5 |

| നിലവിലുള്ള വൈദ്യുത ഉപഭോക്താക്കൾ | തൻവർഷംകൊടുത്ത കണക് ഷനുകൾ | കണക് ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ എണ്ണം |
|---|---|---|
| ഗാർഹികം - 4000 | ഓർഡിനറി - 47 | 256 |
| വ്യാവസായികം - 15 | O. T. P - 33 | 28 |
| വ്യാപാരം - 315 | -DYCE - 257 | 79 |
| കാർഷികം - 6% | | |

**4) വാണിജ്യം**

പ്രധാനമായും വൈദ്യുതിയാണ് ഊർജ്ജമായി ഉപയോഗിക്കുന്നത്. ഈ ഇനത്തിൽ വൈദ്യുതി കണക്ഷനുകൾ 315 എണ്ണമാണ്.

**ഊർജ്ജരംഗം നേരിടുന്ന മുഖ്യ പ്രശ്നങ്ങൾ**

1) **വോൾട്ടേജ് ക്ഷാമം** :- പുതിയേടം, തിരുനാരയണപുരം, ചെങ്ങൽ, സമീക്ഷയുടെ കിഴക്കുഭാഗം, വട്ടത്തറ തുടങ്ങിയ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ ഓവർലോഡ് ആയതുകൊണ്ടും 3 ഫേസ് ലൈനുകളിൽ കണക്ഷനുകൾ ആനുപാതികമായി

വിഭജിക്കാത്തതുകൊണ്ടും, ചെമ്പ് കമ്പികൾ മാറ്റി അലുമിനിയം ലൈനുകൾ ആക്കാത്തതുകൊണ്ടും വോൾട്ടേജ് ക്ഷാമം രൂക്ഷമാകുന്നു. പുതിയ കണക്ഷനുകളും മോഡേൺ റൈസ് മില്ലുകളും അനുവദിക്കുമ്പോൾ ഒന്നു കൂടി വർദ്ധിക്കുന്നു.

2) ലൈനുകളിലെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടക്കാത്തതുകൊണ്ടും 'ടച്ചിംഗ്സ്' വെട്ടിമാറ്റാത്തതും പ്രശ്നങ്ങൾ ഗുരുതരമാക്കുന്നു.

3) സ്ട്രീറ്റ് ലൈറ്റുകൾ നല്ലൊരു ശതമാനം കത്താതെ കിടക്കുന്നു. പുതിയ സ്ട്രീറ്റ്ലൈറ്റ് കണക്ഷനുകൾ അത്യാവശ്യമുള്ളിടത്ത് കിട്ടുന്നില്ല. ബൾബുകളും മറ്റുപകരണങ്ങളും കാര്യക്ഷമതകുറഞ്ഞവയും ലൈനുകൾ പെട്ടെന്ന് കേടുവരുന്നതുകൊണ്ട്, പലയിടങ്ങളിലും അപകടകരങ്ങളായിനില്ക്കുന്നു.

4) പറമ്പുകളിൽകൂടി പോകുന്ന പല ലൈനുകളും KSEBയ്ക്കും നാട്ടുകാർക്കും പ്രയോജനമുള്ളത് റോഡിലേക്ക് മാറ്റാത്തതുകൊണ്ട് അനാവശ്യമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

5) പാചകവാതകം വ്യാപകമായി പഞ്ചായത്തിൽ ലഭിക്കാത്തതുകൊണ്ട് ഇന്ധനത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

6) പാരമ്പര്യേതര ഊർജ്ജമേഖല ഫലപ്രദമായി ഈ പഞ്ചായത്തിൽ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം.

7) 4 സെന്റ് കോളനി ദളിത്/ആദിവാസികൾക്ക് വൈദ്യുതി എത്തിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ.

**പരിഹാരനിർദ്ദേശങ്ങൾ**

1) പാചകാവശ്യത്തിന് ഈ പഞ്ചായത്തിൽ ഗ്യാസ് കണക്ഷൻ കിട്ടുന്നതിന് നിയമങ്ങളിൽ മാറ്റം വരുത്തണം. വിതരണം പഞ്ചായത്ത് നടത്തുക. ഇന്ധനലാഭത്തിന് പ്രഷർകുക്കർ മുതലായവ പ്രചരിപ്പിക്കണം.

2) പൊതുജനസഹകരണത്തോടെ സാമൂഹ്യവല്കരണ പദ്ധതികൾ സ്കൂളുകൾ/കോളേജുകൾ/സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് തിരഞ്ഞെടുത്ത Plot കളിൽ പ്രോത്സാഹനം നൽകി വനവല്ക്കരണം ജനപങ്കാളിത്തത്തോടെ നടപ്പാക്കുക. വിറകിന്റെ ഉല്പാദനം വർദ്ധിപ്പിക്കാം.

3) ഇന്ധനക്ഷമതയുള്ള 'പരിഷത്ത്' (പുകയില്ലാത്ത ചെലവുകുറഞ്ഞ) അടുപ്പുകൾക്ക് വ്യാപകമായ പ്രചാരം ക്യാമ്പുകൾ നടത്തി സാധിക്കുക.

4) വൈദ്യുതി ലൈനുകളിലെ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ഓരോ ഏരിയയിലും പൊതുജന ബോധവല്ക്കരണത്തോടെ വൃക്ഷശിഖരങ്ങൾ സമയാസമയങ്ങളിൽ മുറിച്ചു മാറ്റി വോൾട്ടേജ് നഷ്ടവും അപകടവും ഒഴിവാക്കാൻ സന്നദ്ധപ്രവർത്തനത്തിന് സ്ക്വാഡുകൾ രൂപവൽക്കരിക്കുക. ("നാട്ടുകൂട്ടവും" "അയൽക്കൂട്ടവും" സംഘടിപ്പിക്കുക)

5) ഊർജ്ജലാഭമുള്ള വൈദ്യുതദീപങ്ങൾ പ്രചരിപ്പിക്കുക.

6) ഉപഭോക്താക്കളുടെ എണ്ണം കണക്കാക്കി നിലവിലുള്ള ട്രാൻസ്ഫോമറുകൾ കാര്യക്ഷമമായ സ്ഥലത്തേയ്ക് മാറ്റുകയും പുതിയവ വേണ്ടിടത്ത് സ്ഥാപിക്കുകയും ചെയ്യുക. സിങ്കിൾ ഫേസ് ലൈനുകൾ മാറ്റി ത്രീഫേസ് ലൈനുകൾ സ്ഥാപിക്കുകയും ഓരോ ലൈനിലേയും ഉപഭോഗം ഏകദേശം തുല്യമായി വീതിച്ച് കണക്ഷനുകൾ പുനർനിർണ്ണയം ചെയ്യുക. കോപ്പർ കമ്പികൾ മാറ്റുക.

7) പാരമ്പര്യേതര ഊർജ്ജമേഖല വ്യാപകമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കേന്ദ്രപാരമ്പര്യേതര ഊർജ്ജവകുപ്പിന്റെ സഹായം ലഭ്യമാക്കുക.

8) ബയോഗ്യാസ് പ്ലാന്റുകൾ പ്രചാരത്തിലാക്കുക.

9) ഉദ്ദേശം 6000 കണക്ഷനുള്ള ഈ ഗ്രാമപഞ്ചായത്തിന് കാഞ്ഞൂർ കേന്ദ്രമാക്കി ഒരു KSEB സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് വൈദ്യുതിയുടെ ലഭ്യതയ്ക്ക് ഏറെ ഗുണകരമാണ്.

10) നിലവിലുള്ള വൈദ്യുത ലൈനുകൾ കാര്യക്ഷമമായി സൗകര്യപ്രദമായ രീതിയിൽ പുനർനിർമ്മിക്കുക.

11) വഴി വിളക്കുകൾ ഇല്ലാത്തയിടങ്ങളിൽ ഫ്ളൂറസെന്റ് ട്യൂബുകൾ കാര്യക്ഷമമായി കത്തിക്കാൻ നടപടിയെടുക്കുക.

12) ദളിത്/ഗിരിജനങ്ങളും മറ്റുള്ളവരും ധാരാളമുള്ള ചെങ്ങൽ അമ്പലനട-ഗിരിജൻ-4 സെന്റ് കോളനി റോഡിൽ ലൈൻ മാറ്റി സ്ഥാപിച്ച് മൂന്ന് ഫേസ് ലൈനും വഴിവിളക്കുകളും അടിയന്തിരമായി സ്ഥാപിക്കുക.

# ഗതാഗതം

## റോഡുകൾ

ഗ്രാമസഭയിൽ ജീവസുറ്റ ചർച്ചയും നിർദ്ദേശങ്ങളും പരാതികളും റോഡുകളുടേയും ഡ്രെയിനേജിന്റേയും കാര്യത്തിലാണ്. പ്രധാന റോഡുകൾ ആലുവ-കാലടി റോഡ്, ശ്രീമൂലനഗരം-വല്ല്യൂറോഡ്, ശ്രീമൂലനഗരം-തുറവുങ്കര, പുതിയേടം-മുടിക്കൽ(കോവിലകം) കാഞ്ഞൂർ-ആറങ്കാവ്, പാറപ്പുറം-ആറങ്കാവ്, പാറപ്പുറം-മാച്ച് ഫാക്ടറി റോഡ്, തിരുനാരായണപുരം റോഡ് (പാലസ്) ചെങ്ങൽ-മറ്റൂർ (ഓട്ടുകമ്പനി) റോഡ്, കാഞ്ഞൂർ-തുറവുങ്കര റോഡ്. ആലുവ-കാലടി റോഡിന്റെ ഗതാഗതതിരക്കിൽസാധാരണയാത്രക്കാരന്(സൈക്കിൾ-ടൂവീലർ-കാൽനട) പേടിസ്വപ്നമായിതീർന്നിരിക്കുന്നു. വിമാനത്താവളത്തിലേക്കുള്ള കരിങ്കല്ലു കൊണ്ടുപോകുന്ന ടിപ്പർ-ലോറികൾ അനിയന്ത്രിതമാംവിധം ജനത്തിരക്കിൽ പലഅപകടങ്ങളും ഉണ്ടാക്കിയാണ് കടന്നു പോകുന്നത്. റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് കാലതാമസം ഉണ്ടാകുന്നതുകൊണ്ട് വശങ്ങളിലെ കുണ്ടും കുഴിയും മൂലം യാത്ര ദുഷ്ക്കരമാണ്. പ്രത്യേകിച്ചും സന്ധ്യകഴിഞ്ഞുള്ള സമയങ്ങളിൽ -(ലോഡ് ഷെഡ്ഡിങ്ങുണ്ടെങ്കിൽ സ്ഥിതി പിന്നെയും രൂക്ഷമാകുന്നു). മഴ വളരെ കൂടിയ പ്രദേശമായതുകൊണ്ട് മണ്ണ്-മെറ്റൽ റോഡുകൾ പെട്ടെന്ന് മോശമാവുകയും യാത്ര ബുദ്ധിമുട്ടാവുകയും ചെയ്യുന്നു.

## ഡ്രെയിനേജ്

പ്രധാന റോഡായ കാലടി-ആലുവ റോഡിന്റെ ചെങ്ങൽ കമ്പനിപ്പടി മുതൽ പരുത്തിച്ചുവട് വരെയുള്ള കാനകൾ ഭാഗീകമായി പണിതീർത്തു. ഉദ്ദേശം 150 മീറ്റർ കൂടി കാന തീർത്താൽ ചെങ്ങൽ പരുത്തിച്ചുവട്ടിൽ നിന്നും മഴക്കാലത്ത് വെള്ളം ചെങ്ങൽ തോട്ടിൽ വീണ് റോഡ് കേടുകൂടാതെ സംരക്ഷിക്കാം. ഓട്ടുകമ്പനിപ്പടിയിലെ വീതികുറഞ്ഞ് താഴ്ന്നു കിടക്കുന്ന കലുങ്ക് ഉയർത്തി വീതി കൂട്ടിയില്ലെങ്കിൽ ചെങ്ങൽ-മറ്റൂർ Bye-Pass റോഡ് ഗതാഗതം ദുരിത പൂർണ്ണവും അപകടകരവും ആകും. കമ്പനിപ്പടി-ആറാട്ടുകടവ് റോഡിൽ മൂന്നടിയിൽ കൂടുതൽ വെള്ളം മഴക്കാലത്ത് കെട്ടികിടക്കാനും കാരണമാകുന്നു.

ചെങ്ങൽ കോൺവെന്റിന് വടക്കോട്ട് ഇപ്പോഴുള്ള ഡ്രെയിനേജ് കനാൽ പാടത്തേക്ക് നീട്ടി വൃത്തിയായി കെട്ടി എടുത്താൽ അതിന്റെ വശത്തുള്ള റോഡ് വട്ടത്തറയ്ക്കുള്ള Bye-pass ആയി ഉപയോഗയോഗ്യമാക്കാനും വണ്ടികൾക്ക് പോകാനും

കഴിയും. ഇപ്പോൾ കാൽനടക്കാർ ഉപയോഗിക്കുന്നുണ്ട്. അതിന്റെ 70% ഭാഗം സന്നദ്ധപ്രവർത്തനം വഴി വീതി കൂട്ടിയിട്ടുണ്ട്. ബാക്കി കൂടി അടിയന്തിരമായി തീർത്ത് അങ്ങോട്ടുള്ള ഡ്രെയിനേജും റോഡും സുഗമമാക്കാം.

മണ്ണ് – ചരൽ റോഡുകൾ മിക്കവയും മഴക്കാലത്ത് വെള്ളം കുത്തിയൊഴുകി റോഡുകൾ തകർന്ന് കാനകൾ അടഞ്ഞ് നാശമാകുന്നു. പഞ്ചായത്തിന്റെ പരിമിതമായ വരുമാനം ഉപയോഗിച്ച് എല്ലാ റോഡുകളും അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്.

**പാലങ്ങൾ**

1) താളിപ്പാറ പാലം അത്യാവശ്യമായി പൊളിച്ച് പുതിയ പാലം കെട്ടേണ്ടതാണ്. പാറപ്പുറം, പുതിയേടം, വല്ലംകടവ്, ശ്രീമൂലംനഗരം, ആലുവ മുതലായ സ്ഥലങ്ങളിലേയ്ക്കും കാഞ്ഞൂർ പള്ളിയിലേയ്ക്കും പോകേണ്ട പ്രധാനപ്പെട്ട റോഡാണിത്.

2) വല്ലംകടവിൽ പെരിയാറിന് കുറുകേ പുതിയതായി ഒരു പാലം പണിയേണ്ടതാണ്. വളരെ പഴയതും പുരാണ പ്രാധാന്യമുള്ളതുമായ ഈ പ്രദേശത്തുനിന്നും ജില്ലാ ആസ്ഥാനമായ കാക്കനാട്ടേയ്ക്ക് ദൂരം സാരമായി കുറയ്ക്കുന്ന ഒരു പ്രധാന റോഡാക്കി എടുക്കാവുന്നതാണ്.

**വിമാനത്താവളം**

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനിടയിൽ കാലടി–ആലുവ റോഡിൽ കൂടി യത്ര ദുഷ്ക്കരമാക്കിയിരിക്കുന്നു. റോഡ് തകർന്നും–വണ്ടികളുടെ മത്സര ഓട്ടവും (ചൊവ്വര റെയിൽവേ ഗേറ്റിൽ നിന്ന് ഒന്നിച്ചു വരുന്ന ബസ്സുകൾ ) സ്വതവേ വീതി കുറഞ്ഞ ഈ റോഡിലെ തിരക്ക് ഇനിയും കൂടിക്കൊണ്ടിരിക്കും. വിമാനത്താവളത്തിന്റെ സ്ഥലമെടുക്കുമ്പോൾ ഒറ്റപ്പെട്ടു പോകുന്ന തുറവുങ്കര ഹെർബർട്ട്യ് റോഡ് ചെങ്ങൽ പാലത്തിനടുത്ത് കാലടി–ആലുവ റോഡിലേയ്ക്ക് തുറന്ന് അവിടുത്തുകാരുടെ യാത്രാക്ലേശം പരിഹരിക്കാം.

**ഗതാഗതം**

നിർത്തിവച്ച ബസ്സ് സർവ്വീസുകൾ ഈ പഞ്ചായത്തിലേക്ക് തുടർന്നും നടത്താൻ നടപടിയെടുക്കേണ്ടതാണ്. പുതിയതായി പാറപ്പുറം , തിരുനാരായണപുരം, വെള്ളാരപ്പിള്ളി പ്രദേശങ്ങളിലേക്ക് സർവ്വീസുകൾ അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

- പ്രധാനപ്പെട്ട പ്രശ്നങ്ങൾ - സംഗ്രഹം-

1) റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ കുറ്റമറ്റതരത്തിൽ നടത്താറില്ല.

2) നിലവിലുള്ള റോഡുകൾ മഴക്കാലങ്ങളിൽ വെള്ളം കുത്തിയൊലിച്ച് നശിക്കുന്നു.

3) വെള്ളം ഒഴുകിപ്പോകാൻ കാനകൾ കൃത്യമായി കെട്ടിസൂക്ഷിക്കുന്നില്ല. കാനകളിലെ മണ്ണ് എല്ലാ വർഷവുംനീക്കുന്നതിന് വാർഡുതോറും സന്നദ്ധപ്രവർത്തനം വഴി സാമ്പത്തിക പ്രശ്നം പരിഹരിക്കാവുന്നതാണ്.

4) കലുങ്കുകൾ ആവശ്യമായിടത്ത് ഉയർത്തുകയും വീതികൂട്ടുകയും ചെയ്യാത്തതുകൊണ്ട് റോഡുകളും കാനകളും നശിക്കുന്നു -ഗതാഗതയോഗ്യമല്ലാത്ത റോഡുകളായിത്തീരുന്നു.

5) നിലവിലുള്ള ചരൽ-മെറ്റൽ-മൺറോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതുകൊണ്ട് നിലവാരം തീരെ മോശമാണ്.

6) ഓടകൾ ഇല്ലാത്തതുകൊണ്ട് പല ചെറിയതും വലുതുമായ റോഡുകൾ നശിക്കുന്നത് അടിയന്തിരപ്രധാന്യമർഹിക്കുന്നു.

7) കാഞ്ഞൂർ നിന്ന് കാലടി ടൗൺ കൂടിയുള്ള ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിന് ബൈ-പാസ്സ് റോഡുകളായി ചെങ്ങൽ കോൺവെന്റിന് മുൻവശം ടെലിഫോൺ എക്സ്ചേഞ്ചിന് മുൻവശത്തുള്ള ഉടുമ്പുഴ പാലത്തിനടുത്തേയ്ക്ക് പുതിയ റോഡ് ഉണ്ടാക്കേണ്ടതാണ്.ചെങ്ങൽ ഓട്ടു കമ്പനിപ്പടി-മറ്റൂർ റോഡും ബൈ-പാസ്സ് ആയി ഉപയോഗിക്കാൻ താരതമ്യേന ഭീമമായ ചെലവില്ലാതെ നിലവിലുള്ള റോഡിന്റെ സൗകര്യം മെച്ചപ്പെടുത്തിയാൽ സാധിക്കുന്നതാണ്.

8) താളിപ്പാറ പാലം പാരലലായി പുതിയ പാലവും വല്ലംകടവിൽ പുതിയ പാലം ഉണ്ടാക്കുകയും ചെയ്യുക.

9) വിമാനത്താവളം വരുന്നതുകൊണ്ട് യാത്രാക്ലേശം വരുന്ന പ്രദേശത്തെ റോഡുകൾക്ക് മെയിൻ റോഡുമായി സുഗമമായ യാത്ര ഉറപ്പാക്കുക.

10) ഭാരവണ്ടികൾ/മണൽ കയറിപ്പോകുന്ന റോഡുകൾ ടാർ ചെയ്യുകയും പുഴയുടെ കടവുകൾ കോൺക്രീറ്റ് ചെയ്യുകയും അത്യാവശ്യമാണ്.

11) റോഡ് മരാമത്ത് പണികൾ അഴിമതിരഹിതമാക്കിത്തീർക്കുക.

# ഭവനനിർമ്മാണം



ചെറിയ കുന്നുകളും സമലതങ്ങളും ചേർന്നതാണ് പൊതുവെ കാഞ്ഞൂർ പഞ്ചാ.യത്ത്. 25 വർഷങ്ങൾക്കു മുമ്പു വരെ വേണ്ടത്ര വാസയോഗ്യമായ വിധത്തിലായിരുന്നില്ല വീടുകളുടെ സ്ഥിതി. തറയും ഭിത്തിയും മണ്ണുകൊണ്ട് നിർമ്മിച്ച്, ഓലയും വൈയ്ക്കോലും മേഞ്ഞ് വേണ്ടത്ര വായു സഞ്ചാരമില്ലാത്ത വിധം നിർമ്മിച്ചവയായിരുന്നു ഏറെയും വീടുകൾ. കുറെയേറെ ഓടു മേഞ്ഞ വീടുകളും ഉണ്ടായിരുന്നു. ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയെ ആശ്രയിച്ചും കൂലിപ്പണിയെടുത്തുമാണ് ജീവിതം നയിച്ചിരുന്നത്. വളരെ അപൂർവ്വമായി മാത്രമേ കോൺക്രീറ്റ് കെട്ടിടങ്ങൾ അന്ന് ഉണ്ടായിരുന്നുള്ളൂ. സമൂഹം അതിവേഗം കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും അണുകുടുംബവ്യവസ്ഥയിലേക്ക് മാറുന്നതിന്റെ സ്വാധീനം പാർപ്പിടമേഖലയിൽ ദൃശ്യമാണ്. വീടുനിർമ്മാണത്തിന്റെ അനുപാതം വർഷം തോറും വർദ്ധിച്ചു വരുന്നതായി കാണുന്നു. അടുത്ത കാലത്തായി വീടുനിർമ്മാണത്തിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ വൈയ്ക്കോൽ മേഞ്ഞ വീടുകൾ ഒന്നും തന്നെയില്ല. വളരെ അപൂർവ്വമായി മാത്രം ഓല മേഞ്ഞ വീടുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായിട്ടുണ്ട്. ഓലയും വൈയ്ക്കോലും മേഞ്ഞ വീടുകളുടെ സ്ഥാനത്ത് ഓട് മേഞ്ഞ വീടുകളും കോൺക്രീറ്റ് കെട്ടിടങ്ങളും സ്ഥാനം പിടിച്ചു. ഇപ്പോൾ പുതിയതായി പണിയുന്നത് 80% വും കോൺക്രീറ്റ് കെട്ടിടങ്ങളുമാണ്. അതിൽ ഏതാണ്ട് പത്ത് ശതമാനവും ഇരുനിലകെട്ടിടങ്ങളാണ്. സാമ്പത്തിക നിലവാരം അനുസരിച്ച് കെട്ടിടങ്ങളുടെ തറ സിമന്റും, അതിൽ നിന്ന് മൊസൈക്കിലേക്കും ഇപ്പോൾ മാർബിളിലേക്കും മാറിക്കൊണ്ടിരിക്കുകയാണ്.

10 വർഷം മുമ്പുവരെ വീടുകൾ പണിയുന്നതിന് പ്രധാന അസംസ്കൃവസ്തുക്കളായ ചെങ്കല്ല്, മരം, മണൽ, എന്നിവ സുലഭമായിരുന്നു. മറ്റ് പല പഞ്ചായത്തുകളെ അപേക്ഷിച്ച് മെച്ചപ്പെട്ട രീതിയിലുള്ള ജലസേചനസൗകര്യങ്ങൾ ഉള്ളതുകൊണ്ട് ഉള്ള ഭൂമിയിൽ വിവിധ രീതിയിലുള്ള കാർഷികവിളകൾക്ക് ഉപയോഗിക്കുന്നതുകൊണ്ട് പഞ്ചായത്തിന്റെ 7,8,9,10 വാർഡുകളിൽ കിട്ടിക്കൊണ്ടിരുന്ന ചെങ്കല്ലിന്റെ ലഭ്യത ഇപ്പോൾ വളരെ കുറഞ്ഞിരിക്കയാണ്. പെരിയാറിനാൽ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ മണൽ കയറ്റിപ്പോകുന്നതുകൊണ്ട് മണലിനും ദൗർലഭ്യം അനുഭവപ്പെടാൻ തുടങ്ങുകയാണ്. കെട്ടിടനിർമ്മാണരംഗത്ത് വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ കുറവുമൂലം കെട്ടിടനിർമ്മാണം സമയത്തിന് പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു. ഇതുമൂലം സാധാരണ ജനങ്ങൾക്ക് കൂടുതൽ സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു.

## A. പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | |
| I | 716 | 09 | 201 | 439 | 51 | 16 |
| II | 523 | 14 | 154 | 318 | 11 | 26 |
| III | 462 | 7 | 106 | 257 | 89 | 3 |
| IV | 625 | 8 | 134 | 441 | 14 | 28 |
| V | 473 | 5 | 157 | 283 | 14 | 14 |
| VI | 357 | 8 | 74 | 265 | 6 | 4 |
| VII | 406 | 5 | 92 | 296 | 8 | 5 |
| VIII | 454 | 8 | 101 | 331 | 3 | 11 |
| IX | 565 | 8 | 111 | 412 | 14 | 20 |
| X | 602 | 3 | 126 | 438 | 13 | 22 |
| ആകെ | 5193 | 75 | 1256 | 3480 | 223 | 149 |

| | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| B പഞ്ചായത്തിലെ മൊത്തം വീടുകളുടെ എണ്ണം | 4224 | 4483 | 4729 | 5064 | 5193 |

വീടില്ലാത്തവരെ കണ്ടുപിടിക്കുന്നതിന് 96 - ൽ നടത്തിയ സർവ്വേ അനുസരിച്ച് വാർഡ് തിരിച്ച് പഠിച്ച വിവരം

| വാർഡ് | വീട് ഇല്ലാത്തവരുടെ എണ്ണം | വീടിന് അപേക്ഷ കൊടുത്തവർ | അനുവദിച്ചവരുടെ എണ്ണം | ഇനിയും വീട് ആവശ്യമായി വരുന്നവരുടെ എണ്ണം |
|---|---|---|---|---|
| I | 49 | 12 | 2 | 47 |
| II | 79 | 18 | 4 | 75 |
| III | 81 | 21 | 2 | 79 |
| IV | 51 | 9 | 2 | 49 |
| V | 45 | 11 | 1 | 44 |
| VI | 57 | 14 | 3 | 54 |
| VII | 60 | 15 | 3 | 57 |
| VIII | 59 | 19 | 2 | 57 |
| IX | 178 | 23 | 4 | 174 |
| X | 183 | 37 | 5 | 178 |
| ആകെ | 842 | 179 | 28 | 814 |

പഞ്ചായത്തിൽ മൊത്തം 5193 വീടുകൾ ഉണ്ട്. ഇതിൽ 3480 എണ്ണം ഓടു മേഞ്ഞവയും 223 എണ്ണം ഓല മേഞ്ഞവയും 1256 എണ്ണം കോൺക്രീറ്റ് കെട്ടിടങ്ങളുമാണ്. 75 എണ്ണം ഒന്നിൽ കൂടുതൽ നിലകളുള്ളതും 149 എണ്ണം മറ്റിനങ്ങളും ആണ്. ഓടു മേഞ്ഞ വീടുകൾ പലതും കാലപ്പഴക്കമേറിയതും വേണ്ടത്ര സൗകര്യമില്ലാത്തവയുമാണ്.

പഞ്ചായത്തിൽ 5 ഹരിജൻ കോളനികളും 5 ലക്ഷം വീട് കോളനികളും 7 നാല് സെന്റ് കോളനികളും നിലവിലുണ്ട്. ഇതിനു പുറമേ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് വേണ്ടി, III-ാം വാർഡിൽ തുറവുങ്കര നിന്നും സ്ഥലം ഒഴിപ്പിക്കപ്പെട്ടതിനെ തുടർന്ന് പഞ്ചായത്തിന്റെ IX-ാം വാർഡിൽ രണ്ടു ഭാഗങ്ങളിലുമായി 6 സെന്റ് സ്ഥലം വീതം നല്കി എയർപോർട്ട് കോളനിയുമുണ്ട്.

കോളനികളിലെ വീടുകളുടെ നില ശോചനീയമാണ്. പ്രത്യേകിച്ച് ലക്ഷം വീടുകൾ കേടുവന്നതുകൊണ്ട് വർഷകാലമായാൽ ചോർന്ന് ഒലിക്കുന്ന രീതിയിലാണ്. അറ്റകുറ്റ പണികൾ സമയാസമയങ്ങളിൽ നടത്തുവാൻ ലക്ഷം വീട് 4 സെന്റ് കോളനി വാസികൾക്ക് കഴിയുന്നില്ല. സ്ഥലം ഒഴിപ്പിക്കപ്പെട്ടതിനെ തുടർന്ന് 6 സെന്റ് സ്ഥലം വീതം നല്കി താമസമാക്കിയവർക്ക് കുടിവെള്ളം, വൈദ്യുതി തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കിയിട്ടില്ല. ഹരിജൻ ലക്ഷം വീട്, 4 സെന്റ് കോളനികളിലെ മുഖ്യവിഷയങ്ങളാണ് കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ.

പുരയിടങ്ങളുടെ കുറവ് അടുത്ത കാലത്തായി പ്രധാന പ്രശ്നമായി മാറിയിട്ടുണ്ട്. ചില സ്ഥലങ്ങളിലെങ്കിലും നെൽവയലുകൾ പുരയിടങ്ങളായി മാറ്റപ്പെടുന്നുണ്ട്.

## - പ്രശ്നങ്ങൾ -

- ഭവന നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ്
- വായ്പ നല്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ കുറവ്, ഉയർന്ന പലിശ നിരക്ക്, സങ്കീർണ്ണമായ ഉപാധികൾ.
- ഭവനനിർമ്മാണ ബോർഡിന്റെ വായ്പ കൊടുക്കുന്നതിനുള്ള സങ്കീർണ്ണമായ ചട്ടങ്ങൾ.
- ചെലവു കുറഞ്ഞ വീട് നിർമ്മാണ സങ്കേതങ്ങളുടെ അഭാവം.
- കുടിവെള്ളം, കക്കൂസ്, ഗതാഗതസൗകര്യങ്ങൾ എന്നിവയുടെ കുറവ്
- പുരയിടങ്ങൾ ലഭിക്കുന്നതിനുള്ള പ്രയാസം
- കോളനികളുടെ ശോചനീയാവസ്ഥ
- കെട്ടിട നിർമ്മാണ സാധന സാമഗ്രികളുടെ ദൗർലഭ്യം
- വിവിധ മേഖലകളിലെ വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം.
- വിവിധ സ്കീമുകളിൽ സൗജന്യമായി കൊടുക്കുന്ന സ്ഥലവും വീടും അനർഹർ കൈക്കലാക്കി, പിന്നീട് വിറ്റ് പണം വാങ്ങുന്നു.
- ലക്ഷം വീടുകൾ ഇരട്ട വീടുകൾ ആയതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ
- പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പകരം ഭൂമിയും വീടും നല്കുക

## - സാദ്ധ്യതകൾ -

☺ ഗ്രാമപഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണത്തിന് വായ്പ നല്കുന്നതിനുള്ള പ്രത്യേക സഹകരണസംഘം രൂപീകരിച്ച് സർക്കാർ പദ്ധതി അനുസരിച്ചുള്ള വീടുകളുടെ നിർമ്മാണ ചുമതല സംഘത്തെ ഏൽപ്പിക്കുക.

☺ സഹകരണ സ്ഥാപനങ്ങൾ വഴി ഭവനനിർമ്മാണ സാധനങ്ങൾ വില കുറച്ചു നല്കുക.

☺ ഭവനനിർമ്മാണബോർഡിന്റെ വായ്പ നല്കുന്നതിനുള്ള സങ്കീർണ്ണമായ ചട്ടങ്ങൾ ലഘൂകരിക്കുക.

☺ ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ പ്രേരിപ്പിക്കുകയും ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യുക.

☺ ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ ചെലവ് വരുന്ന വീടുകളുടെ നിർമ്മാണം നിയന്ത്രിക്കണം.

☺ സർക്കാർ പദ്ധതി പ്രകാരം അനുവദിക്കപ്പെടുന്ന വീടുകളുടെ ഉപാധികൾ ലഘൂകരിക്കുക. പലിശ നിരക്ക് കുറക്കുക.

☺ സർക്കാർ പദ്ധതികളിൽ ലഭ്യമാകുന്ന വീടുകൾ വിതരണം ചെയ്യുന്നതിന് കർശനമായ മാനദണ്ഡം ഉണ്ടാക്കുക.

☺ സർക്കാർ ധനസഹായം കൊടുത്ത് നിർമ്മിച്ച വീടുകളുടെ കൈമാറ്റം പഞ്ചായത്ത് അധികൃതരുടെ അനുവാദത്തോടു കൂടിയാകത്തക്കവിധം നിബന്ധന ഏർപ്പെടുത്തുക.

☺ ലക്ഷം വീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

☺ ഒരു നിശ്ചിതപരിധിക്കുള്ളിൽ ഭവന രഹിതരായ മുഴുവൻ ദുർബലവിഭാഗക്കാർക്കും വീട് ഉണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുക

6

# സാമൂഹ്യക്ഷേമം



വളരെക്കാലമായി നടത്തി വരുന്ന വികസന പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യക്ഷേമത്തിന്റെ നിലവാരം ഒരു പരിധി വരെ ഉയർത്തിയിട്ടുണ്ട്. എന്നാൽ സാമൂഹ്യ ക്ഷേമ ഗുണനിലവാരം കൃത്യമായി വിലയിരുത്തുന്നതിനുള്ള ശാസ്ത്രീയമായ പഠനങ്ങൾ ഒന്നും തന്നെ മുന്നോട്ട് നീങ്ങിയിട്ടില്ല. 1980 കളിൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച IRDP പദ്ധതി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതിഗതികൾ പരിഗണിച്ചല്ല രൂപം കൊടുത്തിട്ടുചറചത് എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

പഞ്ചായത്തിൽ IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്ന 1428 കുടുംബങ്ങളാണുള്ളത്

| സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ ST | നാളിതുവരെ സംഘത്തിനു സാമ്പത്തിക സഹായം ലഭിച്ച കുടംബങ്ങൾ | ഇതിൽ SC/ ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയ കുടംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടംബങ്ങൾ |
|---|---|---|---|---|---|
| 1495 | 115 | 326 | 99 | 47 | 1428 |

*അവലംബം 90 ലെ IRDP സർവ്വേ*

മേൽ പട്ടിക അനുസരിച്ച് സഹായം ലഭിച്ച 326 പേരിൽ 47 പേർ മാത്രമാണ് ദാരിദ്ര്യരേഖക്ക് മുകളിലെത്തിയത് എന്നതുകൊണ്ടു തന്നെ ഇതിന്റെ അശാസ്ത്രീയതയും അപര്യാപ്തതയും ബോധ്യപ്പെടും.



## പെൻഷൻ/ ധനസഹായങ്ങൾ

വിവിധ പെൻഷൻ/ ധനസഹായ പദ്ധതികളിൽ നിന്ന് സഹായം ലഭിക്കുന്നവരുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു. ധനസഹായം ലഭിക്കുന്നവരിൽ അനർഹർ ഉണ്ടെന്ന് പറയാൻ പറ്റില്ലെങ്കിലും അർഹതയുള്ള അപേക്ഷകർക്ക് ഏറെക്കാലം കഴിഞ്ഞിട്ടും സഹായം ലഭിക്കുന്നില്ല എന്ന് കാണുന്നു. സാമൂഹ്യക്ഷേമ പദ്ധതികളുടെ കാര്യക്ഷമത കൂടുതൽ ഫലപ്രദമാക്കേണ്ടിയിരിക്കുന്നു.

| വർഷം | വിധവ പെൻഷൻ | വികലാംഗപെൻഷൻ | വാർദ്ധക്യ കാല പെൻഷൻ | ക്ഷയ രോഗി പെൻഷൻ | കുഷ്ഠ രോഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷക തൊഴി ലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ |
|---|---|---|---|---|---|---|---|---|
| 1991-92 | 14 | 10 | 10 | 2 | 1 | 1 | 32 | 92 |
| 92-93 | 10 | 2 | 2 | - | - | 1 | 17 | 38 |
| 93-94 | - | - | - | - | - | - | 8 | 104 |
| 94-95 | 4 | 7 | 3 | 2 | - | 1 | 3 | 48 |
| 95-96 | 1 | - | - | - | - | - | 1 | 60 |
| ആകെ | 29 | 19 | 15 | 4 | 1 | 3 | 61 | 342 |

## ക്ഷേമനിധി

സംസ്ഥാന സർക്കാർ കർഷകത്തൊഴിലാളികൾക്കും നിർമ്മാണ തൊഴിലാളികൾക്കുമായി ഏർപ്പെടുത്തിയ ക്ഷേമനിധിയുടെ പ്രവർത്തനം പഞ്ചായത്തിലും നടക്കുന്നുണ്ടെങ്കിലും എല്ലാവരേയും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ആയിട്ടില്ല.

## - പ്രശ്നങ്ങൾ -

- തൊഴിലില്ലായ്മ
- അർഹതപ്പെട്ടവർക്ക് മുഴുവൻ പെൻഷൻ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല.
- അംഗൻ വാടികൾ ഇല്ല.
- ബാലവാടികളിൽ അത്യാവശ്യസൗകര്യങ്ങൾ ഇല്ല.
- ക്ഷേമപദ്ധതികൾ നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസം
- പൊതു ശ്മശാനങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള വിഷമതകൾ
- സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ വിഷമതകൾ
- അഗതി മന്ദിരങ്ങൾ ഇല്ല
- DWCRA യൂണിറ്റുകൾ വേണ്ടത്ര ഇല്ല
- ക്ഷേമപദ്ധതികളെ കുറിച്ച് സാമാന്യജനത്തിനുള്ള വേണ്ടത്ര അറിവില്ലായ്മ

## - സാധ്യതകൾ -

- പെൻഷൻ തുക വർദ്ധിപ്പിക്കുക. കാലതാമസം ഒഴിവാക്കുന്നതോടൊപ്പം അർഹതപ്പെട്ടവർക്കെല്ലാം കൊടുക്കുന്നതിന് വേണ്ടി പഞ്ചായത്ത് സമിതിക്ക് അധികാരം കൈമാറണം.
- 1000 പേർക്ക് ഒന്ന് എന്ന നിലയിലോ ഒരു വാർഡിൽ രണ്ട് വീതമെങ്കിലുമോ അംഗൻ വാടികൾ ആരംഭിക്കുക.
- ബാലവാടികൾക്ക് കൂടുതൽ സാമ്പത്തികസഹായം അനുദിക്കുക
- ആവശ്യമായ സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുക
- കർഷകത്തൊഴിലാളി, നിർമ്മാണ തൊഴിലാളി, തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകാത്തവരെ അംഗങ്ങളാക്കുക.
- സാമ്പത്തികപിന്നോക്കാവസ്ഥ മൂലം വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നിവയ്ക്ക് ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് സാമ്പത്തികസഹായം അനുവദിക്കുക
- സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവല്കരണം പഞ്ചായത്തിന്റെ രണ്ട് മേഖലകളിലെ കൂടിയെങ്കിലും കേന്ദ്രീകരിച്ച് പഞ്ചായത്ത് സമിതി മുൻകൈയെടുത്ത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും നടത്തുക
- പഞ്ചായത്ത് അടിസ്ഥാനത്തിൽ അഗതി മന്ദിരങ്ങൾ ആരംഭിക്കുക
- DWCRA യൂണിറ്റുകൾ എല്ലാ വാർഡുകളിലും ആരംഭിക്കണം.
- ക്ഷേമപദ്ധതികൾക്ക് വേണ്ടിമാത്രം പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു 'ഇൻഫർമേഷൻ സെൽ" രൂപീകരിച്ച് പ്രവർത്തിക്കുക

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നല്കിയ പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| IRDP സർവ്വേ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ | ഇനി അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|
| 183 | 68 | 64 | 4 | 116 |

IRDP സർവ്വേ പ്രകാരം സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടിന്റെ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ച കക്കൂസുകളുടെ എണ്ണം | ഇനി കക്കൂസുകൾ അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|
| 432 | 34 | 34 | 398 |

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്ന പരിപാടി (RAP) അനുസരിച്ച് ഇതുവരെ 54 പേരെ കണ്ടെത്തിയതിൽ 11 പേർക്ക് മാത്രമാണ് ഇതു വരെ സഹായം ലഭിച്ചിട്ടുള്ളത്.

## ട്രൈസം

18 നും 35 നും വയസ്സ് മദ്ധ്യേ പ്രായമുള്ള IRDP ലിസ്റ്റിൽ പെട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് തൊഴിൽ പരിശീലനം നല്കപ്പെടുന്ന പദ്ധതിയാണിത്. ഇതു പ്രകാരം പഞ്ചായത്തിൽ 25 പേർക്ക് പരിശീലനം നല്കിയിട്ടുണ്ട്.

അവരിൽ 5 പേരാണ് സ്വയം തൊഴിൽ കണ്ടെത്തിയത്. ബാക്കി 20 പേർ ഇതര തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരാണ്.

## DWCRA

IRDP പദ്ധതിയെ അടിസ്ഥാനമാക്കി അസംഘടിതരായ ഗ്രാമീണ വനിതകൾക്ക് സംഘടിതവും ആസൂത്രിതവുമായ ഒരു പൊതു വരുമാന പദ്ധതി ആവിഷ്കരിക്കാൻ വേണ്ടി രൂപം കൊടുത്തിട്ടുള്ളതാണ്. ഇത് അസംഘടിതരായ യുവതികളെ സംഘടിക്കുവാനും സാമൂഹ്യ സാംസ്കാരിക പരിവർത്തനങ്ങളിൽ ഭാഗഭാക്കുവാനും കൂടി ലക്ഷ്യമിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്.

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം.

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച വിവരം |
|---|---|---|---|---|
| II | വസ്ത്രനിർമ്മാണ യൂണിറ്റ് | 1994 -95 | 10 | മന്ദഗതിയിൽ |
| IX | ചിപ്സ്നിർമ്മാണം | 1995 -96 | 9 | തൃപ്തികരം |

## മാതൃശിശുസംരക്ഷണം

സമഗ്ര മാതൃശിശു സംരക്ഷണപദ്ധതിയുടെ ഭാഗമായി മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ I, IV, IX, X എന്നീ വാർഡുകളിലായി 5 ബാലവാടികൾ പ്രവർത്തിച്ചുവരുന്നു.

# സംസ്ക്കാരം



ചരിത്രവും ഐതിഹ്യവും ഇടകലർന്നഭൂതകാല പ്പെരുമകളാൽ ഊറ്റം കൊള്ളുന്ന പ്രകൃതിസുന്ദരമായ ഒരു ഗ്രാമമായിരുന്നു പഴയ വെള്ളാരിള്ളി. ഭാരതത്തിന്റെ ആദ്ധ്യാത്മിക സമ്പത്തായ ആദിശങ്കരന്റെ ജന്മം കൊണ്ട് അനുഗൃഹീതമായ കാലടിക്ക് പടിഞ്ഞാറ് തൊട്ട് അയൽപക്കത്താണ് വെള്ളാരപ്പിള്ളിക്ക് സ്ഥാനം. ആധുനിക കൊച്ചി രാജ്യത്തിന്റെ ശില്പിയെന്ന് പുകൾപെറ്റ ശക്തൻ തമ്പുരാന്റെ ജന്മഭൂമിയാണ് ഇത്. ആദ്ധാത്മികവും ഭൗതീകവുമായ പെരുമകൾ നിറഞ്ഞ ഈ നാടിന്റെ പൗരാണിക ചരിത്രത്തിന് പറയിപെറ്റ പന്തീരുകുലത്തോളം പഴക്കം പറയുന്നുണ്ട് പഴമക്കാർ. സമ്പന്നമായ ഭൂതകാലത്തിന്റെ മഹത്ത്വവുമായി നിൽക്കുന്ന വെള്ളാരപ്പള്ളി എന്ന കർഷക ഗ്രാമം ഇന്നത്തെ കാഞ്ഞൂരായപ്പോൾ പരിണാമങ്ങൾ ഏറെ സംഭവിച്ചു.

പ്രഭുക്കന്മാരായ ബ്രാഹ്മണ ക്ഷത്രീയ ശക്തികളുടെയും, അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും യാഥാസ്ഥിതികമായ ചരിത്രത്തോടൊപ്പം മനുഷ്യത്വത്തിന്റെയും മത സഹിഷ്ണുതയുടെയും സാഹിത്യാദികലകളിലൂടെ ഉരുവാർന്ന സർഗ്ഗ വൈഭവത്തിന്റെയും സമഭാവനയുടെയും ദീപ്തചിത്രവും ഈ നാടിന്റെ ഭൂതകാലത്തിൽ നമുക്ക് കാണാൻ കഴിയും. പ്രബലങ്ങളായ ക്ഷത്രീയ ഗൃഹങ്ങളും ബ്രാഹ്മണഗൃഹങ്ങളും ഇവിടെ ഉണ്ടായിരുന്നു. അവരുടെ ഭൂസ്വത്ത് പാട്ടത്തിനും കൃഷിക്കുമായി ഏറ്റെടുത്ത് നടത്തിയിരുന്ന അടിയാളന്മാരുടെ തെളിച്ചമില്ലാത്ത ചരിത്രവും ഇവിടെ കാണാം.

സംസ്കൃത സാഹിത്യത്തിലെ പ്രസിദ്ധ സന്ദേശകാവ്യമായ 'ശുക സന്ദേശ' കർത്താവ് ലക്ഷ്മിദാസന്റെ ഇല്ലത്തിന്റെ സ്ഥാനത്താണ് ഇപ്പോൾ സെ. സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്നതത്രെ! ഭാഷാ സാഹിത്യത്തെ ജനകീയമാക്കാൻ വഴി തെളിച്ചത് വെണ്മണി പ്രസ്ഥാനമാണല്ലോ. ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായ ( (സിതമണിധരിണിക്ഷോണിഹര്യക്ഷവര്യന്മാരായ) വെണ്മണി അച്ഛനും മഹനും ജന്മമേകിയ വെണ്മണി ഇല്ലം ഈ പഞ്ചായത്തിന്റെ അപൂർവ്വ സമ്പത്താണ്. ഗാനഗന്ധർവ്വനായ വയലാർ രാമവർമ്മയുടെ അച്ഛൻ വെള്ളരപ്പള്ളി കോവിലകത്തെ ശ്രീ. കേരളവർമ്മയാണ്.

കാഞ്ഞൂരിന്റെ സർവ്വ ഐശ്വര്യങ്ങൾക്കും കാരണഭൂതനായി 'വിളിച്ചാൽ വിളി

കേൾക്കുന്ന' കാഞ്ഞൂർ പുണ്യവാളൻ നാനാ ജാതി മതസ്ഥരായ സകരലുടേയും ആദ്ധ്യാത്മിക ശക്തിയാണ്. സെന്റ് മേരിയുടെ നാമത്തിലുള്ള ഈ ദേവാലയത്തിലെ വിശുദ്ധ സെബസ്റ്റ്യാനോസിന്റെ തിരുന്നാൾ കേരളത്തിലെങ്ങും പ്രസിദ്ധമാണ്. അത്യപൂർവ്വമാണ്. ഈപള്ളിയുടെ ചുമരുകളിൽ ആ ലേഖനം ചെയ്തിരിക്കുന്ന വട്ടെഴുത്തുകളും ചുമർചിത്രങ്ങളും മാമ്മോദീസാക്കല്ലും ആനവിളക്കും ചരിത്രാന്വേഷകരേയും തീർത്ഥാടകരെയും ഒരു പോലെ ആകർഷിക്കുന്നു. ടിപ്പുവിന്റെ പടയോട്ടങ്ങളുടെ നിത്യസ്മാരകങ്ങളായ രേഖാചിത്രങ്ങൾ കാഞ്ഞൂർ പള്ളിയുടെ മുൻചുമരുകളിൽ ഇന്ന് കാണാനില്ല.

പുതിയേടം ഭഗവതി ക്ഷേത്രത്തിലെ ദേവിയും കാഞ്ഞൂർ പുണ്യവാളനും തമ്മിലുള്ളതായി പറയപ്പെടുന്ന സഹോദരബന്ധം ഈ നാടിന്റെ മതമൈത്രിയുടെ ഒരു മിത്തായി കരുതാം. ചെങ്ങൽ ഭഗവതിക്ഷേത്രം, ചിറങ്ങര ശിവക്ഷേത്രം പന്തക്കൽ ഭഗവതി ക്ഷേത്രം, തുറവുങ്കര മുസ്ലീം പള്ളി പാറപ്പുറം മുസ്ലീംപള്ളി കിഴക്കും ഭാഗം കപ്പേള, സെ. ജോസഫ്സ് പള്ളി തെക്കുംഭാഗം, തിരുനാരായണപുരം ക്ഷേത്രം, തുറവുങ്കര പുളിയാമ്പിള്ളി ഭഗവതി ക്ഷേത്രം, നമ്പൂതിരി അമ്മൻനട, തിരുവല്ലം ചുഴി നരസിംഹസ്വാമി ക്ഷേത്രം എന്നിവ ഈ നാടിന്റെ ആദ്ധ്യാത്മിക പരിവേഷത്തെ ഇന്നും ഭാസുരമാക്കുന്നു.

അനുഗൃഹീതരായ നാടകതാരങ്ങൾ, നാടകകൃത്തുകൾ, ഭരണാധികാരികൾ, മറ്റ് കലാകാരന്മാർ ആസ്വാദകന്മാർ എന്നിവരാൽ കാഞ്ഞൂർ പഞ്ചായത്ത് ഇന്നും സമ്പന്നമാണ്. ചിന്തു പാട്ടിന്റെയും കാവടിയാട്ടത്തിന്റെയും പൂരപ്പൊലിമയുടേയും അനുഭൂതികൾ, ഉണർത്താൻ ഇപ്പോഴും കലാകാരന്മാർ നമുക്കുണ്ട്. ജ്ഞാനവിജ്ഞാനങ്ങൾക്കുള്ള ദീപസ്തംഭമായി കാഞ്ഞൂർ ഗ്രാമത്തിന്റെ മദ്ധ്യത്തിൽ തല ഉയർത്തി നിൽക്കുന്ന സെ. സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ പഴയ കൊച്ചി രാജ്യത്തിലെ ഇംഗ്ലീഷ് സ്കൂളുകളിൽ ഒന്നാണ്. തലമുറകൾക്ക് ആധുനിക സാങ്കേതിക വിദ്യ നൽകികൊണ്ട് തൊട്ട് ചേർന്ന് കാഞ്ഞൂർ ഐ.ടി.സി. നിൽക്കുന്നു. ചാരത്തായി സെ. ജോസഫ്സ് കോൺവെന്റ് ഗേൾസ് ഹൈസ്ക്കൂൾ. കാഞ്ഞൂർ സെ.മേരീസ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള യൂണിയൻ എൽ.പി. സ്ക്കൂൾ സെ. മേരീസ് എൽ.പി. സ്ക്കൂൾ, എന്നിവക്കു പുറമെയാണ് ശ്രീമൂലനഗ അകവൂർ ഹൈസ്ക്കൂൾ, സെ.ജോസഫ്സ് കോൺവെന്റ് ഹൈസ്ക്കൂൾ ചെങ്ങൽ, ാകവി കുമാരനാശൻ മെമ്മോറിയൽ, എൽ.പി.എസ്. പാറപ്പുറം,, ശക്തൻ തമ്പുരാൻ യു. പി. .എസ്. പുതുയേടം സരസ്വതി ക്ഷേത്രങ്ങൾ എന്നീ സരസ്വതീക്ഷേത്രങ്ങൾ ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ഭാവിയെ പൂർണ്ണമാകുന്ന മഹൽ സ്ഥാപനങ്ങളാണ്.

സാംസ്കാരിക രംഗത്തെ വളർച്ചക്ക് കാരണങ്ങളായി ഫൈൻ ആർട്സ് സൊസൈറ്റികൾ ഒന്നിൽ കൂടുതൽ പ്രവർത്തിച്ചിരുന്നെങ്കിലും അവയിൽ പലതും

നിർജ്ജീവങ്ങളാണ്. എങ്കിലും അപൂർവ്വം ചില ആർട്സ് സൊസൈറ്റികൾ പ്രതീക്ഷ ഉണർത്താൻ പര്യാപ്തങ്ങളാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ പിടിയിലമർന്ന ഇന്നത്തെ തലമുറ പഴയ ക്ലബ്ബുകളെയും വായനശാലകളേയും പരിഗണിക്കുന്നില്ലെങ്കിലും വിജ്ഞാന കുതുകികൾക്ക് ആലംബങ്ങളും ആശാകേന്ദ്രങ്ങളുമായി തുറവുങ്കരയിലെ യൂസഫ് മെമ്മോറിയൽ വായനശാല, പാറപ്പുറത്തുള്ള വൈ.എം.എ. ലൈബ്രറി, പുതിയേടം ഗ്രാമീണ വായനശാല, കാഞ്ഞൂർ പഞ്ചായത്ത് ഗ്രന്ഥ ശാല, ഗ്രാമീണവായനശാല, ശ്രീമൂലനഗരം ഹരിജൻ മഹിളാ സമാജം, ലൈബ്രറി എന്നിവ ഇന്നും സജീവമായി പ്രവർത്തിക്കുന്നു.

കായികരംഗത്ത് കാഞ്ഞൂർ പഞ്ചായത്ത് സമുന്നത സ്ഥാനത്താണ് സെ. സെബാസ്റ്റ്യൻസ് ഹൈസക്കൂളിനോടനുബന്ധിച്ചുള്ള വിശാലമായ മൈതാനം കാഞ്ഞൂരിന്റെ കായികശക്തിയുടെ പീഠഭൂമിയാണ്. ഇവിടെ കാൽ നൂറ്റാണ്ട് മുമ്പ് അഖില കേരളാടിസ്ഥാനത്തിൽ നടത്തിയിരുന്ന സെ. സെബാസ്റ്റൻസ് ട്രോഫിക്കു വേണ്ടിയുള്ള ഫുട്ബോൾ മത്സരം ഈ പഞ്ചായത്തിലെ പ്രധാന കായികമേളയായിരുന്നു. കേരളത്തിൽ ശ്രദ്ധേയരായി തീർന്ന പല കായികതാരങ്ങൾക്കും ഇവിടം ജന്മമേകിയിട്ടുണ്ട്. ഇന്ന് കിവീസ് ക്ലബ്ബും കെ.എഫ്.എ. ഫുട്ബോൾ മേളയും ശ്രീമൂലനഗരം വിന്നേഴ്സ് ക്ലബ്ബും, വിജയ് ജിംനേഷ്യവും ഗതകാല പാരമ്പര്യത്തെകാത്ത് സൂക്ഷിക്കുന്നു.

പെരിയാറിന്റെ തഴുകലേറ്റ് പുഷ്ടി പ്രാപിച്ച കാഞ്ഞൂരിലെ വളക്കൂറുള്ള മണ്ണ് കൃഷിയോട് വിടവാങ്ങുന്ന ദാരുണമായ ദൃശ്യമാണ് എങ്ങുമുള്ളത്. ആധുനികതയ്ക്ക് വഴി മാറിക്കൊടുത്തു കൊണ്ട് കൃഷി ഭൂമികൾ ഇഷ്ടിക വ്യവസായത്തിന്റെ പിടിയിലമർന്നു കഴിഞ്ഞു. നോക്കെത്താദൂരത്തോളം പരപ്പാർന്ന വയലേലകൾ കർഷകന്റെ കണ്ണീർ പാടങ്ങളായി മാറി. അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഭീഷണവലയത്തിൽ കാഞ്ഞൂർ പഞ്ചായത്തിന്റെ കർഷകഭൂമി കഷ്ണിക്കപ്പെട്ടു. ഇന്നാടിന്റെ പൈതൃകസമൃദ്ധികളേയും ഈടുവയ്പുകളേയും ഈ ആസുര പരിണാമം എത്രമാത്രം ബാധിക്കുമെന്ന് ഇന്ന് പ്രവചിക്കുക അനാദ്ധ്യമാണ്.

## പ്രശ്നങ്ങൾ

- എല്ലാ വാർഡുകളിലും ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല
- സ്ക്കൂൾ ലൈബ്രറി, പഞ്ചായത്ത് ഗ്രന്ഥശാല പ്രവർത്തനം തൃപ്തികരമല്ല.
- കാഞ്ഞൂർ ഹൈസ്ക്കൂൾ ഗ്രൗണ്ടിന്റെ സ്ഥിതി ശോചനീയമാണ്
- കലാ സാഹിത്യാഭിരുചിയുള്ള യുവജനങ്ങൾക്ക് കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേദികളില്ല.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



കേരളത്തിന്റെ സംമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ രംഗം. ക്ഷീരോല്പാദകരംഗത്ത് നാം ഗണ്യമായ നേട്ടം കൈവരിച്ചു കഴിഞ്ഞു എങ്കിലും ഈ മേഖലയിൽ വളരെയധികം വെല്ലുവിളികളെ നാം നേരിടുന്നു. കാലിത്തീറ്റയുടെ താങ്ങാനാവാത്ത വില, തീറ്റപ്പുല്ലിന്റെ ദൗർലഭ്യം മുതലായവ കണക്കിലെടുത്താൽ കന്നുകാലി സമ്പത്തിന്റെ എണ്ണം കൂട്ടി ഉല്പാദനം വർദ്ധിപ്പിക്കുക എന്നുള്ളത് തീരെ പ്രയോഗികമല്ല എന്നു കാണാം. നിലവിലുള്ള കന്നുകാലി സമ്പത്തിന്റെ ഉല്പാദനക്ഷമതകൂട്ടിയും ശാസ്ത്രീയ പരിപാലനരീതി കൈവരിച്ച് നഷ്ടം ഒഴിവാക്കിയും ഈ രംഗത്ത് വളരെയധികം നേട്ടങ്ങൾ കൈയടക്കുവാൻ നമുക്കു കഴിയും.

കേരളത്തിലെ ഒരു കിടാരി ആദ്യ പ്രസവം നടക്കുമ്പോൾ ശരാശരി 36 മുതൽ 42 മാസം വരെ പ്രായമുണ്ടാകും. 30 മാസത്തിനുള്ളിൽ പ്രസവിച്ചില്ലെങ്കിൽ ഇതൊരു നഷ്ടക്കച്ചവടമാണ് എന്ന് കണക്കുകൂട്ടിയാൽ മനസ്സിലാക്കാവുന്നതാണ്. ആദ്യ പ്രസവം നീണ്ടു പോകുന്നതിനുള്ള കാരണം പ്രധാനമായി പോഷകാഹാരക്കുറവുകൊണ്ടാണ്. കാലിത്തീറ്റയുടെ താങ്ങാനാവാത്ത വിലകൊണ്ടും കർഷകന്റെ അജ്ഞതകൊണ്ടും ഒരു കിടാരിയ്ക്ക് (വേണ്ടത്ര)കാലിത്തീറ്റ കൊടുക്കുവാൻ കർഷകൻ മടി കാണിക്കുന്നു.

ഈ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാകണം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 'പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി' നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതി കുറച്ചുകൂടി ആസൂത്രിതമായി കേരളമാകെ വ്യാപിപ്പിച്ചാൽ രണ്ടുമൂന്ന് വർഷത്തിനുള്ളിൽ നമുക്ക് ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയും. (പദ്ധതിയെക്കുറിച്ച് പിന്നീട് വിവരിക്കുന്നുണ്ട്)

അതുപോലെ തന്നെ രണ്ടു പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുക, നിലവിൽ കർഷകർ പുലർത്തിപ്പോരുന്ന അശാസ്ത്രീയ തീറ്റക്രമം (ഓവർ ഫീടിങ്ങ്) ഒഴിവാക്കുക. രണ്ടുമൂന്നുപ്രാവശ്യം ബീജസങ്കലനം നടത്തിയിട്ടും ചെന പിടിക്കാത്ത പശുക്കളെ ഒരു വിദഗ്ദന്റെ മേൽ നോട്ടത്തിൽ ചികിത്സിച്ച് ചെന പിടിപ്പിക്കുക. കിടാക്കൾക്ക്

# വനിത

1954 കാലഘട്ടം വരെ കാഞ്ഞൂർ പ്രദേശത്ത് സ്ത്രീകളുടെ സാമ്പത്തികവും, സാംസ്കാരികവും, സാമൂഹികവുമായ മാറ്റത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഒന്നും നടന്നിരുന്നില്ല. 1954ൽ പാറപ്പുറം പ്രദേശത്തെ കേന്ദ്രീകരിച്ചു കൊണ്ട് സ്ത്രീകൾ സംഘടിക്കുകയും ഈ സംഘടിത ശക്തിയുടെ ഫലമായി ഒരു മഹിളാ സംഘം രൂപീകരിക്കുകയും ചെയ്തു. ഈ സംഘത്തിന്റെ പ്രസിഡന്റ് ശ്രീമതി. ടി.ജി. തങ്കമ്മയും സെക്രട്ടറി ശ്രീമതി. സി.കെ. പത്മാവതിയുമായുള്ള കമ്മിറ്റിക്ക് രൂപം നൽകി.

1956–57 കാലഘട്ടത്തിൽ മഹിളാ സംഘത്തിന്റെ പ്രവർത്തനം വളരെ പുരോഗമിച്ചു. എന്നിരുന്നാലും ഭൂരിപക്ഷം സ്ത്രീകളും സാമൂഹ്യ രംഗത്തേക്ക് വരുന്ന കാര്യത്തിൽ വളരെ പിന്നോക്കമായിരുന്നു. എന്നാൽ കുറെ സ്ത്രീകളെയെങ്കിലും രംഗത്തു കൊണ്ടുവരുവാൻ ഈ സംഘത്തിനു സാധിച്ചു. തുടർന്ന് വയോജന വിദ്യാഭ്യാസ ക്ലാസ്സ് ആരംഭിക്കുകയും സ്ത്രീകളെ ബോധവൽക്കരിക്കുകയും ചെയ്തു. ഇത് വിദ്യാഭ്യാസ രംഗത്ത് നല്ലൊരു മുന്നേറ്റം തന്നെ കാഴ്ച വെക്കുവാൻ സാധിച്ചു. സംഘത്തിന്റെ ത്യാഗോജ്വലമായ മറ്റൊരു പ്രവർത്തനമാണ് മാതൃശിശു സംരക്ഷണ കേന്ദ്രം. സ്ത്രീകൾ സംഘടിച്ചു കൊണ്ട് വീടുവീടാന്തരം കയറിയിറങ്ങി പണം പിരിച്ച് 20 സെന്റ് സ്ഥലം വാങ്ങുകയും ഈ സ്ഥലത്ത് മാതൃശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുകയും ചെയ്തു. മാതൃശിശു സംരക്ഷണ കേന്ദ്രത്തിന്റെയും മഹിളാ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നിരവധി ബോധവൽക്കരണ ക്ലാസ്സുകളും ചർച്ചാ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.

ദരിദ്ര ഭൂരിപക്ഷത്തിന്റെ ഇടയിൽ കുടുംബത്തിന്റെ ഭാരം മുഴുവൻ പേറേണ്ടി വരുന്നത് സ്ത്രീകളാണെന്നതു കൊണ്ട് അവരുടെ അവസ്ഥ ഗുരുതരമാകുന്നു. ഇത് കുട്ടികളെ സാരമായി ബാധിക്കുന്നു. മുഖ്യമായും അവരുടെ വിദ്യാഭ്യാസം. കൃത്യ സമയത്ത് ഭക്ഷണം ഉണ്ടാക്കുന്നതോടൊപ്പം ആടുമാടുകളെ നോക്കൽ, പുരയിടം, കൃഷിയുമായി ബന്ധപ്പെട്ട പണികൾ. ഇവയൊക്കെ പൂർത്തീകരിക്കുവാനുള്ള ബാദ്ധ്യത വീട്ടമ്മയായ സ്ത്രീകൾക്കാണ്. സർക്കാർ ജോലിക്കോ, കൂലിപണിക്കോ പോയതു കൊണ്ട് ഈ ഉത്തരവാദിത്വം അവരിൽ നിന്ന് ഒഴിവാകുന്നില്ല. ഈ കാരണങ്ങൾ കൊണ്ട് സാമൂഹ്യ രംഗത്ത് സ്ത്രീകൾ പിന്നോട്ടടിക്കപ്പെടുന്നു.

1956 കാലഘട്ടത്തിൽ സ്ത്രീകളുടെതു മാത്രമായ ഒരു സഹകരണ

സംഘം രജിസ്റ്റർ ചെയ്തു. സ്ത്രീകൾക്ക് തൊഴിൽ സംരംഭം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് സംഘം രൂപീകൃതമായത്. ഈ സംഘത്തിൽ അംബർ ചർക്കാ പരിശീലനവും കൂടാതെ ഈറ്റ കൊണ്ട് പനമ്പ് നെയ്ത്തിന് പരിശീലനം കൊടുത്തിരുന്നു. ഈറ്റയും, മുളയും ഉപയോഗിച്ച് പല കൗതുക വസ്തുക്കളും നിർമ്മിക്കുന്ന മറ്റൊരു സംഘവും പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ കേന്ദ്രീകരിച്ചു കൊണ്ടാണ് നടന്നിരുന്നത്. തുടർന്ന് പല കാരണങ്ങൾ കൊണ്ട് ഇവ നിന്നു പോകുകയും ചെയ്തു. പ്രധാന കാരണം സാമ്പത്തിക ബുദ്ധിമുട്ടാണ്. ഇത് സ്ത്രീകളെ പുതിയ തൊഴിൽ മേഖല അന്വേഷിച്ചു പോകുന്നതിന് വഴിയൊരുക്കി. തൊഴിൽ പങ്കാളിത്ത രംഗത്ത് പുരുഷന്മാരേക്കാൾ സ്ത്രീകളുടെ എണ്ണം കൂടുതലാണ്. കാർഷിക മേഖലയിലും, നിർമ്മാണ മേഖലയിലുമാണ് സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്നത്. പനമ്പ് നെയ്ത്ത്, ഇഷ്ടിക നിർമ്മാണം, കൊട്ട-വട്ടി നിർമ്മാണം ഈ മേഖലയിൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നു. സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം വളരെ പരിമിതമാണ്.

കാഞ്ഞൂർ പഞ്ചായത്തിൽ 7 മഹിളാ സമാജങ്ങളിലായി 5 ബാലവാടികൾ പ്രവർത്തിക്കുന്നു. കുട്ടികൾക്കും, അമ്മമാർക്കും പോഷകാഹാര വിതരണം സമാജങ്ങൾ വഴി നടത്തുന്നുണ്ട്. തയ്യൽ ക്ലാസ്സുകൾ, ലൈബ്രറികൾ എന്നിവ സമാജങ്ങളുടെ കീഴിൽ ഉണ്ടായിരുന്നു. എന്നാൽ ഇതൊന്നും കാര്യമായി പ്രവർത്തിക്കുന്നില്ല. ഇതിനു പ്രധാന കാരണം സ്ത്രീകളുടെ പിന്നോട്ടടിയാണ്. ബാലവാടികളിൽ 50നും 20നും ഇടക്ക് കുട്ടികൾ പഠിക്കുന്നുണ്ട്. ഈ കുട്ടികൾക്ക് കളിക്കുവാൻ കളികോപ്പുകളോ മറ്റു സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ഈ കുറവു മൂലം ഇന്ന് ബാലവാടികളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിനകത്ത് ലഭ്യമായിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നതു മൂലം സ്ത്രീകളെ സംബന്ധിച്ചിടത്തോളം പണ്ടുകാലത്ത് ഉന്നത വിദ്യാഭ്യാസം കിട്ടാക്കനിയായി മാറി. പെൺകുട്ടികൾക്ക് വേണ്ടി രണ്ടു ഹൈസ്കൂളുകൾ കാഞ്ഞൂർ പഞ്ചായത്തിലുണ്ട്. എന്നാൽ വിദ്യാഭ്യാസ രംഗത്ത് പുരുഷന്മാരൊടൊപ്പം എത്താൻ അടുത്ത കാലം വരെ പഞ്ചായത്തിലെ സ്ത്രീ സമൂഹത്തിന് കഴിഞ്ഞിട്ടില്ല.

സ്കൂൾ തലത്തിൽ രൂപീകരിച്ച മാതൃസംഗമങ്ങൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ നടന്ന ഗ്രാമസഭകളിൽ 9, 10 വാർഡുകളിലെ സ്ത്രീ പങ്കാളിത്തം മെച്ചപ്പെട്ടതായിരുന്നു. എന്നാൽ സ്ത്രീ പങ്കാളിത്തം കുറവായ വാർഡുകളുമുണ്ട്. സാധാരണക്കാരായ സ്ത്രീകളാണ് ഗ്രാമസഭകളിൽ പങ്കെടുത്തത്. സ്ത്രീ പങ്കാളിത്തം കുറയുവാനുള്ള കാരണം സ്ത്രീകളുടെ സഹകരണ മനോഭാവക്കുറവു കൊണ്ടല്ല. മറിച്ച് സമയക്കുറവും പുരുഷമേധാവിത്വവും അജ്ഞതയുമാണ് പ്രധാന കാരണം.

## - നിർദ്ദേശങ്ങൾ -

1. എല്ലാ തൊഴിലിലും സ്ത്രീകൾക്ക് സംവരണം ഉറപ്പു വരുത്തുക.
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുക.
3. ചെറുകിട വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.
4. സ്ത്രീകളെ സംബന്ധിച്ച നിയമപരമായ വ്യവസ്ഥകളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
5. വാർഡുകൾ തോറും അംഗൻവാടികൾ സ്ഥാപിക്കണം.
6. മദ്യം, സ്ത്രീധനം തുടങ്ങിയ സാമുദായിക വിപത്തുകളിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നതിന് വേണ്ട കൂട്ടായ ശ്രമം ഉണ്ടാക്കേണ്ടതാണ്.
7. സ്ത്രീകളെ ലൈംഗിക ഉപഭോഗ വസ്തുവാക്കുകയും, ഗാർഹിക തൊഴിലാളികളാക്കുകയും ചെയ്യുന്ന സംസ്കാരത്തിനെതിരെ പോരാട്ടം ശക്തമാക്കുക
8. സ്ത്രീകൾക്ക് സമൂഹത്തിൽ സ്ഥാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുക.
9. നിയമ സഹായ സെൽ പ്രവർത്തിപ്പിക്കുക.
10. ഒരു 'ക്രഷെ' സ്ഥാപിക്കുക.
11. സ്ത്രീകൾക്കെതിരായ അശ്ലീല പോസ്റ്ററുകൾ നിരോധിക്കുക.

## നേരിടുന്ന പ്രശ്നങ്ങൾ

1. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.
2. സർക്കാർ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ
3. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തന രംഗത്ത് വരുന്നില്ല. രംഗത്തുവരുന്ന സ്ത്രീകൾ പിന്നോട്ടു വലിയുന്ന പ്രവണത കണ്ടു വരുന്നു.
4. സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവാണ്.
5. ബാലവാടികളിൽ ന്യായമായ കൂലി കിട്ടുന്നില്ല.
6. ബാലവാടികളിൽ പലതിനും സൗകര്യമില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. ഗ്രാമ പഞ്ചായത്ത് സഹകരണ സംഘങ്ങൾ വഴി സ്ത്രീകൾക്കുള്ള പരമ്പരാഗത തൊഴിൽ സംരഭങ്ങൾക്കുള്ള സാമ്പത്തിക സഹായം നൽകുക.
2. ഗ്രൂപ്പടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭത്തിന് അവസരം നൽകുക.
3. അടുക്കള തോട്ടം, മുല്ലകൃഷി, കൂൺകൃഷി, കോഴി വളർത്തൽ, ഡയറി ഫാം മുതലായ തൊഴിൽ ചെയ്യുന്നതിന് പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
4. ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

**നിലവിലുള്ള വനിതാ ക്ഷേമ പദ്ധതികൾ**

കാഞ്ഞൂർ പഞ്ചായത്തിൽ 5 ബാലവാടികളും, 2 ഏ.എൻ.പി. സെന്ററും പ്രവർത്തിക്കുന്നുണ്ട്. 1996 ജൂൺ മാസം വരെ എല്ലാ സെന്ററുകളിലും പോഷകാഹാരങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഗവൺമെന്റിന്റെ ധനസഹായത്തോടെ ബാലവാടികൾ വഴി അരി, ചെറുപയർ എന്നീ സാധനങ്ങൾ ഉപയോഗിച്ച് സെന്ററുകളിൽ ഉച്ചഭക്ഷണം നടത്തിയിട്ടുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ഓരോ വർഷവും ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്.

**ഗ്രാമീണ വനിതാ വികസന പദ്ധതി (D.W.C.R.A.)**

ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ പെട്ട 10 വനിതകളെ സംഘടിപ്പിച്ചു കൊണ്ട് ചാരിറ്റബിൾ ആക്ട് അനുസരിച്ച് രണ്ടു D.W.C.R.A. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു യൂണിറ്റ് കാഞ്ഞൂർ പഞ്ചായത്തിന്റെ 9-ാം വാർഡിലും മറ്റൊരു യൂണിറ്റ് 2-ാം വാർഡിലുമാകുന്നു. 2-ാം വാർഡിൽ പ്രവർത്തിക്കുന്ന യൂണിറ്റ് പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട സ്ത്രീകൾ നടത്തുന്ന യൂണിറ്റാണ്.

# സഹകരണമേഖല



ഋണബാദ്ധ്യതയിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കാനും കാർഷിക വ്യവസായിക രംഗങ്ങളിൽ ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കാനും വേണ്ടി 1904 -ലെ സഹകരണ നിയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. തുടർന്നിങ്ങോട്ട് സഹകരണ രംഗത്ത് വിപ്ലവകരമായ മുന്നേറ്റം കാഴ്ച്ച വെക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സമൂഹത്തിലെ സമസ്ത മേഖലകളിലും സഹകരണ സംഘങ്ങൾ സ്ഥാപിക്കാനും മുന്നേറാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.നമ്മുടെ സഹകരണ മേഖല മാതൃകയാക്കിയാണ് ഇന്ന് മററ് സംസ്ഥാനങ്ങൾ സഹകരണസംഘങ്ങൾ സംഘടിച്ചു വരുന്നത്. ജനകീയ സ്വഭാവം നിലനിൽക്കുന്ന സ്ഥാപനങ്ങളാണ് സഹകരണസംഘങ്ങൾ.തുറന്ന അംഗത്വവും ജനകീയ ഭരണവും അവയുടെ സവിശേഷതകളാണ്.

കാഞ്ഞൂർ പഞ്ചയത്തിൽ രണ്ട് സഹകരണബാങ്കുകളും, രണ്ട് ഹരിജൻ സഹകരണസംഘവും പ്രവർത്തിക്കുന്നു.

### 1. കിഴക്കു ഭാഗം സർവ്വീസ് സഹകരണ ബാങ്ക്

കാഞ്ഞൂർ പഞ്ചായത്തിലെ ഈ ബാങ്കിന് ദീർഘകാലത്തെ ചരിത്രമുണ്ട്. ദേശീയ പ്രസ്ഥാനത്തിന്റെ ആവേശം നിലനിന്നിരുന്ന കാലത്താണ് കിഴക്കു ഭാഗം സഹകരണ ബാങ്ക് എന്ന് ഇന്നറിയപ്പെടുന്ന അന്നത്തെ 316-ാം നമ്പർ കിഴക്കുംഭാഗം ഗ്രമോദ്ധാരണ പരസ്പരസഹായ സംഘം എന്ന സ്ഥാപനം രൂപപ്പെടുന്നത്. സാധാരണ ജനങ്ങളുടെ പുരോഗതിക്ക്, സഹകരണ പ്രസ്ഥാനം വഴി പല കഴിവുകളും ഉപയോഗപ്പെടുത്താമെന്ന ചിന്തക്ക് പ്രചാരം കുറഞ്ഞ കാലഘട്ടമായിരുന്നു അത്. കൊച്ചിയിൽ നാമമാത്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന സംഘങ്ങളിൽ ഒന്നായിരുന്നു 9-ാം നമ്പർ വടക്കുംഭാഗം പരസ്പര സഹായ സംഘം. കാഞ്ഞൂർ അങ്ങാടിയിൽ ഇടശ്ശേരി കാക്കുവിന്റെ വസതിയിലാണ് ടി സംഘത്തിന്റെ ആരംഭം. അദ്ദേഹം തന്നെയാണ് ഏറിയ പങ്കും സംഘത്തിന്റെ സെക്രട്ടറി കുറേക്കാലം നല്ലനിലയിൽ നടന്ന ടി സംഘം പിന്നിട് രണ്ട് പ്രബലശക്തികളുടെ ബലാബലങ്ങൾ പരീക്ഷിക്കുന്നതിനുള്ള വേദിയായതോടെ സംഘം പലവിധ കാരണങ്ങൾ കൊണ്ട് ഇല്ലാതാകുകയും ഇതിന്റെ ഭാഗമായി ടി സംഘത്തിന്റെ അംഗത്വത്തിലേക്ക് വന്ന

ശ്രീ കേരളവർമ്മ തിരുമുൽപാടും, ശ്രീ ഗോപാലകുറപ്പു മാസ്ററും മുൻകൈയെടുത്ത് മറെറാരു സംഘം പുതിയേടം കേന്ദ്രീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയതു. 1110 വൃശ്ചികം 10 ന് പ്രവർത്തനം തുടങ്ങിയ ടി. സംഘമാണ് ഇന്ന് കാഞ്ഞൂർ പഞ്ചായത്തിലേ 8,9,10 വാർഡുകളിലും 7–ാം വാർഡിന്റെ ഒരു ഭാഗവും ഉൾപ്പെട്ട പ്രദേശത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കിഴക്കും ഭാഗം സർവ്വീസ് സഹകരണ ബാങ്ക്.83 – 84 കാലയളവിൽ ബാങ്കായി മാറിയതിനുശേഷം നിരവധി പദ്ധതികൾ ആവിഷ്ക്കച്ച് നടപ്പക്കിയിട്ടുണ്ട്. കാർഷിക വായ്പ, സാധാരണ വായ്പാ, സ്വർണ്ണപണയ വായ്പാ, ഉപഭോകൃത വായ്പാ, സ്വയം തോഴിൽ വായ്പാ, കക്കൂസ് നിർമ്മാണ വായ്പാ, ഭവന നിർമ്മാണ വായ്പാ, IRDP വായ്പാ, തുടങ്ങിയ വായ്പകൾ ബാങ്കു നേരിട്ടും, ജില്ലാ സഹകരണബാങ്കിന്റെ സഹായത്തോടെയും അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ചിട്ടി നടത്തിപ്പും, വിവിധ നിക്ഷേപ പദ്ധതിയുടെ തുടക്കവും വിവിധ വായ്പാ പദ്ധതികളിലൂടെ ജനങ്ങളുടെ പിന്തുണ നേടാനും, ഇത് ജനങ്ങളുടെ ബാങ്കാണ് എന്ന വികാരം അവരിൽ ജനിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. പുതിയ മേഖലകളിലേക്ക് കടന്നു വരുവാൻ ബാങ്കിനു കഴിയണം. 74 സെന്റ് സ്ഥലം സ്വന്തമായുള്ള ജില്ലയിലെ ഏക ബാങ്കാണിത്. നമ്മുടെ പഞ്ചായത്തിൽ കൂടുതൽ സഹകരണ സംരഭങ്ങൾ ആരംഭിക്കുന്നതിന് ഇത് സഹായകരമാണ്.

കാർഷിക മേഖലയുടെ ഉയർച്ചക്കുവേണ്ടി 5,46,853 രൂപ വായ്പ നൽകിയിട്ടുണ്ട്.ടി. തുക ഈ മേഖലയുടെ വളർച്ചക്കു വേണ്ടി തന്നെയാണോ വിനിയോഗിക്കുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്.വിതരണം ചെയ്യ്ത വായ്പയുടെ 25% ൽ കൂടുതൽ കുടിശ്ശികയാണ്. ആകെ 25,87,810/– രൂപ വായ്പാ കുടിശ്ശികയാണ്. കരുതൽ ധനമായി നല്ലൊരു തുക മാററിവക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ് കണക്കിൽ ലാഭം കാണാൻ കഴിയാത്തത്. കുടുശ്ശിക ഒഴിവാക്കാനായാൽ ബാങ്ക് ലാഭത്തിലാണ്.

വിവിധയിനങ്ങളിൽ നൽക്കിയിട്ടുള്ള വായ്പകൾ

| | | |
|---|---|---|
| 1. കാർഷിക വായ്പകൾ | : | 5,46, 853 |
| 2. സ്വർണ്ണപണയ വായ്പ | : | 47,890 |
| 3. സാധാരണ വായ്പ | : | 5762269 |
| 4. കൺസ്യൂമർ വായ്പ | : | 14693 |
| 5. IRDP. വായ്പ | : | 89448 |
| 6. ഭവന നിർമ്മാണ വായ്പ | : | 1026681 |
| 7.വിദ്യാഭ്യാസ വായ്പ | : | 74500 |
| 8. മദ്ധ്യകാല വായ്പ | : | 53311 |

## കുടിശ്ശികയുടെ വിവരം

| | |
|---|---|
| കാർഷിക വായ്പ | 262000 |
| സാധാരണ വായ്പ | 1360000 |
| മററു വായ്പ | 965810 |

വിവിധ വായ്പാ പദ്ധതികൾക്കു പുറമേ വളം, കീടനാശിനി, സിമന്റ് എന്നീ വ്യാപാരങ്ങളും ബാങ്ക് നടത്തിവരുന്നു. 4130 അംഗങ്ങളാണ് ആകെയുള്ളത്. ഓഹരി മൂലധനം 135000രൂപയും ഓഹരി 10000/-രൂപയുമാണ്.വിവിധ നിക്ഷേപങ്ങളിലായി ആകെ 63 ലക്ഷം രൂപ നിലവിൽ ഉണ്ട്ബാങ്കിന്റെ നിലവിലുള്ള പ്രസിഡണ്ട് ശ്രീ. പി. അശോകനാണ്.

## കാഞ്ഞൂർ സർവ്വീസ് സഹകരണബാങ്ക്

രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമംപരിഹരിക്കുന്നതിനു വേണ്ടി കാഞ്ഞൂർ S. N. D. P യുടെ നേതൃത്വത്തിൽ 1941ൽ ആരംഭിച്ച 45ാംനമ്പർ വെള്ളാരപ്പിള്ളി S.N.D.P. ഇൻഡസ്ട്രിയൽ പരസ്പരസഹായസംഘം' പിൽക്കാലത്ത് വെള്ളാരപ്പിള്ളി റീജിയണൽ അഗ്രിക്കൾച്ചൽ ക്രെഡിറ്റ് സംഘമായി രൂപാന്തരപ്പെട്ട് 1960 മുതൽ സഹകരണബാങ്കായി പ്രവർത്തിക്കുന്നു. കുടവത്തി നാരായണൻ, മാന്നാംപിള്ളി കുട്ടൻ വൈദ്യർ, പറക്കാട്ട് പത്മനാഭൻ, മമന്നാംപിള്ളി രാവുണ്ണി വൈദ്യർ, വലിയവീട്ടിൽ ശങ്കരൻ ശാസ്ത്രി തുടങ്ങിയവർആദ്യകാലത്തെ മുൻനിര പ്രവർത്തകരായിരുന്നു.

കാഞ്ഞൂർ പഞ്ചായത്തിൽ 1 മുതൽ 6 വരെ വാർഡുകളും 7-ാം വാർഡിലെ ഒരു ഭാഗവും ഉൾപ്പെട്ടതാണ് ബാങ്കിന്റെ പ്രവർത്തനപരിധി. ആകെ 5282 അംഗങ്ങളുള്ള ബാങ്കിന്റെഓഹരി മൂലധനം 1395010 രൂപയാണ്. സർക്കാർ ഓഹരി ഒരു ലക്ഷം രൂപയും. വിവിധ വായ്പാ പദ്ധതികൾ ബാങ്ക് നടപ്പാക്കി വരുന്നു. വിവിധ വായ്പകളിലായി 31128431/95 രൂപ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 41266657/20 രൂപയാണ് ആകെ ഡെപ്പോസിറ്റ്. കഴിഞ്ഞ 3-4 വർഷങ്ങളിൽ പുതിയ വായ്പാ പദ്ധതികളും നിക്ഷേപപദ്ധതികളും നടപ്പാക്കി ജനങ്ങളുടെ താല്പര്യത്തിനനുസൃതമായി പ്രവർത്തനം ഉയർത്തിക്കൊണ്ട് വരുന്നതിന് കഴിഞ്ഞിട്ടുണ്ട്. സിമന്റ്, വളം, കീടനാശിനി, തുണി വില്പന എന്നീ ബിസിനസ്സുകൾ നല്ല നിലയിൽ നടത്തിവരുന്നു. ബാങ്ക് കൊടുത്ത വായ്പകളിൽ 2680350/- രൂപ കുടിശ്ശികയാണ്. 8.61 % മാണ് കൊടുത്ത വായ്പയുടെ പിരിഞ്ഞുകിട്ടാത്തത്.

## ബാങ്കിൽ നിന്നും വിതരണം ചെയ്ത വായ്പകൾ

| | | |
|---|---|---|
| ഹ്രസ്വകാല വായ്പ | - | 40954 |
| ക്യാഷ് ക്രഡിറ്റ് | - | 73643 |
| മദ്ധ്യകാല വായ്പ | - | 18079196 |
| സാധാരണ വായ്പ | - | 1482454 |
| സ്വർണ്ണപണയ വായ്പ | - | 5963757 |
| സെക്യേഡ് വായ്പ | - | 1499879 |
| IRDP | - | 107512 |
| ഭവനനിർമ്മാണ വായ്പ | - | 28920 |
| | | 351649 |
| ഓവർ ഡ്രാഫ്റ്റ് | - | 2878094 |
| ഓവർ ഡ്രാഫ്റ്റ് സ്ററാഫ് | - | 123069.25 |
| സെക്യേഡ് ഓർഡ്രാഫ്റ്റ് | - | 499304.70 |

## കുടിശ്ശിഖ വായ്പകൾ

| | | |
|---|---|---|
| മദ്ധ്യകാല വായ്പ | - | 1244060 |
| സാധാരണ വായ്പ | - | 880310 |
| സ്വർണ്ണപണയ വയ്പ | - | 214120 |
| ഭവനനിർമ്മാണ വായ്പ | - | 240860 |
| ദീർഘകാല വായ്പ | - | 101000 |
| | | 2680350 |

അടുത്ത കാലത്ത് സംഘത്തിന്റെ ജനകീയാടിത്തറ ഉറപ്പിക്കുന്നതിനും ജനങ്ങളുടെ പങ്കാളിത്തം വിപുലമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. നിലവിൽ ബാങ്കിന്റെ പ്രസിഡന്റ് ശ്രീ. V.P.D. മേനോനാണ്.

## കാഞ്ഞൂർ ഹരിജൻ സർവ്വീസ് സഹകരണസംഘം

1976–ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 649 അംഗങ്ങളാണുള്ളത്. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനാവശ്യമായ പദ്ധതികളാവിഷ്കരിക്കുവാൻടി സംഘത്തിന് കഴിഞ്ഞിട്ടില്ല. 60000/– രൂപാ ഗവ: ഓഹരിയുള്ള ഈ സംഘത്തിന്റെ അംഗീകൃത ഓഹരി മൂലധനം മൂന്നുലക്ഷം രൂപയാണ്. കെട്ട് തെങ്ങ് വായ്പായിനത്തിൽ 30,000/– രൂപയും IRDP വായ്പയിനത്തിൽ 2 ലക്ഷം രൂപയുമാണ് ആകെ നൽകിയിട്ടുള്ള വായ്പകൾ. നിക്ഷേപങ്ങൾ ഒന്നും തന്നെയില്ല. ജില്ലാ സഹകരണ ബാങ്കിൽ നിന്നും മൊത്തം 49900/– രൂപാ വായ്പയുണ്ട്. IRDP- വായ്പായിനത്തിൽ 30599/ –പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നു. സംഘത്തിന് സ്പ്രെയറും ട്രില്ലറു ഉണ്ട്. ടി സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരച്ച് നടപ്പാക്കുകയും വേണം സംഘം ഇപ്പോൾ അഡ്മിനിസട്രേറ്റീവ് ഭരണത്തിലാണ്. സംഘം പ്രർത്തനം വളരെശ്രദ്ധിച്ചു കൊണ്ടുപോകേണ്ടതുണ്ട്.

## ആദി തിരുവള്ളവർ പട്ടികജാതി വികസന സൊസൈറ്റി

ചൂരൽ ഉൽപ്പന്ന നിർമ്മാണരംഗത്ത് പുതിയതായി ആരംഭിച്ച സംഘമാണിത്. പഞ്ചായത്തിൽ നല്ല സാധ്യതയുള്ള ഈ സംഘത്തിന്റെ പ്രവർത്തനം സജീവമാക്കിയാൽ കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയും.

## പരിഹരിക്കേണ്ട പ്രശ്നങ്ങൾ

1. കാർഷിക മേഖലയുടെ പുരോഗതിക്ക് ആവശ്യമായ പദ്ധതികളും, വായ്പാ സംവിധാനങ്ങളും നടപ്പാക്കേണ്ടതുണ്ട്.
2. പഞ്ചായത്തിന്റെ പൊതുവിതരണ പദ്ധതികളിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്കു വഹിക്കാൻ കഴിയണം.
3. ക്ഷീരസംഘങ്ങളും ക്രെഡിറ്റ് സംഘങ്ങളും ആലോചിച്ച് TIE-UP വ്യവസ്ഥ ഉണ്ടാക്കി ക്ഷീര കർഷകരുടെ ഉന്നമനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടത്
4. പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം രൂപീകരിച്ച് വനിതകളുടെ ക്ഷേമത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം
5. നമ്മുടെ പഞ്ചായത്തിലെ ബ്ലേഡു കമ്പനികളെ കർശനമായി നിരോധിക്കണം. സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തിയെ കുറിച്ച് പഞ്ചായത്തും, ബാങ്കുകളും, സംയുക്തമായി ആവശ്യമായ ബോധവല്കരണം നടത്തണം

5. സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്കു വേണ്ടി ഗവ. ഈടാക്കുന്ന രജി. ഫീസ് സൗജന്യമാക്കണം.

7. പഞ്ചായത്തിന്റെയും പഞ്ചായത്തിലെ ഇതര സർക്കാർ സ്ഥാപനങ്ങളുടെയും ഫണ്ട് സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

8. മൂന്ന് മാസം കൂടുമ്പോൾ പഞ്ചാ. ഭരണസമിതിയും, സംഘം ഭാരവാഹികളും– നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികളെ - സംബന്ധിച്ച് പരസ്പര ചർച്ച നടത്തുക.

9. എടുക്കുന്ന വായ്പകൾ പറയുന്ന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

10. ജനപ്രതിനിധികളും, സംഘം ഭാരവാഹികളും, തെരെഞ്ഞെടുത്ത സഹകാരികളും - ഉൾപ്പെടുന്ന വാർഡ് തല കമ്മിറ്റികൾ - സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ രൂപീകരിച്ച് ആവശ്യമായ പ്രവർത്തനം സംഘടിപ്പിച്ച് സഹകരണ മേഖല ഇന്നുള്ളതിനേക്കാൾ ശക്തിപ്പെടുത്തി വികസന പദ്ധതികൾക്ക് നേതൃത്വം കൊടുക്കാൻ കഴിയണം.

11. സഹകരണ മേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും, ഉപഭോക്തൃ സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കുകയും വേണം.

# പട്ടിക ജാതി പട്ടിക വർഗ്ഗം.

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ 10 വാർഡുകളിലായി മൊത്തം ........... പട്ടിക ജാതി കുടുംബങ്ങളും 5 പട്ടിക വർഗ്ഗ കുടുംബങ്ങളുമുണ്ട്. ഈ കുടുംബങ്ങളിലായി മൊത്തം ......................... പട്ടികജാതി അംഗങ്ങളും 30 പട്ടിക വർഗ്ഗ അംഗങ്ങളുമുണ്ട്. ഇതിൽ 70% കോളനികളിലും 30% ഒറ്റപ്പെട്ട് മറ്റു വിഭാഗങ്ങളുമായി ഇടകലർന്നും താമസിക്കുന്നു. ഈ പഞ്ചായത്തിൽ 5 അംഗീകൃത ഹരിജൻ കോളനികളും ഒരു അംഗീകരിക്കാത്ത കോളനിയുമുണ്ട്. അവ:-

| | | വാർഡ്. |
|---|---|---|
| 1. ഹെർബർട്ട് കോളനി ശ്രീമൂലനഗരം | - | IV |
| 2. തറനിലം ഹരിജൻ കോളനി | - | III |
| 3. തുമ്മാറക്കൽ ഹരിജൻ കോളനി | - | III |
| 4. തിരുനാരായണപുരം ഹരിജൻ കോളനി | - | X |
| 5. തേപ്പാടംകര ഹരിജൻ കോളനി | - | X |

മാവേലി ഹരിജൻ കോളനിയാണ് അംഗീകാരം കിട്ടാത്തത്.

ഓരോ വാർഡിലും പട്ടിക ജാതി പട്ടിക വർഗ്ഗ കുടംബങ്ങളുടെ എണ്ണവും അംഗസംഖ്യയും താഴെ കൊടുക്കുന്നു.

| | | കുടുംബങ്ങൾ | അംഗങ്ങളുടെ എണ്ണം. |
|---|---|---|---|
| 1. | പട്ടിക ജാതി | 12 | 60 |
| | പട്ടിക വർഗ്ഗം | 5 | 30 |
| 2. | പട്ടിക ജാതി | 8 | 36 |
| 3. | പട്ടിക ജാതി | 109 | 448 |
| 4. | പട്ടിക ജാതി | 101 | 707 |
| 5. | പട്ടിക ജാതി | 5 | 32 |
| 6. | പട്ടിക ജാതി | 7 | 32 |
| 7. | പട്ടിക ജാതി | 3 | 15 |
| 8. | പട്ടിക ജാതി | 17 | 71 |
| 9. | പട്ടിക ജാതി | 9 | 45 |
| 10. | പട്ടിക ജാതി | 75 | 300 |

പട്ടിക ജാതി/പട്ടിക വർഗ്ഗത്തിന്റെ പുരോഗതിക്കു വേണ്ടി പല പദ്ധതികളും മാറി മാറി വരുന്ന സർക്കാരുകൾ ആസൂത്രണം ചെയ്യുന്നുണ്ടെങ്കിലും അവ ഫലപ്രദ മായ രീതിയിൽ പ്രയോജനപ്രദമായ രീതിയിൽ കുടുംബങ്ങൾക്കോ കുടുംബാംഗ ങ്ങൾക്കോ എത്തിയിട്ടില്ല എന്നുള്ളത് ഒരു തുറന്ന സത്യമായി അവശേഷിക്കുന്നു.

പട്ടിക ജാതി/പട്ടിക വർഗ്ഗത്തിന്റെ വികസനത്തിനും പുരോഗതിക്കും ആവ ശ്യമായ അഥവ അനിവാര്യമായ ഘടകങ്ങൾ പ്രത്യേകം പരിഗണിച്ച് പരിഹാര മാർഗ്ഗ ങ്ങൾ സമർപ്പിക്കുന്നു. ഈ വസ്തുനിഷ്ഠമായ നിർദ്ദേശങ്ങൾ പ്രത്യേകം പരിഗണിച്ച് അവ അടിയന്തിരമായി നടപ്പാക്കുന്നതിന് ആവശ്യമായ വിഭവ സമാഹരണം നടത്തിയും പഞ്ചായത്തു ഫണ്ട് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം, ബാങ്കുകൾ, സഹക രണ സ്ഥാപനങ്ങൾ മറ്റു ധന നിക്ഷേപ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ നിന്നൊക്കെ സമാഹരിച്ച് നിർദ്ദേശങ്ങൾ വിജയകരമായി നടപ്പാക്കണം.

## 1. വിദ്യാഭ്യാസം

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി/പട്ടിക വർഗ്ഗത്തിന്റെ വിദ്യാഭ്യാസ നിലവാരം മറ്റുള്ള വിഭാഗത്തോടു താരതമ്യപ്പെടുത്തുമ്പോൾ വളരെ താഴ്ന്ന നിലവാരം പുലർത്തുന്നതായി കാണാം. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ മൊത്തം ആളുകളിൽ 10% മാത്രമാണ് വിദ്യാഭ്യാസം സിദ്ധിച്ചവർ. അതിൽ ഉന്നത ബിരുദം നേടിയവർ ഏഴു പേർ മാത്രം. സാമ്പത്തികമായ പരാധീനതയും, കുടുംബ ചുറ്റുപാടുകളും മൂലം കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പോലും സമ്പാദിക്കുവാൻ കഴിയാതെ പഠനം പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണ്.

പഞ്ചായത്തിലെ മൊത്തം വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | ഹൈസ്കൂൾ | 4 |
| 2. | അപ്പർ പ്രൈമറി സ്കൂൾ | 1 |
| 3. | പ്രൈമറി സ്കൂൾ | 3 |
| 4. | നഴ്സറി സ്കൂൾ | 2 |
| 5. | ബാലവാടി(അങ്കൻവാടി) | 5 |
| 6. | ഐ.ടി.സി. | 1. |

എന്നിങ്ങനെയാണ്. ഇവിടെ പഠിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾ വളരെ കുറച്ചു പേർ മാത്രം. മൊത്തം പട്ടിക ജാതി പട്ടിക വർഗ്ഗക്കാരിൽ നിരക്ഷരർ കൂടുതലാണ്. സാക്ഷരതാ പ്രവർത്തനം നാമമാത്രമായതോടെ നവസാക്ഷരരായവർ നിരക്ഷരരായ അവസ്ഥയാണ്. സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടികൾ സമഗ്രമായി സമർത്ഥമായി പുനഃസംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയാൽ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാരെ മാത്രമല്ല മറ്റു വിഭാഗത്തിൽ പെട്ടവരേയും സാക്ഷരരാക്കുവാൻ കഴിയും. കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ ഒരു ഐ.ടി.സി. ഒഴിച്ചാൽ മറ്റൊരു ഉന്നത സാങ്കേതിക പഠന കേന്ദ്രം അഥവാ പരിശീലന കേന്ദ്രം ഇല്ല. പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പുരോഗതിക്കു വേണ്ടി കോളനികളിൽ അർപ്പണ ബോധമുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള അദ്ധ്യാപിക അദ്ധ്യാപകരെ കണ്ടെത്തി പരിശീലന ക്ലാസ്സുകൾ അഥവാ ട്യൂഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

## 2.A. കുടിവെള്ളവും B.ആരോഗ്യവും.

A. ഹരിജൻ കോളനികളിൽ കുടിവെള്ള ക്ഷാമം പൊതുവെ രൂക്ഷമാണ്. പ്രത്യേകിച്ചും വേനൽകാലത്ത്. കോളനികളിൽ നിലവിലുള്ള കിണറുകളെല്ലാം തന്നെ വേനൽ കാലത്ത് വെള്ളമില്ലാത്ത അവസ്ഥയിലാകും. എല്ലാ കോളനികളിലേക്കും പൈപ്പു ലൈൻ എത്തിച്ചിട്ടുമില്ല. പൈപ്പു ലൈൻ നീട്ടി വെള്ളം എത്തിക്കണം. കൂടാതെ നിലവിലുള്ള കിണറുകൾ നന്നാക്കി വെള്ളം ലഭ്യമാക്കുകയും വേണം. അഴുക്കു വെള്ളം ഉപയോഗിക്കുന്നതു മൂലം പല സാംക്രമിക രോഗങ്ങളും കോളനികളിൽ പടർന്നു പിടിക്കുന്നു. അതുകൊണ്ട് ശുദ്ധജലം വാർഡുകളിൽ എത്തിക്കുവാൻ ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്യണം.

B. ആരോഗ്യപരിപാലനത്തിനുള്ള സൗകര്യങ്ങളും കോളനികളിൽ ഇല്ലെന്നു പറയാം. മൊത്തം രണ്ടു പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണുള്ളത്. രണ്ടാം വാർഡിലുള്ള ആരോഗ്യ കേന്ദ്രത്തിലെ ജോലിക്കാരുടെ സഹായമാണ് മൂന്നും നാലും വാർഡിലെ കോളനി നിവാസികൾക്ക് ലഭ്യമാകുന്നത്. മൂന്നും, നാലും, അഞ്ചും, ആറും വാർഡുകളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധം ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം ഈ വാർഡുകളുടെ സംഗമ സ്ഥാനമായ കോഴിക്കോടൻപടി കവലയിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ഡോക്ടറുടെ സേവനവും മറ്റ് അവശ്യ സർവ്വീസുകളുടെ സേവനവും ലഭ്യമാക്കണം. ആരോഗ്യ പരിപാലനത്തിന്റെ മറ്റൊരു ഘടകമാണ് വീടുകളിൽ കക്കൂസ് നിർമ്മാണം. സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർക്കും കേവലം കൂലി വേല ചെയ്തു ജീവിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ വീടുകളിൽ 80% വീടുകളിലും കക്കൂസ് ഇല്ല എന്നുള്ളത് ഒരു നഗ്ന സത്യമാണ്. ഇത് പരിഹരിച്ചില്ലെങ്കിൽ കോളനികളിൽ സാംക്രമ രോഗങ്ങൾ പടർന്നു പിടിക്കാൻ സാദ്ധ്യത കൂടുതലാണ്. അതിനാൽ കോളനി നിവാസികൾക്ക് എല്ലാവർക്കും കക്കൂസ് നൽകണം.

## 3. ഭവന നിർമ്മാണവും സാമൂഹ്യ ക്ഷേമവും.

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ 5 അംഗീകൃത ഹരിജൻ കോളനികളുണ്ട്. കൂടാതെ പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ ഒറ്റ തിരിഞ്ഞ് മറ്റ് സമൂഹങ്ങൾക്കിടയിൽ താമ

സിക്കുന്നുണ്ട്. നിലവിലുള്ള ലക്ഷംവീടു കോളനികളിൽ ഭൂരിഭാഗവും ഹരിജനങ്ങളാണ് താമസിക്കുന്നത്. വീടുകളുടെ സ്ഥിതി ശോചനീയമാണ്. ചോർന്നൊലിക്കുന്നവയും നിലം പതിക്കാറായവയും അനവധിയാണ്. വീടുകളിൽ 70% അങ്ങിനെ ശോചനീയാവസ്ഥയിലാണ്. അടിയന്തിരമായി അറ്റകുറ്റ പണികൾ നടത്തി താമസയോഗ്യമാക്കുവാൻ വൈകിക്കൂടാ. വീടുകളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ല.കക്കൂസ് 80% വീടുകൾക്കുമില്ല. അതു ഉണ്ടാക്കി കൊടുക്കുവാൻ സർക്കാർ തലത്തിലും പഞ്ചായത്തു തലത്തിലും നടപടി ഉണ്ടാകണം. സാമ്പത്തിക സഹായം മതിയാവോളം അനുവദിക്കണം.

ഇന്നും കുടിലുകളിൽ താമസിക്കുന്നവർ നിരവധിയാണ്. കൂടാതെ ഒരു വീട്ടിൽ തന്നെ പരിമിതമായ സ്ഥലത്ത് കഴിഞ്ഞു കൂടുന്നവരുമുണ്ട്. ഇവർക്കായി വീടു വെയ്ക്കുന്നതിന് സ്ഥലം വാങ്ങി കൊടുത്തും വീടു പണിതു കൊടുത്തും വീടു പണിയുവാൻ സാമ്പത്തിക സഹായം മതിയാവോളം ചെയ്തോ ജീവിത സൗകര്യം ഉണ്ടാക്കാൻ സർക്കാരും പഞ്ചായത്തും പ്രതിബദ്ധത കാണിക്കണം.

സാമൂഹ്യ ക്ഷേമ പദ്ധതിക്കുതകും വിധം കറവമാടുകൾ, കോഴി, ആട്, എന്നിവയെ സൗജന്യമായി നൽകിയും, തൊഴിൽരഹിതരായ, അഭ്യസ്തവിദ്യരായ, പഠനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തവരുമായ യുവതീ യുവാക്കൾക്ക് അഭിരുചിക്കൊത്ത വിധം തൊഴിൽ പരിശീലനം നൽകി കുടിൽ വ്യവസായത്തിനോ, വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനോ ആവശ്യമായ സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ - പ്രത്യേകിച്ച് ഹരിജന ക്ഷേമ വകുപ്പ് തയ്യാറാവുക എന്നിവ ആവശ്യമാണ്.

പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് കൃഷി ഭൂമി വാങ്ങാനും ഉപകരണങ്ങൾ വാങ്ങാനും ഹരിജന ക്ഷേമ ബോർഡിൽ നിന്ന് സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുകയും വേണം. പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ വീടുകൾ അധികവും വൈദ്യുതീകരിച്ചിട്ടില്ലാത്തവയാണ്. വീടുകൾ വൈദ്യുതീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

## 4. ജലസേചനം ജല നിർഗ്ഗമനം.

പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിൽ ഇന്ന് ജലസേചന സൗകര്യവും, ജല നിർഗ്ഗമന സൗകര്യവും ഇല്ലാത്തവയുണ്ട്. വർഷകാലത്ത് വെള്ളക്കെട്ടു മൂലം വഴികളും, വീടുകളും, പരിസരങ്ങളും വെള്ളം കെട്ടി നിന്ന് സഞ്ചാര സൗകര്യവും താമസ

സൗകര്യവും ഇല്ലാതാവുന്നുണ്ട്. അതിന് ഉത്തമ ഉദാഹരണമാണ് കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് നാലാം വാർഡിലെ നാലു സെന്റ് ഹരിജൻ കോളനി. ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഹെർബർട്ട് കോളനിയിലേക്ക് കുഴി നീട്ടിയാൽ ആ പ്രദേശം മുഴുവൻ വൃക്ഷലതാദികൾ നനയ്ക്കുന്നതിനും കിണറുകളിൽ വെള്ളമുണ്ടാകുന്നതിനും, കൃഷികൾക്കും ഉപകരിക്കും.

ശ്രീമൂലനഗരം ഹെർബർട്ട് കോളനിയിൽ വർഷകാലത്ത് പ്രത്യേകിച്ച് നാലു സെന്റ് കോളനിയിൽ കെട്ടി കിടക്കുന്ന വെള്ളം പുറത്തേക്ക് ഒഴുകുന്നതിന് സൗകര്യമില്ലാത്ത അവസ്ഥയാണ്. ഇത് പരിഹൃതമാകണം. ഈ പ്രക്രിയക്ക് പരമ പ്രാധാന്യം കൊടുത്ത് അടിയന്തിരമായി ചെയ്യേണ്ട പണിയാണ്.

കാഞ്ഞൂർ പഞ്ചായത്ത് നാലാം വാർഡിൽ ഹെർബർട്ട് ഹരിജൻ കോളനിക്ക് കിഴക്കു വശത്തുള്ള കോടക്കാട്ടു കുളം നന്നാക്കി വെള്ളം പമ്പ് ചെയ്ത് 300 മീറ്റർ അകലത്തിൽ പൈപ്പു വഴി വെള്ളം ചാടിക്കുവാൻ കഴിഞ്ഞാൽ കോളനിയും പരിസര പ്രദേശങ്ങളും നനച്ച് സമർത്ഥമാക്കുവാൻ കഴിയും.

## 5. വ്യവസായം

കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് മേഖലയിലെ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ട 95% ആളുകളും കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. കാർഷിക മേഖല നശിച്ചു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ആളുകൾ തൊഴിൽരഹിതരായിരിക്കുന്നു. ഇഷ്ടിക കളങ്ങളും, ഇന്റർനാഷണൽ എയർപോർട്ടും (നെടുമ്പാശ്ശേരി ) ആണ് തൊഴിൽരഹിതരാക്കിയ സാഹചര്യം സൃഷ്ടിച്ചിരിക്കുന്നത്. ഇതിന് പരിഹാരം വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും കുടിൽ വ്യവസായങ്ങൾ മതിയായ സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുകയുമാണ്. ഇതിന് പ്രാധാന്യം കൊടുത്തില്ലെങ്കിൽ പഞ്ചായത്തിലെ തൊഴിൽരഹിതർ പട്ടിണിയിലാവുമെന്നുള്ളത് തീർച്ചയാണ്.

## 6. ശ്മശാനം.

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ നാലും, പത്തും വാർഡുകളിൽ ഹരിജൻ കോളനിക്ക് പ്രത്യേകമായി ശ്മശാനങ്ങളുണ്ട്. എന്നാൽ അവ വേണ്ട രീതിയിൽ മതിൽ കെട്ടി സംരക്ഷിക്കപെട്ടിട്ടില്ല. ശ്മശാനത്തിന് മതിൽ കെട്ടി സംരക്ഷിക്കയെന്നത് അടിയന്തിര പ്രാധാന്യമുള്ള കാര്യമാണ്. പഞ്ചായത്തിലെ മറ്റു ഹരിജൻ കോളനികളോട് അനുബന്ധിച്ച് ശ്മശാനമില്ലാത്ത അവസ്ഥയുണ്ട്. നാലും അഞ്ചും സെന്റ് സ്ഥലത്ത് താമസിക്കുന്നവർക്ക് ശവശരീരങ്ങൾ സ്വന്തം സ്ഥലത്ത് മറവ് ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭ

വപ്പെടുന്നുണ്ട്. അതുകൊണ്ട് കോളനിയോടനുബന്ധിച്ച് ഒരു ശ്മശാനം നിർമ്മിക്കേണ്ടതും അടിയന്തിര ശ്രദ്ധ പതിയേണ്ട കാര്യമാണ്. കൂടാതെ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ലെന്നുള്ള വസ്തുത കണക്കിലെടുത്ത് ഒരു പൊതു ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 7. കലാ കായിക സാംസ്കാരികം.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ കഴിവുള്ള കലാ കായിക സാംസ്കാരിക പ്രതിഭകളുണ്ട്. അവർക്കു വേണ്ടത്ര പ്രോത്സാഹനം കൊടുത്തു വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്. അതിനാവശ്യമായ സാമ്പത്തിക സഹായ സഹകരണങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക എന്ന പ്രക്രിയ സർക്കാർ തലത്തിലും, പഞ്ചായത്തു തലത്തിലും ഉണ്ടാകണം. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരുടെ എല്ലാ ആവശ്യങ്ങളിലും ചടങ്ങുകളിലും ആത്മാർത്ഥമായി സഹകരിക്കുകയും, സഹായിക്കുകയും ചെയ്യുന്ന മറ്റു വിഭാഗത്തിലെ ജനങ്ങൾക്കും ഇത്തരം സംരംഭങ്ങൾ പ്രയോജനപ്പെടുമെന്ന കാര്യവും ഉൾക്കൊള്ളേണ്ടതുണ്ട്.

## 8. സംവരണം.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണവും ആനുകൂല്യങ്ങളും ചൂഷണം ചെയ്യപ്പെടാതിരിക്കുവാൻ കർശനമായ നിയമനിർമ്മാണങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ പ്രതിജ്ഞബദ്ധമാണെന്ന് പ്രത്യേകം ശ്രദ്ധയിൽ പെടുത്തുന്നു.

## 9. ഗതാഗതം.

പട്ടിക ജാതി പട്ടിക വർഗ്ഗ കോളനി റോഡുകൾ ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കുന്നതിനും ആ റോഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

## 10. ഊർജ്ജം.

പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ വീടുകളിൽ വൈദ്യുതീകരിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുക.

പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും അതാതു ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ പ്രത്യേകം നിർദ്ദേശങ്ങൾ വെക്കുന്നില്ല.

11. കോളനികളിൽ താമസിക്കാൻ സാധിക്കാതെ മറ്റു സ്ഥലങ്ങളിൽ താമസിക്കുന്ന ഹരിജന/ഗിരിജന കുടുംബങ്ങൾക്ക് ഈ വിഭാഗങ്ങൾക്കുള്ള എല്ലാ ആനുകൂല്യവും നൽകുക. ഈ പഞ്ചായത്തിലെ ഗിരിവർഗ്ഗക്കാരായ അഞ്ചു കുടുംബങ്ങൾക്ക് കോളനി രജിസ്റ്റർ ചെയ്യാത്തതു കൊണ്ട് ഗിരിവർഗ്ഗക്കാർക്കുള്ള ഇതുവരെ കിട്ടാത്ത എല്ലാ ആനുകൂല്യവും ലഭിക്കണം.

112

# വിഭവ സമാഹരണം

കാഞ്ഞൂർ ഒരു ഒന്നാം ഗ്രേഡ് ഗ്രാമ പഞ്ചായത്താണ്. പ്രധാനമായും ഒരു കാർഷിക മേഖലയാണ്. നെല്ല്, തെങ്ങ്, ജാതി, വാഴ, കൊണ്ടൽ കൃഷികൾ, കവുങ്ങ്, മരച്ചീനി, റബ്ബർ എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ. കാർഷിക വിഭവങ്ങൾ വർദ്ധിപ്പിക്കുകയും ശരിയായ രീതിയിൽ വിപണന കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുകയും ചെയ്താൽ ഈ രംഗത്ത് വികസനം ഉണ്ടാവുകയും തൊഴിൽ സാദ്ധ്യത വർദ്ധിക്കുകയും ചെയ്യും. ആയതിന് വിപണന കേന്ദ്രങ്ങൾ ഇവിടെ ആരംഭിക്കുവാൻ ശ്രമം ആവശ്യമാണ്.

പഞ്ചായത്തിൽ രണ്ടു സഹകരണ സംഘങ്ങളും രണ്ടു ഹരിജൻ വെൽഫെയർ സൊസൈറ്റികളും മൂന്ന് ക്ഷീര ഉല്പാദക സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. ഫെഡറൽ ബാങ്കിന്റെ ഒരു ശാഖയും ഇവിടെയുണ്ട്. ചില സ്വകാര്യ ധനമിടപാട് സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിൽ നിന്നും ബഹുഭൂരിപക്ഷം ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്നുണ്ട്. പഞ്ചായത്തിൽ ഒരു സിനിമാ ശാലയുമുണ്ട്.

ആധുനിക രീതിയിലുള്ള 5 റൈസ് മില്ലുകളും മറ്റു സാധാരണ റൈസ് മില്ലുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ തന്നെ ചില മോഡേൺ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. മിനി ഇൻഡസ്ട്രിയൽ യൂണിറ്റിലെ ചില വ്യവസായങ്ങളും കപ്പങ്ങ സംസ്കരണ യൂണിറ്റുകളും ചെറുകിട വ്യവസായ സ്ഥാപനങ്ങളായി ഉണ്ട്. ഒരു ഓട് നിർമ്മാണ കമ്പനിയും ഇഷ്ടിക നിർമ്മാണ കമ്പനിയുമുണ്ട്. ഉയർന്ന തലത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ലൈസൻസുള്ളതും അനധികൃതവുമായ ഇഷ്ടിക കളങ്ങളാണ് മറ്റൊരു വ്യവസായ മേഖല.

പഞ്ചായത്തിന്റെ കിഴക്ക്, തെക്കു-കിഴക്ക് അതിരുകൾ പെരിയാറാണ്. വൻതോതിലുള്ള മണൽ വാരൽ ഒരു വ്യവസായമായി മാറിയിരിക്കുന്നു. ഇതു പക്ഷെ, ഒരു ശാശ്വത വരുമാനമായി കരുതാവുന്നതല്ല.

പഞ്ചായത്തിലെ 40% പേർ എസ്.എസ്.എൽ.സി.യോ അതിനു മുകളിലോ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. വിദ്യസമ്പന്നരായ ഭൂരിഭാഗം ചെറുപ്പക്കാരും തൊഴിൽരഹിതരാണ്. ഇവർക്ക് തൊഴിൽ കണ്ടെത്താൻ മാർഗ്ഗങ്ങളുണ്ടായാൽ ഈ മനുഷ്യശേഷി (Man Power) പ്രധാന വിഭവമായി പരിണമിപ്പിച്ചെടുക്കാവുന്നതാണ്.

13-ഓളം വകുപ്പുകൾ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലാക്കി കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എല്ലാ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ചു കൊണ്ടുള്ള സംവിധാനവും അതിനുള്ള വിഭവ സമാഹരണവുമാണ് ലക്ഷ്യമിടേണ്ടത്.

1996-97 വർഷത്തേക്ക് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളത് 1,19,92,536-23 രൂപയുടെ വരവും 1,17,38,950-00 രൂപയുടെ ചിലവും 2,53,586-23 രൂപയുടെ നീക്കിയിരിപ്പുമുള്ള ഒരു ബഡ്ജറ്റാണ്. ഇത് എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചു കൊണ്ടുള്ളതാണ്. 1995-96 വർഷത്തിൽ തനതു വരുമാനം 6,53,049-21 രൂപയും ഭരണച്ചിലവ് 3,60,875-50 രൂപയും ആയിരുന്നു.

തനതു വരുമാനത്തിന്റെ 55.26% ഗ്രാമ പഞ്ചായത്തിന്റെ ഭരണ ചിലവിനത്തിൽ (Establishment Charge) ചിലവായിരിക്കുന്നു. ബാക്കിയുള്ള 44.74% തുക മാത്രമേ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായുള്ളു.

കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസു ഫീസ്, ലേലം എന്നിവയാണ് ഗ്രാമ പഞ്ചായത്തിന്റെ തനതായി വരുമാന മാർഗ്ഗം.

വസ്തുകൈമാറ്റം, അടിസ്ഥാന നികുതി, എസ്റ്റാബ്ലിഷ്മെന്റ്, വി.ആർ.എം. ഗ്രാന്റ്, വി.ടി.സി.ഗ്രാന്റ്, എം.ഐ. ഗ്രാന്റ്, ജെ.ആർ.വൈ.ഗ്രാന്റ്, ഉപാധിരഹിത ഫണ്ട് എന്നിവയാണ് സർക്കാരിൽ നിന്നും ലഭിക്കുന്ന പ്രധാന ഗ്രാന്റിനങ്ങൾ. കൃഷി വികസന പദ്ധതികൾ അനുസരിച്ചും ഫണ്ടുകൾ ലഭിക്കുന്നുണ്ട്. അത്, അതാതിനങ്ങൾക്കായി മാത്രം ചിലവഴിക്കപ്പെടുന്നു. വരുമാന വർദ്ധനവിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

## നിർദ്ദേശങ്ങൾ

1. കെട്ടിട നികുതി ചുമത്തുന്ന രീതിയിൽ പോരായ്മകൾ കാണുന്നുണ്ട്. ചട്ടങ്ങൾ അനുശാസിക്കുന്ന വിധം ശരിയായി കണക്കെടുത്താൽ ഈ ഇനത്തിൽ നികുതി വർദ്ധനവുണ്ടാവും. കൂടാതെ ചില കെട്ടിടങ്ങൾ പുതുക്കി പണിയുകയോ, കെട്ടിടങ്ങളിൽ കൂട്ടി ചേർക്കലുകൾ വരുത്തുകയോ ചെയ്താൽ അവ അധികൃതരുടെ ശ്രദ്ധയിൽ പെടാറില്ല. ഇത്തരം സംഗതികൾ ശ്രദ്ധയിൽ പെടുമ്പോൾ നികുതി പുതുക്കുന്നതിന് കാലതാമസവും നേരിടുന്നു. വിവരം യഥാസമയം നൽകാത്തവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണം. ആവശ്യമായ നിയമ ഭേദഗതികളും ഉണ്ടാവണം. അങ്ങനെയായാൽ ഈ ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

2. ആഴ്ച ചന്തകളും, മത്സ്യ മാർക്കറ്റും സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കുക
3. അറവു ശാലകൾക്ക് ലൈസൻസു നിർബന്ധമാക്കി നിലവിലുള്ള നിരക്ക് ഉയർത്തുക.
4. പുഴ, തോട്, കുളം, പുറമ്പോക്കുകൾ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഇതിൽ രൂപ ഭേദം വന്നിട്ടുള്ള സ്ഥലങ്ങൾ പലരുടേയും കൈവശമാണ്. അത്തരം കൈവശക്കാരിൽ നിന്നും അടിസ്ഥാന ഭൂനികുതി പോലെയുള്ള നികുതി ചുമത്തി ഈടാക്കുക.
5. മേൽ വിവരിച്ച ഇനത്തിൽ പെടുന്ന ചിറങ്ങരചിറ, കണ്ണാട്ടുകുളം പോലെയുള്ള കുളങ്ങളും, ചിറകളും വിപുലപ്പെടുത്തി മത്സ്യം വളർത്തുന്നതിന് പാട്ടം നിശ്ചയിച്ചു നൽകുക.
6. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ല. പഞ്ചായത്തു കെട്ടിടത്തിലെ ഹാളിന്റെ പണി പൂർത്തിയായി കൊണ്ടിരിക്കുന്നു. അത് ഉടൻ പൂർത്തിയാക്കി, ആവശ്യമായ ഫർണീച്ചർ വാങ്ങിയിട്ടാൽ വാടകക്ക് കൊടുക്കാവുന്നതാണ്. ഇതൊരു സ്ഥിര വരുമാന മാർഗ്ഗമാണ്.
7. അടിസ്ഥാന ഭൂനികുതി നിരക്ക് ഇന്നത്തെ കാലഘട്ടത്തിൽ വളരെ കുറവാണ്. ഇത് ഞ്കാലോചിതമായി പരിഷ്കരിക്കുകയും ഗ്രാമ പഞ്ചായത്തുകൾക്കു നൽകുന്ന വിഹിതം കൂട്ടുകയും ചെയ്യുക. പഞ്ചായത്തിന്റെ വിഹിതം അതാതു വർഷം തന്നെ ലഭിക്കുന്നതിന് നടപടി എടുക്കുക.
8. ലൈസൻസില്ലാതെ പല ഇഷ്ടിക കളങ്ങളും നടത്തി സ്വകാര്യ വ്യക്തികൾ ലാഭമുണ്ടാക്കുന്നുണ്ട്. ഇത്തരം കേസ്സുകളും, നിർദ്ദിഷ്ട ലൈസൻസെടുക്കാത്ത മറ്റു സ്ഥാപനങ്ങളും കണ്ടെത്തി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പിഴ ഈടാക്കുക.
9. പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള കോവിലകം റോഡുപോലെയുള്ള റോഡുകളിൽ പരിധി നിർണ്ണയിച്ചു കൊടുത്ത് അവിടെ അടുത്ത സ്ഥലമുടമകളെ ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുവാൻ പ്രേരിപ്പിക്കുക. വൃക്ഷത്തിന്റെ സംരക്ഷണം അവർ ഏറ്റെടുക്കുകയും അതിനാൽ അതിന്റെ ആദായമെടുക്കാൻ അവരെ അനുവദിക്കുകയും ചെയ്യണം. ഭാവിയിൽ വിറകു ക്ഷാമം കുറയ്ക്കാനും, ഈ വൃക്ഷങ്ങൾ ഗ്രാമ പഞ്ചായത്തിന്റെ മൂലധനമായി മാറ്റാനും കഴിയും.
10. പഞ്ചായത്തു വഴിയിൽ കൂടി ടി.വിക്കു വേണ്ടി കേബിൾ മുതലായവ വലിക്കുന്നതിന് നികുതി ചുമത്തുക.

ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക മേഖലയായതിനാൽ, കാർഷിക വിഭവം, ധനവിഭവം, മനുഷ്യശേഷി ഇവ സമ്മേളിപ്പിച്ച് വികസന പദ്ധതികൾ തയ്യാറാക്കണം. മനുഷ്യവിഭവ ശേഷി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ചെറുപ്പക്കാർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാവും.

# സാമുഹ്യ സാംസ്കാരിക ചരിത്രം

പഴയ കൊച്ചി രാജ്യത്തിലെ അതിശക്തനായ രാജാവായിരുന്ന ശക്തൻ തമ്പുരാന്റെ ജന്മം കൊണ്ട് പ്രസിദ്ധമാണ് വെള്ളാരപ്പിള്ളി കോവിലകം. ഈ കോവിലകം ഇന്നും ഇവിടെയുണ്ട്. കാഞ്ഞൂർ പഞ്ചായത്ത് ഉടലെടുക്കുന്നതിനു മുമ്പ് വെള്ളാരപ്പിള്ളിയായിരുന്നു പഞ്ചായത്ത്. കോവിലകം സ്ഥിതി ചെയ്യുന്നത് പുതിയേടത്താണ്. പഴയ കൊച്ചി രാജാവിന്റെ ആസ്ഥാനം, ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി, മാറ്റേണ്ടി വന്നു - അതിനു വേണ്ടി പുതിയ ഇടം കണ്ടെത്തേണ്ടി വന്നു. അങ്ങനെ കണ്ടെത്തിയ പുതിയ ഇടമായതിനാലാണ് പുതിയേടമായത് എന്നാണ് പഴമക്കാർ പറയുന്നത്.

വെള്ളാരപ്പിള്ളി പഞ്ചായത്ത് വിഭജിക്കപ്പെട്ട് കാഞ്ഞൂർ, ശ്രീമൂലനഗരം പഞ്ചായത്തുകളായി. ശ്രീമൂലനഗരം പഞ്ചായത്തിലെ ചൊവ്വരയിലായിരുന്നു കൊച്ചി രാജ്യത്തെ സമ്മർപാലസുകൾ - ഈ കൊട്ടാരങ്ങൾ അടുത്തകാലം വരെ നിലനിന്നിരുന്നു. ചൊവ്വരെ തീപ്പെട്ട തമ്പുരാനെ അടക്കം ചെയ്തത് വെള്ളാരപ്പിള്ളി കോവിലകത്താണ്. അദ്ദേഹത്തിന്റെ ശവകുടീരം സ്മാരകമായി ഇന്നും ഇവിടെ സ്ഥിതി ചെയ്യുന്നു. ചുരുക്കത്തിൽ കൊച്ചി രാജ്യ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ട ചരിത്രമാണ് ഈ പ്രദേശത്തിനുള്ളത്.

പഴയ തിരുവിതാംകൂറിന്റെ ഭാഗങ്ങളായിരുന്നു വെള്ളാരപ്പിള്ളിക്കു ചുറ്റുമുണ്ടായിരുന്നത്. കിഴക്കും തെക്കും വശങ്ങളിൽ പെരിയാറും.

കേരളത്തിന്റെ സാംസ്കാരിക, അദ്ധ്യാത്മിക സാഹിത്യ ചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണ് ഈ പ്രദേശത്തിനും ചുറ്റുപാടുമുള്ളത്. ശങ്കരാചാര്യരുടെ ജന്മം കൊണ്ട് പുണ്യമായ കാലടി ഇവിടെ നിന്നും 3 കി.മീറ്റർ അകലെ മാത്രമാണ്. കാലടിയെ തഴുകി വരുന്ന പൂർണ്ണാനദി (പെരിയാർ) കാഞ്ഞൂരിനെയും അനുഗ്രഹിച്ചു കൊണ്ടാണ് പോകുന്നത്. കൃസ്തുമത ദേവാലയമായ പ്രസിദ്ധമായ മലയാറ്റൂർ പള്ളിയും കുരിശുമുടിയും കാലടിയിൽ നിന്നും 8 കി.മീറ്റർ കിഴക്ക് പെരിയാർ തീരത്തു തന്നെ സ്ഥിതി ചെയ്യുന്നും. ഹിന്ദു നവോത്ഥാനത്തിന്റെ ശക്തിസ്രോതസ്സായിരുന്ന ശ്രീശങ്കരാചാര്യരുടെ ജന്മം കൊണ്ട് പുണ്യമായ കാലടിയുടെയും കൃസ്തുമതാ പ്രവാചകനാ

# ജനകീയ ആസൂത്രണം

## പൊതു ആവശ്യങ്ങൾ

- കാഞ്ഞൂർ ബസാർ റോഡിൽ പുരാതനവും ലൈഫ് പീരിയഡ് കഴിഞ്ഞതുമായ താളിപ്പാറ പാലം പൊളിച്ചു പണിയണം
- പെരിയാറിനു കുറുകെ പെരുമ്പാവൂരുമായി ബന്ധിപ്പിക്കുന്നതിന് വല്ലംകടവിൽ പാലം നിർമ്മിക്കണം.
- രണ്ടു ഭാഗത്തും റോഡുകൾ വന്നവസാനിക്കുന്ന പുതിയാമ്പിള്ളി കടവിൽ ചപ്പാത്തു നിർമ്മിക്കണം.
- ജലദൗർലഭ്യവും മണൽചോർച്ചയും തടയുന്നതിന് പെരിയാറിൽ തടയണ നിർമ്മിക്കണം.
- വിമാനത്താവള നിർമ്മാണം മൂലം ചെങ്ങൽതോട്ടിൽ ജലസ്രോതസ്സ് നശിക്കാനിടയുള്ളതുകൊണ്ട് വെള്ളാനിത്തോട്, ചൌരിയംകുഴി, കൊടിഞ്ഞിലി എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കണം.
- മണ്ണിടിച്ചിലും മണ്ണൊലിപ്പും തടയുന്നതിന് ചെങ്ങൽ തോട്, മങ്ങാത്തോട്, പെരിയാർ തീരം എന്നിവിടങ്ങളിൽ സൈഡുവാൾ കെട്ടണം
- ഉപഭോക്താക്കളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ മേജർ സെക്ഷൻ സ്ഥാപിക്കണം.
- നിലവിലുള്ള അലോപ്പതി, ആയുർവേദ ആശുപത്രികൾ വികസിപ്പിച്ച് രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ളതാക്കണം. അതോടൊപ്പം ജീവനക്കാർക്ക് ക്വാർട്ടേഴ്സും നിർമ്മിക്കണം.
- പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കണം.
- നാലു ഹൈസ്കൂളുകളുള്ള ഇവിടെ ഒരു പോളിടെക്നിക്കും കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററും സ്ഥാപിക്കണം.
- വിമാനത്താവള നിർമ്മാണം മൂലം ഹെർബർട്ടു റോഡ്, കാഞ്ഞൂർ - തുറവുങ്കര റോഡ് എന്നിവ മുറിഞ്ഞുപോവുകയും മറ്റ് യാത്രാസൗകര്യങ്ങൾ 2,3, വാർഡുകളിലെ ജനങ്ങൾക്ക് ഇല്ലാതാവുകയും ചെയ്യുന്നതിനാൽ, തുറവുങ്കരയിൽ നിന്ന് ചെങ്ങൽ റോഡിലേക്കും പടിഞ്ഞാറ് നായത്തോടേക്കും റോഡു സൗകര്യം ഏർപ്പെടുത്തണം.
- കാലടിഭാഗത്തേയ്ക്കുള്ള ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിന് ചെങ്ങൽ കോൺവെന്റു ഭാഗത്തു നിന്ന് കാലടി ശ്രീ ശങ്കരസ്തംഭം ഭാഗത്തേയ്ക്ക് ബൈപാസ് റോഡ് നിർമ്മിക്കണം
- മോഡേൺ റൈസ് മില്ലുകളും, മറ്റു വ്യവസായ സ്ഥാപനങ്ങളും വളരെ കൂടുതലുള്ള മേഖലയാണ് നമ്മുടേത്. ആയതിനാൽ ചാക്കു നിർമ്മാണ ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കണം.
- പഞ്ചായത്തിൽപൊതു മാർക്കറ്റും, മിനി സിവിൽ സ്റ്റേഷനും മിനി സ്റ്റേഡിയവും നിർമ്മിക്കണം.
- പെരിയാറിന്റെ തീരപ്രദേശത്തുള്ള നമ്മുടെ പഞ്ചായത്തിന് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ ഒരു ടൂറിസ്റ്റ് കേന്ദ്രവും ആധുനികരീതിലുള്ള ഒരു പാർക്കും സ്ഥാപിക്കണം.

# അധികാരം ജനങ്ങളിലേക്കു്

★

9-ാം പദ്ധതി ജനകീയ പദ്ധതി !

നാടിന്റെ വികസനം നമ്മുടെ ലക്ഷ്യം !!

വികസന പ്രക്രിയയിൽ സ്വയം പങ്കാളികളാകുക !!!

കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത്
ജനകീയ ആസൂത്രണ സമിതി

മൈത്രി ആലുവ-1 ഫോൺ-627930

1൦